# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 28 | Issue 2 | Fortnightly | September 15, 2016 | Page 24 | ₹ 10







- കേരളചരിത്രവും വർഷങ്ങളും
- ഇന്ത്യൻ നീതിന്യായ വ്യവസ്ഥ
- Practice Questions
- ഇന്ത്യൻ സംസ്ഥാനങ്ങൾ
- ജീവശാസ്ത്രം
- Test Your GK
- കേരളീയം
- ലോകരാജ്യങ്ങൾ
- Confusing Facts


## ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിന് ഗംഭീര വരവേൽപ്

**പിഎസ്‌സി ബുള്ളറ്റിൻ**

പി.എസ്.സി. ബുള്ളറ്റിനിന് പുതുതായി ഏർപ്പെടുത്തിയ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിന് ഉദ്യോഗാർത്ഥികളുടെ ഗംഭീര വരവേൽപ്. നിരവധി പേരാണ് പ്രൊഫൈലിലൂടെ നെറ്റ് ബാങ്കിങ്ങ് വഴി ബുള്ളറ്റിനിന്റെ വരിസംഖ്യ അടയ്ക്കുന്നത്. അപ്പോൾത്തന്നെ സബ്സ്ക്രൈബർ ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ തൊട്ടടുത്ത ലക്കം മുതൽ ബുള്ളറ്റിൻ തപാലിൽ ലഭിക്കും. ജില്ലാതല സോർട്ടിങ്ങ് നടത്തി പോസ്റ്റു ചെയ്യുന്നതിനാൽ കാലതാമസം കൂടാതെ ബുള്ളറ്റിൻ വരിക്കാർക്ക് കിട്ടുന്നുണ്ട്. ഇതോടൊപ്പം തന്നെ നിരവധി സ്ഥലങ്ങളിൽ പുതിയ ഏജൻസികളും അനുവദിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ബുള്ളറ്റിൻ ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, വായനശാലകൾ, യൂത്ത് ക്ലബുകൾ, ഉദ്യോഗാർത്ഥി കൂട്ടായ്മകൾ മുതലായവയ്ക്കും ജനപ്രതിനിധികൾക്കും പരിപൂർണ പിന്തുണയും സഹകരണവും പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ നിന്ന് നൽകിവരുന്നുണ്ട്. ഏജൻസി സംബന്ധമായ വിവരങ്ങൾക്ക് 0471 2546270



# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി അധ്യക്ഷൻ**

**ശ്രീ. അശോകൻ ചരുവിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. കെ ഉഷ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീ. പി ശിവദാസൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീമതി. സിമി റോസ്ബെൽ ജോൺ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. ഇ രവീന്ദ്രനാഥൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. ആർ. മനോജ്കുമാർ പിള്ള**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി.ആർ.യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**വാർഷിക വരിസംഖ്യ – ₹ 200**

മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി.ഒ., തിരുവനന്തപുരം – 695004**

- ➡ വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.
- ➡ ജില്ലാ തല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- ➡ കാലാവധി തീരാറാകുന്ന വരിക്കാർക്ക് അതു സംബന്ധമായ അറിയിപ്പ് ആറു ലക്കം മുമ്പ് മുതൽ റാപ്പറിലെ വിലാസത്തിൽ ഉൾപ്പെടുത്തുന്നുണ്ട്.
- ➡ വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401
(പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### കോൾ സെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538
(പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# വിരമിക്കുന്ന പി.എസ്.സി. അംഗങ്ങൾക്ക് യാത്രയയപ്പ് നൽകി

കാലാവധി പൂർത്തിയാകുന്നതിനെത്തുടർന്ന് വിരമിക്കുന്ന പി.എസ്.സി. അംഗങ്ങളായ കെ.കെ.രമണി, യു. സുരേഷ്കുമാർ, എ.വി.വല്ലഭൻ എന്നിവർക്ക് സെപ്തംബർ അഞ്ചിന് പി.എസ്.സി. ആസ്ഥാനത്തെ പരീക്ഷാ ഹാളിൽവച്ച് ഔദ്യോഗിക യാത്രയയപ്പ് നൽകി. ചെയർമാൻ ഡോ. കെ.എസ്.രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ പി.എസ്.സി. അംഗം പ്രൊഫ. (ഡോ.) എൻ.സെൽവരാജ്, പരീക്ഷാ കൺട്രോളർ എൻ.നാരായണ ശർമ്മ എന്നിവർ പ്രസംഗിച്ചു. പി.എസ്.സി. സെക്രട്ടറി സാജു ജോർജ്ജ് സ്വാഗതവും എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജോയിന്റ് സെക്രട്ടറി എൻ സന്ദീപ് നന്ദിയും പറഞ്ഞു. കമ്മിഷനംഗങ്ങളും ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.

## കെ.കെ.രമണി



കേരള പബ്ലിക് സർവ്വീസ് കമ്മിഷനിൽ സെക്ഷൻ ഓഫീസറായി 1978 ൽ ജോലിയിൽ പ്രവേശിച്ചു. 1982 ൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ അണ്ടർ സെക്രട്ടറിയായി നിയമിതയായി. പിന്നീട് ആഭ്യന്തര വകുപ്പിൽ അഡീഷണൽ സെക്രട്ടറി വരെയായി. കേരള അബ്കാരി വെൽഫയർ ബോർഡ്, അഗ്രിക്കൾച്ചറൽ വെൽഫയർ ബോർഡ്, ഹാൻഡ്ലൂം വർക്കേഴ്സ് വെൽഫയർ ബോർഡ് തുടങ്ങിയ ക്ഷേമനിധി ബോർഡുകളുടെ ചെയർപേഴ്സൺ ആയിരുന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ സെക്രട്ടറിയായും വനിതാ കമ്മിഷൻ അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## യു.സുരേഷ്കുമാർ



സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഉദ്യോഗസ്ഥനായി 1981 ൽ സർവ്വീസിൽ പ്രവേശിച്ചു. എസ്.ബി.ടി. മാനേജരായിരിക്കെ സ്വയം വിരമിച്ച് ജനയുഗം പത്രത്തിന്റെ ജനറൽ മാനേജരായി. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതാറുണ്ട്. അന്ത്യനാളുകളിലെ ജീവിത തുടിപ്പുകൾ, സ്നേഹാദരങ്ങളോടെ സ്വന്തം, ബാങ്കിങ്ങ് കുട്ടികൾക്ക് എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. വിവിധ സാംസ്കാരിക സംഘടനകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ഓൾ കേരള ബ്ലഡ് ഡോണേഴ്സ് സൊസൈറ്റിയുടെ സെക്രട്ടറിയായിരുന്നു.

## എ.വി.വല്ലഭൻ



തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ സ്വദേശിയാണ്. ചൂണ്ടൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റായും, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

## ഒ.എം.ആർ. പരീക്ഷ: പുതിയ തീയതി

കാറ്റഗറി നമ്പർ 539/2014 പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് തസ്തികയിലേക്ക് 2016 സെപ്തംബർ 29 ന് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ഒ.എം.ആർ. പരീക്ഷ പുതുക്കിയ തീയതി പ്രകാരം സെപ്തംബർ 27 ലേക്ക് മാറ്റിയിരിക്കുന്നു. സമയക്രമത്തിൽ മാറ്റമില്ല.

## ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ

01–01–2012 മുതൽ പ്രാബല്യത്തിലുള്ള വൺ–ടൈം രജിസ്ട്രേഷൻ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി നടത്തിയശേഷമാണ് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികൾക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ പരീക്ഷാർത്ഥികൾ താഴെപറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും പതിച്ചിരിക്കണം.
2. 01–08–2014 മുതൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് ഒരു വർഷത്തിനകം എടുത്ത ഫോട്ടോ ആയിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയ്ക്ക് പത്ത് വർഷത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും.
3. പരീക്ഷാർത്ഥിയുടെ മുഖവും തോളുകളുടെ മുകൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള പാസ്പോർട്ട് സൈസിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് ഫോട്ടോയായിരിക്കണം.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോയായിരിക്കണം.
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
7. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ 200 പിക്സെൽ hx 150 പിക്സെൽ w ഉള്ളതും JPG ഫോർമാറ്റിലുള്ളതും 30 KB ഫയൽ സൈസിൽ അധികരിക്കാത്തതുമായിരിക്കണം.
8. സൺഗ്ലാസ്, തൊപ്പി എന്നിവ ധരിച്ച് എടുത്തതും മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധമുള്ളതും മുഖം വ്യക്തമല്ലാത്തതുമായ ഫോട്ടോകൾ സ്വീകാര്യമല്ല.
9. മതാചാരത്തിന്റെ ഭാഗമായി തൊപ്പി/ശിരോവസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ മറ്റ് നിർദ്ദേശങ്ങളനുസരിച്ചാണെങ്കിൽ സ്വീകാര്യമാണ്.

# വൺ ടൈം വെരിഫിക്കേഷനും ഉദ്യോഗാർഥികൾ ശ്രദ്ധിക്കേണ്ട ചില പ്രധാന കാര്യങ്ങളും–2

**ബിഎസ്പി**

✓ കേരള സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം ഓഫീസ് മേലധികാരിയെ അറിയിച്ച് പ്രസ്തുത അപേക്ഷ പി.എസ്.സി നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്കുമുമ്പായി ലഭിച്ചിട്ടുണ്ട് എന്നു കാണിക്കുന്ന നിശ്ചിത മാതൃകയിലുള്ള രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്. (അപേക്ഷാ സമർപ്പണം സംബന്ധമായ റെസീപ്റ്റ്). ഇതിൽ ഓഫീസ് തലവന്റെ പേര്, ഉദ്യോഗപ്പേര്, ഓഫീസ് സീൽ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

RECEIPT

(To be obtained from the Head of Office)

Certified that a copy of application/print out page of the online application for selection to the post of .................... on Rs. ........... in the ....... (here enter the name of Department/Corporation/Company/Local Authority/Co-operative Institution) notified in the gazette dated .............................. has been received in this office on ................ ie, on or before the last date fixed for the receipt of application for the post from Sri/Smt. ...................... (here enter the name and designation of the applicant) and that objections if any to the entertainment of the application will be communicated to the Head Office/Regional Office/District Office of the KPSC within one month from the last date fixed for receipt of application.

Place:

Date: Signature,

Name and Designation of the Head of Office.

(Seal of Office)

ജനറൽ ഡോക്യുമെന്റ്സ് എന്ന ലിങ്കിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയശേഷം ഇമേജ് അപ്‌ലോഡ് ചെയ്ത് കമ്മിഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതാണ്. ഇപ്രകാരം രസീത് സമർപ്പിക്കാൻ സാധിക്കാതെ പോയ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിക്കുമുമ്പ് രസീതിന് അപേക്ഷിച്ചിട്ടുണ്ട് എന്ന് കാണിച്ച് നിശ്ചിത മാതൃകയിൽ ഓഫീസ് മേലധികാരിയിൽ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങി നിർദ്ദേശിക്കുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഒറിജിനൽ ഹാജരാക്കേണ്ടതാണ്. (അപേക്ഷാ സമർപ്പണം സംബന്ധമായ സർട്ടിഫിക്കറ്റ്)

CERTIFICATE

(To be obtained from the Head of Office, In lieu of the Receipt)

Certified that a copy of request for receipt, in the form given in the General Conditions of the Gazette notification inviting application for the post, dated ............... has been received in this office on ............ie, on or before the last date fixed for receipt of application for the post, from Sri/Smt. ......................................... (here enter the name and designation of the applicant) applying for selection to the post of ............... on Rs. ...................... in the ......................................... Dept/Corporation/Company/Local Authority/Co-operative Institution notified in the gazette dated ..........................

Place: Signature,

Date: Name and Designation of the Head of Office.

(Seal of Office)

✓ കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥർ പി.എസ്.സി. വഴി അപേക്ഷിക്കുന്നതിന് മേലധികാരിയിൽ നിന്ന് മേൽപ്പരാമർശിച്ച മാതൃകയിലുള്ള രസീത് അല്ലെങ്കിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻ.ഒ.സി) വാങ്ങിയിരിക്കേണ്ടതും നിർദ്ദേശിക്കുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്.

✓ സർക്കാർ വകുപ്പുകളിൽ താൽക്കാലിക ജോലിയുള്ളവരും പൊതുമേഖലാ സ്ഥാപനങ്ങൾ/സർവകലാശാലകൾ/എയ്ഡഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരും അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഡിക്ലറേഷനിലെ സർക്കാർ ജോലിയുണ്ടോ എന്ന കോളത്തിൽ യെസ് എന്ന് രേഖപ്പെടുത്തേണ്ടതില്ല.

✓ സർവീസ് സർട്ടിഫിക്കറ്റ് ആവശ്യമായ സന്ദർഭങ്ങളിൽ അത് അപ്‌ലോഡ് ചെയ്യേണ്ടത് എംപ്ലോയ്മെന്റ് ഡീറ്റയിൽസ് എന്ന ലിങ്കിലാണ്.

✓ സഹകരണ സ്ഥാപനങ്ങളിലെ സൊസൈറ്റി വിഭാഗത്തിൽ അപേക്ഷിക്കുന്നവർ അപേക്ഷാ സമർപ്പണം സംബന്ധിച്ച റെസിപ്റ്റ് ഹാജരാക്കേണ്ടതില്ല. എന്നാൽ, സർവീസ് സർട്ടിഫിക്കറ്റ് സംബന്ധമായ വിവരങ്ങൾ എംപ്ലോയ്മെൻറ് ഡീറ്റയിൽസിൽ രേഖപ്പെടുത്തുകയും ഇമേജ് അപ്‌ലോഡ് ചെയ്യുകയും ചെയ്തശേഷം നിർദ്ദേശിക്കുന്ന സമയത്ത് വെരിഫിക്കേഷന് ഹാജരാകേണ്ടതാണ്. പ്രസ്തുത സെലക്ഷന് അതത് മെംബർ സൊസൈറ്റി ജീവനക്കാർമാത്രം ഹാജരായാൽ മതി. പ്രൈമറി സൊസൈറ്റിയിലുള്ളവർ വരേണ്ടതില്ല.

✓ പരിചയ സർട്ടിഫിക്കറ്റ് സർക്കാർ വകുപ്പുകളിൽനിന്നുള്ളതോ കെ.എസ്.ആർ.ടി.സി., കെൽട്രോൺ മുതലായ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളതോ ആണെങ്കിൽ ഓഫീസ് തലവനിൽ നിന്ന് വാങ്ങിയാൽ മതിയാകും. പ്രവർത്തിപരിചയം രജിസ്റ്റർ ചെയ്ത സ്വകാര്യ സ്ഥാപനങ്ങളിലാണെങ്കിൽ നിർദ്ദിഷ്ട മാതൃകയിൽ സർട്ടിഫിക്കറ്റ്, ഓഫീസ് തലവൻ ഇഷ്യൂ ചെയ്തിരിക്കേണ്ടതും ചട്ടപ്രകാരം/നിയമപ്രകാരം പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അത് സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്.

✓ പരിചയത്തിന്റെ കാലാവധി ഏത് തീയതിമുതൽ ഏത് തീയതിവരെ ആണെന്നുള്ളത് സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്.

✓ ഭിന്നശേഷിയുള്ള ഉദ്യോഗാർഥികൾ അവരുടെ ഭിന്നശേഷി തെളിയിക്കുന്ന നിർദിഷ്ട മാതൃകയിലുള്ള ഡിസബലിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട മെഡിക്കൽ അതോരിറ്റിയിൽനിന്ന് വാങ്ങി വെയ്റ്റേജ് ലിങ്കിൽ അപ്‌ലോഡ് ചെയ്യേണ്ടതും വെരിഫിക്കേഷൻ സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്.

✓ ഒരിക്കൽ വെരിഫിക്കേഷന് ഹാജരായി വൺ ടൈം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയവർ പിന്നീട് മറ്റേതെങ്കിലും യോഗ്യത ചേർക്കാൻ ഹാജരാകുമ്പോൾ നിലവിലുള്ള സർട്ടിഫിക്കറ്റ് സറണ്ടർ ചെയ്യേണ്ടതാണ്. അവർക്ക് അതേ പി.സി.എൻ. (പെർമനന്റ് കാൻഡിഡേറ്റ് നമ്പർ) ചേർത്ത് പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. എന്നാൽ, പുതുതായി നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/കമ്യൂണിറ്റി സർട്ടിഫിക്കറ്റ്, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ മാത്രമേ അപ്‌ലോഡ് ചെയ്തിട്ടുള്ളുവെങ്കിൽ ഉദ്യോഗാർഥികൾ കൈവശമുള്ള വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സറണ്ടർ ചെയ്യേണ്ടതില്ല.

**പി.സി.എൻ. ലഭിച്ച ഉദ്യോഗാർത്ഥികൾ ഒ.ടി.ആർ. പരിശോധനയ്ക്ക് വീണ്ടും വരേണ്ടതില്ല**

ഒറ്റത്തവണ സൂക്ഷ്മപരിശോധനാ നടപടിക്രമം അനുസരിച്ച് സൂക്ഷ്മപരിശോധന നടത്തി പി.സി.എൻ. ലഭിക്കുകയും ടി തസ്തികയുടെ യോഗ്യതകളും അനുബന്ധ വിവരങ്ങളും അതോടൊപ്പം സൂക്ഷ്മപരിശോധന നടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ഉദ്യോഗാർത്ഥികൾ വീണ്ടും ഒറ്റത്തവണ സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകേണ്ടതില്ല. പകരം ടി തസ്തികയ്ക്ക് വേണ്ട യോഗ്യതകളും അനുബന്ധ വിവരങ്ങളും സൂക്ഷ്മപരിശോധന നടത്തി ഇതിനോടകം പി.സി.എൻ. ലഭിച്ചിട്ടുണ്ട് എന്ന് സത്യവാങ്മൂലം പ്രൊഫൈലിൽ ചേർത്താൽ മതിയാകുന്നതാണ്. നോൺ ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, സർവ്വീസ് സർട്ടിഫിക്കറ്റ്, അപേക്ഷാ സമർപ്പണം സംബന്ധമായ റെസീപ്റ്റ്/അപേക്ഷാ സമർപ്പണം സംബന്ധമായ സർട്ടിഫിക്കറ്റ്, ടി തസ്തികയുടെ യോഗ്യതയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രമാണങ്ങൾ തുടങ്ങിയവ വെരിഫൈ ചെയ്യേണ്ടതുണ്ടെങ്കിൽ ഈ വ്യവസ്ഥ ബാധകമല്ല.

## ഗസറ്റ് വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതയുടെ ഉയർന്ന/തത്തുല്യ യോഗ്യതയുള്ളവർ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം

ഒറ്റത്തവണ രജിസ്ട്രേഷനിലൂടെ തസ്തികകളുടെ അപേക്ഷകൾ സ്വീകരിക്കുന്നതിനായി പ്രസ്തുത തസ്തികകളുടെ സ്പെഷ്യൽ റൂൾ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ ineligible button ആയിരിക്കും ദൃശ്യമാവുക. പ്രസ്തുത ഉദ്യോഗാർത്ഥികൾ ineligible ബട്ടണിന് താഴെയുള്ള why I am ineligible എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യണം. അപ്പോൾ ദൃശ്യമാകുന്ന Have Equivalent or higher button ക്ലിക്ക് ചെയ്യുമ്പോൾ ഉദ്യോഗാർത്ഥി പ്രൊഫൈലിൽ രേഖപ്പെടുത്തിയ യോഗ്യത ഒരു വശത്തും വിജ്ഞാപനത്തിലെ യോഗ്യത മറുവശത്തും ലഭ്യമാകും. ഉദ്യോഗാർത്ഥി അയാളുടെ യോഗ്യതകളിൽ നിന്നും ബന്ധപ്പെട്ട യോഗ്യതയ്ക്ക് തത്തുല്യ യോഗ്യത തെരഞ്ഞെടുത്ത് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഉദ്യോഗാർത്ഥി പ്രമാണ പരിശോധനാവേളയിൽ തുല്യത തെളിയിക്കേണ്ടതാണ്.

# അറിയാൻ...ഓർത്തിരിക്കാൻ....

**കുടിശ്ശിക ഊഴങ്ങൾ (Pending Uncompensated Turns) എന്നാലെന്താണ്?**

നിയമന ശിപാർശയ്ക്കുള്ള ഊഴങ്ങൾ നിശ്ചയിക്കുന്ന റൊട്ടേഷൻ ഒരു തുടർ പ്രക്രിയയാണ്. അതായത് ഓരോ തസ്തികയ്ക്കും പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ കഴിഞ്ഞ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിച്ച ഘട്ടത്തിൽ റൊട്ടേഷൻ എവിടെ അവസാനിച്ചുവോ അതിന്റെ തുടർച്ചയായിട്ടാണ് പുതിയ റാങ്ക് ലിസ്റ്റിൽ നിന്ന് റൊട്ടേഷൻ ആരംഭിക്കുന്നത്. മുൻകാലത്ത് വന്നു കൂടിയ കുടിശ്ശിക ഊഴങ്ങൾ (Pending Uncompensated) പുതിയ റാങ്ക് ലിസ്റ്റിന്റെ റൊട്ടേഷനിൽ വീട്ടാനുള്ളതാണ്. NJD, TPO, NCA എന്നിവയാണ് കുടിശ്ശിക ഊഴങ്ങൾ.

**NJD Vacancy, TPO, NCA Turn ഇവ തമ്മിലുള്ള വ്യത്യാസം എന്താണ്?**

നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കാത്തതുമൂലമുണ്ടാകുന്ന ഒഴിവാണ് Not Joined Duty Vacancy (NJD). ജോലിയിൽ പ്രവേശിക്കാത്തയാളെ നിയമന ശിപാർശ ചെയ്ത അതേ ഊഴത്തിൽ തന്നെ പകരക്കാരനെ NJD ഒഴിവിൽ നിയമന ശിപാർശ ചെയ്യുന്നതാണ്. കുടിശ്ശിക ഊഴങ്ങളിൽ മുൻഗണന നൽകപ്പെടുന്നതും NJD ടേണിനാണ്.

ഒരു സെലക്ഷൻ വർഷത്തിൽ നികത്തപ്പെടുന്ന ആകെ ഒഴിവുകളിൽ സംവരണം 50% ത്തിലധികമാകരുതെന്ന് KS & SSR N«w 15 (d) വ്യവസ്ഥയുള്ളതിനാൽ ചില അവസരങ്ങളിൽ സംവരണ ഊഴങ്ങൾ താൽക്കാലികമായി മാറ്റി വെയ്ക്കാറുണ്ട്. ഇതിനെയാണ് Temporary Pass Over (TPO) എന്നുപറയുന്നത്. 50% വ്യവസ്ഥ പാലിച്ചുകൊണ്ട് സംവരണ ഊഴം നികത്താൻ കിട്ടുന്ന ഏറ്റവും അടുത്ത അവസരത്തിൽ തന്നെ ഇങ്ങനെ മാറ്റി വെയ്ക്കപ്പെട്ട സംവരണ ഊഴങ്ങൾ നികത്തപ്പെടുന്നതാണ്.

സംവരണ ഊഴം നികത്തപ്പെടേണ്ട സമയത്ത് ആ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി റാങ്ക് ലിസ്റ്റിൽ ഇല്ലാതെ വന്നാൽ റൊട്ടേഷൻ ചാർട്ടിലെ തൊട്ടടുത്ത സംവരണ വിഭാഗത്തിന് ആ ഊഴം കടമായി കൈമാറുന്ന രീതി മുമ്പുണ്ടായിരുന്നു. ഈ അധിക നേട്ടം കൈവരിച്ച വിഭാഗം ഏറ്റവും അടുത്ത അവസരത്തിൽ (പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ) നഷ്ടപ്പെട്ട വിഭാഗത്തിന് തിരികെ നൽകണമെന്ന വ്യവസ്ഥയിലാണ് ഈ കടം കൊടുക്കൽ. ഇതിനെയാണ് NCA (No Candidate Available) എന്ന് പറയുന്നത്.

എന്നാൽ G.O.(P) 7/2006/P & ARD dtd 08-03-2006 ഉത്തരവ് പ്രകാരം KS & SSR ചട്ടം 15(a) ഭേദഗതി വരുത്തി സർക്കാർ ഈ സമ്പ്രദായം അവസാനിപ്പിച്ചു. അതനുസരിച്ച് ഒരു ഒഴിവിലേക്ക് ഒരു സംവരണ ഊഴം നികത്തേണ്ട സമയത്ത് വിഭാഗത്തിലെ ഉദ്യോഗാർത്ഥി റാങ്ക് ലിസ്റ്റിൽ ഇല്ലാതെ വന്നാൽ ആ ഒഴിവ് (ഫ്രഷ് ഒഴിവാണെങ്കിൽ 50% വ്യവസ്ഥയനുസരിച്ച് OC:BC കണക്കിൽ ഉൾപ്പെടുത്തുകയും നികത്തിയതായി കണക്കാക്കുന്നതും/NJD ഒഴിവാണെങ്കിൽ ഒഴിവ് നികത്തിയതായി കണക്കാക്കുന്നതും എന്നാൽ) ആ വിഭാഗക്കാർക്ക് മാത്രമായി പ്രത്യേതക വിജ്ഞാപനം (NCA വിജ്ഞാപനം) പുറപ്പെടുവിക്കുകയും ചെയ്യുക എന്നതാണ് നിലവിലെ രീതി. ചട്ടം 15 അനുസരിച്ച് പട്ടികജാതിക്കാരുടെ ഊഴങ്ങളിൽ അവരുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ടവരെയും തിരിച്ചും ശിപാർശ ചെയ്യന്നതാണ്. എന്നാൽ KS & SSR ചട്ടം 15 (b) അനുസരിച്ച് മുൻകാലങ്ങളിലുണ്ടായ NCA കുടിശ്ശികകൾ (Pending uncompensated NCA Turns) തിരികെ വീട്ടേണ്ടതാണ് എന്ന് ഭേദഗതിവരുത്തിയ ചട്ടം 15 (a) യുടെ കുറിപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**സെലക്ഷൻ ഇയർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?**

KS & SSR ചട്ടം 15(a) യുടെ സ്പഷ്ടീകരണം അനുസരിച്ച് ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി മുതൽ അത് റദ്ദാക്കുന്ന തീയതി വരെയുള്ള കാലയളവിനെ Selection year എന്ന് വിവക്ഷിക്കുന്നു.

**സാധാരണ ഗതിയിൽ ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്രയാണ്? എൻ.സിഎ. റാങ്ക് ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച വ്യവസ്ഥ എന്താണ്?**

ഒരു റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് 3 വർഷവും കാലാവധി ഉണ്ടായിരിക്കുന്നതാണ്. ചില സാഹചര്യങ്ങളിൽ സർക്കാരിന്റെ അഭ്യർത്ഥന പരിഗണിച്ച് കമ്മിഷൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാറുണ്ട്. അതനുസരിച്ച് റാങ്ക് ലിസ്റ്റിന്റെ കാലാവധി പരമാവധി 4½ വർഷം വരെ ദീർഘിപ്പിക്കുവാൻ കമ്മിഷന് അധികാരമുണ്ട്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ഒരു വർഷത്തിനു ശേഷം ഇതേ തസ്തികയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ പഴയ റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തിരഞ്ഞെടുക്കപ്പെടുന്നതുവരേയോ ഏതാണോ ആദ്യം അതുവരെ ഉണ്ടായിരക്കുന്നതാണ്.

**എൻ.സി.എ. റാങ്ക് ലിസ്റ്റിന്റെ കാലാവധി:** ഒരു റാങ്ക് ലിസ്റ്റിൽ സംവരണ ടേൺ നികത്തുവാൻ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതുമൂലം പുറപ്പെടുവിച്ച എൻ.സി.എ. വിജ്ഞാപനമനുസരിച്ചുള്ള റാങ്ക് ലിസ്റ്റ്, മാതൃ റാങ്ക് ലിസ്റ്റിൽ നിന്ന് ഉത്ഭവിച്ച എല്ലാ എൻ.സി.എ. ഒഴിവുകളും ശിപാർശ ചെയ്ത് നികത്തപ്പെടുന്നതുവരെ (advised and appointed) നിലവിലിരിക്കുന്നതാണ്.

**Thrown out candidates ന് പുനർ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണ്?**

ഒന്നിലധികം വകുപ്പുകളിലെ പൊതു തസ്തികകളിലേയ്ക്ക് പ്രസിദ്ധപ്പെടുത്തുന്ന റാങ്ക് ലിസ്റ്റിൽ നിന്നും (Ranked list for common posts) ഒരു ഒഴിവിലേയ്ക്ക് ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുകയും എന്നാൽ, ആ ഒഴിവ് നിലവിൽ ഇല്ലാതാവുകയോ കാലാവധി കഴിയുകയോ ചെയ്താൽ ടി ഉദ്യോഗാർത്ഥി Thrown out ആകുന്നു. ടി ഉദ്യോഗാർത്ഥി വകുപ്പിൽ നിന്നും നിർദ്ദിഷ്ട ഫാറത്തിലുള്ള വിടുതൽ സർട്ടിഫിക്കറ്റുമായി നിയമന ശിപാർശ ചെയ്ത കമ്മിഷന്റെ ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്ന ദിവസം ടിയാനെ Register of Thrown out candidates ദിവസം അല്ലെങ്കിൽ അതിനു ശേഷം ലഭ്യമാകുന്ന ആദ്യത്തെ ഒഴിവുകൾ (Fresh/NJD) ടി ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്യുന്നതാണ്.

കുടിശ്ശിക ഊഴങ്ങളിൽ ഏറ്റവും മുൻഗണന നൽകപ്പെടുന്നതും NJD ക്കാണെങ്കിലും Register ചെയ്ത Thrown out candidates ൽ ഉൾപ്പെടുത്തുന്നതാണ്. Thrown out ഉദ്യോഗാർത്ഥി റീ രജിസ്ട്രേഷൻ നടത്തിയ ലഭ്യമാണെങ്കിൽ മുൻഗണന Re-register ചെയ്ത ഉദ്യോഗാർത്ഥിക്കാണ്. ഒന്നിലധികം thrown out ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിൽ ടി ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ നൽകിയ സീനിയോറിട്ടി അനുസരിച്ചാണ് പുനർനിയമനം നൽകുന്നത് (KS & SSR Rule 7 (b)). Re-register ചെയ്ത ഒരു ഉദ്യോഗാർത്ഥിക്ക് വീണ്ടും നിയമനം നൽകുമ്പോൾ ജോലിയിൽ പ്രവേശിക്കാതെ NJD ആയാൽ ടി ഒഴിവ് ഫ്രെഷ് ഒഴിവായി പരിണിക്കേണ്ടതാണ്.

നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥിക്ക് വകുപ്പിൽ ഒഴിവില്ലാത്തതിനാൽ നിയമന ഉത്തരവ് നൽകാതെ വരുന്ന അവസരത്തിൽ (കമ്മിഷന്റെ ഉത്തരവ് നേടി) ടി ഉദ്യോഗാർത്ഥിയെ Deemed Thrown out ആയി പരിഗണിച്ച് Thrown out രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും Re-registration നടത്തിയ ദിവസത്തെയോ അതിനുശേഷം ലഭ്യമാകുന്ന ആദ്യത്തെ ഒഴിവിലോ നിയമന ശിപാർശ ചെയ്യുന്നതാണ്. എന്നാൽ, Deemed Thrown out ആയി Re-register രജിസ്റ്റർ ചെയ്ത ഒരു ഉദ്യോഗാർത്ഥി പുനർനിയമന ഉത്തരവനുസരിച്ച് ജോലിയിൽ പ്രവേശിക്കാതെ എൻ.ജെ.ഡി. ആയാൽ ടി ഒഴിവ് എൻ.ജെ.ഡി. ഒഴിവായി പരിഗണിക്കും. ഈ രണ്ട്അവസരങ്ങളിലും ടി ഉദ്യോഗാർത്ഥികളെ നേരത്തെ ശിപാർശ ചെയ്ത തീയതി മുതലുള്ള സീനിയോറിട്ടി ബാധകമാണെങ്കിൽ EEA (Earliest Effective Advice) നൽകുന്നതാണ്.

റീ രജിസ്റ്റർ ചെയ്ത് (Thrown out candidate) ഉദ്യോഗാർത്ഥിയെ ഒരു എൻ.ജെ.ഡി. ഒഴിവിലേക്കാണു പുനർ നിയമനം നൽകുന്നതെങ്കിൽ ടി എൻ.ജെ.ഡി. ഊഴം പിന്നീട് നിയമാനുസൃതം നികത്തേണ്ടതാണ്. എൻ.ജെ.ഡി. ഊഴങ്ങൾ മുഴുവൻ നികത്തി കഴിഞ്ഞ ശേഷം മാത്രമാണ് റഗുലർ റൊട്ടേഷൻ ആരംഭിക്കുന്നത്.

Thrown out ആയ ഉദ്യോഗാർത്ഥിക്ക് അതേ വകുപ്പിൽ തുടരുന്നതിന് ആഗ്രഹമുള്ള പക്ഷം റീ രജിസ്റ്റർ ചെയ്യാതെ അതേ വകുപ്പിൽ അതേ തസ്തികയിൽ ഉണ്ടാകുന്ന ആദ്യത്തെ ഒഴിവിൽ നിയമിക്കപ്പെടുന്നതിനു അർഹതയുണ്ട്.

Thrown out ആയ ഉദ്യോഗാർത്ഥിക്ക് താഴെയുള്ള ഉദ്യോഗാർത്ഥിയെ ശിപാർശ ചെയ്തിട്ടില്ലെങ്കിൽ ടി ഉദ്യോഗാർത്ഥിയെ റാങ്ക് ലിസ്റ്റിൽ യഥാസ്ഥാനത്ത് തിരികെ ചേർക്കേണ്ടതാണ്. (Restore in the Ranked List)

**റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടയാൾ തന്റെ പേര് ലിസ്റ്റിൽ നിന്ന് നീക്ക ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിൽ അതു സംബന്ധമായ നടപടിക്രമം എന്താണ്?**

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിക്ക് തന്റെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് കമ്മിഷനോട് ആവശ്യപ്പെടാവുന്നതാണ്. അതിലേക്കായി ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും ഒപ്പും രേഖപ്പെടുത്തി അപേക്ഷ സമർപ്പിക്കണം. ടി അപേക്ഷയിലെ ഒപ്പ് കേന്ദ്ര/സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും വേണം. ഗസറ്റഡ് ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും, ഓഫീസ് സീലും നിർബന്ധമായി അപേക്ഷയിൽ ഉണ്ടായിരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം സാധുവായ അപേക്ഷ പരിഗണിച്ച് റാങ്ക് ലിസ്റ്റിൽ നിന്ന് ഉദ്യോഗാർത്ഥിയുടെ പേര് നീക്കം ചെയ്യപ്പെടുന്ന പ്രകിയയെ Relinquishment എന്നു പറയുന്നു. ഒരു ഉദ്യോഗാർത്ഥിയെ റൊട്ടേഷനിൽ ഉൾപ്പെടുന്നതിനുള്ള ഒഴിവ് റിപ്പോർട്ട് ചെയ്തുകൊണ്ടുള്ള അർത്ഥനാ പത്രം ഓഫീസിൽ ലഭിക്കുന്ന തീയതിയിലോ, അതിനു മുമ്പോ വേണം പേര് നീക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അതിനു ശേഷം ലഭിക്കുന്ന അപേക്ഷ പരിഗണിക്കുന്നതല്ല. റാങ്ക് ലിസ്റ്റിൽ നിന്നും പേര് നീക്കം ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥിയെ രജിസ്ട്രേഡ് തപാലിലൂടെ വിവരം അറിയിക്കുന്നതാണ്.

എന്നാൽ ഒരു പുതിയ റാങ്ക് ലിസ്റ്റിൽ നിന്ന് റൊട്ടേഷൻ തയ്യാറാക്കുമ്പോൾ റാങ്ക് ലിസ്റ്റിൽ നിലവിൽ വരുന്ന തീയതിയിലോ, അതിനു മുൻപോ അറിയിക്കുന്ന ഒഴിവുകളിലെ റൊട്ടേഷനിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പേര് നീക്കുന്നതിലേക്കായി റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് മുതൽ 15 ദിവസത്തിനകം Relinquishment നുള്ള അപേക്ഷ സമർപ്പിച്ചാൽ ടി അപേക്ഷകൾ പരിഗണിച്ച് റാങ്ക് ലിസ്റ്റിൽ നിന്നു പേര് നീക്കം ചെയ്യുന്നതാണ്. ആയതിനാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് 15 ദിവസത്തിനു ശേഷം മാത്രമേ റൊട്ടേഷൻ എഴുതി തുടങ്ങുകയുള്ളൂ.

**ആസ്ഥാന ഒഴിവ് (Headquarters Vacancy) എന്നാൽ എന്ത്?**

കേരളസർക്കാരിന്റെ വിവിധ ഭരണ വകുപ്പുകളുടെ ആസ്ഥാന ഓഫീസുകളിൽ ജില്ലാതല തിരഞ്ഞെടുപ്പ് നടത്തുന്ന തസ്തികകളിലെ ഒഴിവുകളെയാണ് ആസ്ഥാന ഒഴിവുകളായി കണക്കാക്കുന്നത്. ആസ്ഥാന ഒഴിവുകൾ നിയമനാധികാരി പി.എസ്.സി. സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ആസ്ഥാന ഒഴിവുകൾ തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ റോട്ടേഷൻ അടിസ്ഥാനത്തിൽ 14 ജില്ലകൾക്കുമായി വീതം വച്ച് നൽകുന്നതാണ്. അഡ്വക്കേറ്റ് ജനറൽ ഓഫീസ്–എറണാകുളം, ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റ്–ആലപ്പുഴ, കിർത്താഡ്സ്–കോഴിക്കോട് തുടങ്ങി തിരുവനന്തപുരത്തിന് പുറത്ത് ആസ്ഥാന ഓഫീസുകളുള്ള വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളും ആസ്ഥാന ഒഴിവുകളായി കണക്കാക്കുന്നതാണ്. ഒഴിവ് ആസ്ഥാന ഒഴിവാണോ ജില്ലാതല ഒഴിവാണോ എന്ന് ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന അർത്ഥനാത്രത്തിന്റെ 7 ാം കോളത്തിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ രേഖാമൂലം സംശയ നിവൃത്തി വരുത്തിയ ശേഷം മാത്രമേ ടി ഒഴിവിൽ ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്യാവൂ. ഏതെങ്കിലും നിയമനാധികാരി ആസ്ഥാന ഒഴിവ് തെറ്റായി ജില്ലാ ഓഫീസിലേയ്ക്കു നിയമന ശിപാർശയ്ക്കായി അയച്ചുതരുന്ന പക്ഷം അവ പി.എസ്.സി. സെക്രട്ടറിയ്ക്കു കൈമാറേണ്ടതാണ്. ആസ്ഥാന ഒഴിവിൽ ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥി അയാളെ ശിപാർശ ചെയ്ത ജില്ലയിലേയ്ക്കു സ്ഥലം മാറ്റമോ, അതേ ജില്ലയിലെ മറ്റേതെങ്കിലും വകുപ്പിലേയ്ക്കു സ്ഥലം മാറ്റമോ (Interdepartmental Transfer) മൂലമുണ്ടാകുന്ന ഒഴിവിനെ പ്രസ്തുത ഉദ്യോഗാർത്ഥി ശിപാർശ ചെയ്യപ്പെട്ട അതേ ജില്ലയിൽ നിന്നു തന്നെ നികത്തേണ്ടതാണ്. (Compensation). ടി ഒഴിവ് ആദ്യ നിയമനം ശിപാർശ ചെയ്ത ജില്ലയ്ക്കു തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ആസ്ഥാന ഒഴിവിൽ ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥിയെ ശിപാർശ ചെയ്ത ജില്ലയിലല്ലാതെ മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയാലോ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റൊരു ജോലിയ്ക്കു പോയാലോ, മറ്റൊരു ഉദ്യോഗം സ്വീകരിച്ചാലോ, ലാവണമുള്ള (Lien) ഉദ്യോഗത്തിലേയ്ക്ക് തിരിച്ചു പോയാലോ ഉണ്ടാകുന്ന ഒഴിവ് പുതിയ ആസ്ഥാന ഒഴിവായി പി.എസ്.സി. സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ആസ്ഥാന ഒഴിവുകൾ 14 ജില്ലകൾക്ക് അലോട്ട് ചെയ്യുന്ന ക്രമം ഇപ്രകാരമാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ്.

# സംശയങ്ങൾക്ക് മറുപടി

**താൽകാലിക ജീവനക്കാരായി സംസ്ഥാന ഗവൺമെന്റ് സർവീസിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവുണ്ടോ?**

1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് രണ്ടിലെ റൂൾ 9 (എ) അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽ താൽക്കാലികമായി (Provisional) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവ്വീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവ്വീസിലുള്ളപക്ഷം തങ്ങളുടെ താൽക്കാലിക സർവ്വീസിന്റെ ദൈർഘ്യത്തോളം പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. ഈ ആനുകൂല്യം വർക്ക് തസ്തികകളിലും (Work Establishment Posts) പാർട്ട്ടൈം തസ്തികകളിലും (Part-time Posts) താൽക്കാലികമായി സേവനം അനുഷ്ഠിച്ചിട്ടുവർക്കും ഇപ്പോൾ സേവനം അനുഷ്ഠിച്ച്കൊണ്ടിരിക്കുന്നവർക്കും ലഭിക്കുന്നതാണ്. ഒരിക്കൽ സ്ഥിരമായി അടിസ്ഥാനത്തിൽ (Regular Basis) നിയമനം ലഭിച്ചുകഴിഞ്ഞാൽ മേൽപ്പറഞ്ഞ ആനുകൂല്യം ലഭിക്കുന്നതല്ല. കേരളത്തിലെ സെൻസസ് ഡിപ്പാർട്ടുമെന്റിൽ 1971 ലോ 1981 ലോ 1991 ലോ താൽക്കാലികമായി നിയമനം ലഭിച്ച റിട്രെഞ്ചുമെന്റ് (Retrenchment)- മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്കും പ്രായപരിധിയിലുള്ള ഈ ആനുകൂല്യം ലഭിക്കുന്നതാണ്. അവർ തങ്ങളുടെ താൽക്കാലിക സർവ്വീസിന്റെ ദൈർഘ്യവും റിട്രെഞ്ചുമെന്റുമൂലം തൊഴിൽ തൊഴിൽ നഷ്ടപ്പെട്ടതാണെന്നുള്ള വസ്തുതയും കാണിക്കുന്ന സർട്ടിഫിക്കറ്റ് കേരളത്തിലെ സെൻസസ് ഓപ്പറേഷൻസ് ഡയറക്ടറിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. എന്നാൽ സെൻസസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് റിട്രെഞ്ചുമെന്റുമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് പരാമാവധി അഞ്ചുവർഷത്തിൽ കൂടുതൽ ഇളവ് ലഭിക്കുന്നതല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് ടി സ്ഥാപനങ്ങളിലേതിലെങ്കിലും കുറഞ്ഞത് ഒരു വർഷമെങ്കിലും താൽക്കാലികമായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ താൽക്കാലിക നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തവരാണെങ്കിൽ അവരുടെ താൽക്കാലിക സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേക്ക് മാത്രമേ ലഭിക്കുകയുള്ളു. പ്രസ്തുത സ്ഥാപനങ്ങളിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസിലുള്ളവർ കമ്മിഷൻ ആവശ്യപ്പെടുന്ന സമയത്ത് സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അവർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റഗുലർ സർവ്വീസിൽ ആദ്യ ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകൾക്കുള്ള വയസ്സിളവിനെ സംഭബന്ധിച്ച ടി ആനുകൂല്യം 28–11–1993 മുതൽ വിജ്ഞാപനം ചെയ്യപ്പെടുന്ന തസ്തികകൾക്കുമാത്രമേ ലഭിക്കുകയുള്ളു)

**ഭാരത് സേവക് സമാജിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ജീവനക്കാർക്ക് പി.എസ്.സി. നിയമനങ്ങളിൽ ഇളവുണ്ടോ?**

സംസ്ഥാന ഗവൺമെന്റിന്റെയോ കേന്ദ്ര ഗവൺമെന്റിന്റെയോ സാമ്പത്തിക സഹായത്തോടുകൂടി ഭാരത് സേവക് സമാജ് ഏറ്റെടുത്ത് നടത്തിയിരുന്ന ഏതെങ്കിലും പദ്ധതികളുടെ (Schemes) നിർവ്വഹണത്തിനുവേണ്ടി ഭാരത് സേവക് സമാജ് നിയമിച്ചിരുന്ന മുൻ ജീവനക്കാർക്ക് നിയമനത്തിന് നിശ്ചയിട്ടുള്ള മറ്റ് യേഗ്യതകളെല്ലാം ഉള്ള പക്ഷം ഉയർന്ന പ്രായപരിധിയിൽ താഴെ സൂചിപ്പിച്ചിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഭാരത് സേവക് സമാജിന്റെ കീഴിൽ അവരുടെ മേൽപ്പറഞ്ഞ സേവനത്തിന് തുല്യമായ കാലത്തോളം ഇളവ് നൽകപ്പെടുന്നതാണ്.

(1) നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതി 40 വയസ് കഴിഞ്ഞിട്ടുള്ളവർക്ക് ഈ അനുകൂല്യം ലഭിക്കുന്നതല്ല.

(2) ഈ ആനുകൂല്യം പ്രയോജനപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ഭാരത് സേവക് സമാജിന്റെ കീഴിൽ മേൽപ്പറഞ്ഞ ഏതെങ്കിലും പദ്ധതികളുടെ നിർവ്വഹണത്തിനായി നിയമിക്കപ്പെട്ട ജോലി ചെയ്തിരുന്നവരായിരുന്നു എന്ന് കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ഭാരത് സേവക് സമാജിന്റെ പ്രദേശ് ചെയർമാനിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**ഭിന്നശേഷിയുള്ളവരും പി.എസ്.സി. നിയമനവും**

വികലാംഗർക്ക് (അതായത് അന്ധർ, ബധിരരും മൂകരും, ശാരീരികമായി മറ്റ് വൈകല്യം ഉള്ളവർ) പ്രായപരിധി ഒഴിച്ച് മറ്റെല്ലാ നിശ്ചിത യോഗ്യതകളും ഉണ്ടെങ്കിൽ അപേക്ഷിക്കാവുന്നതാണ്. അങ്ങനെയുള്ള ഓരോ അപേക്ഷയും യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കപ്പെടുന്നതാണ്. അപേക്ഷിച്ചിട്ടുള്ള ജോലി തൃപ്തികരമായി നിർവ്വഹിക്കുവാൻ കഴിവുണ്ടെന്ന് കാണുന്നപക്ഷം അവർക്ക് നിർദ്ദിഷ്ട പരമാവധി പ്രായപരിധി ഉയർത്തിക്കൊടുക്കുന്നതാണ്. പ്രായപരിധിയിലുള്ള ഈ ഇളവ് അന്ധർ, ബധിരർ, മൂകർ എന്നിവർക്ക് പതിനഞ്ച് വർഷത്തോളവും (15 Years) മറ്റ് അംഗവൈകല്യം സംഭവിച്ചവർക്ക് പത്തുവർഷത്തോളവും (10 Years) അനുവദിക്കുന്നതാണ്. ഇങ്ങനെയുള്ളവർ 30–06–2012 ലെ ജി.ഒ.(പി) നമ്പർ 39/2012/എസ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത അധികാരികളിൽ നിന്നും നിർദ്ദിഷ്ട മാതൃകയിൽ അനുവദിക്കുന്നതും താഴെപ്പറയുന്ന ഏതെങ്കിലും വിഭാഗത്തിലോ ഒന്നിലധികം വിഭാഗങ്ങളിലോ പെടുന്ന അംഗവൈകല്യം ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നതാമായ സർട്ടിഫിക്കറ്റ് കമ്മിഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

വികലാംഗർ എന്നാൽ നാൽപ്പത് ശതമാനത്തിൽ കുറയാതെ വൈകല്യമുള്ളവരും 1995 ലെ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് (ഈക്വൽ ഓപ്പർച്ച്യുണിറ്റീസ് പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ആന്റ് ഫുൾ പാർട്ടിസിപ്പേഷൻ) നിയമനത്തിൽ വ്യവസ്ഥകൾക്കനുസൃതമായ താഴെപറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുമാണ്.

**(സർട്ടിഫിക്കറ്റുകളുടെ മാതൃക പി.എസ്.സി. വെബ്സൈറ്റിൽ ഹോം–ആപ്പിക്കേഷൻസ്–സർട്ടിഫിക്കറ്റ് ഫോർമാറ്റ്സ് എന്ന ലിങ്കിൽ ലഭ്യമാണ്.)**

## വിമുക്ത ഭടന്മാർക്ക് പി.എസ്.സി. നിയമനങ്ങളിൽ പ്രായപരിധിയിൽ ഇളവുണ്ടോ?

വിമുക്ത ഭടൻമാരെ സംബന്ധിച്ചിടത്തോളം ഓരോ ഉദ്യോഗത്തിനും നിശ്ചയിച്ചിട്ടുള്ള പരമാവധി പ്രായപരിധിയിൽ അവരുടെ പ്രതിരോധസേനയിലുള്ള സേവനത്തിന് തുല്യമായ കാലത്തോളവും പ്രതിരോധ സേനയിൽനിന്ന് പിരിഞ്ഞുപോയതിനു ശേഷം തൊഴിൽ ഇല്ലാതെ നിന്ന കാലത്തിൽ പരമാവധി അഞ്ചുവർഷത്തോളവും ഇളവ് അനുവദിക്കുന്നതാണ്. ഈ ആനുകൂല്യം ജനറൽ റിസർവ് എഞ്ചിനീയർ ഫോഴ്സിൽ സേവനം അനുഷ്ഠിച്ചശേഷം പിരിഞ്ഞു പോന്നവർക്കും റീസർവ്വീസ് വിഭാഗത്തിൽപ്പെട്ടവർക്കും പ്രതിരോധ സേനയിൽനിന്ന് പെൻഷൻപറ്റി പിരിഞ്ഞവർക്കും മുൻ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ ലേബർ യൂണിറ്റുകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളവർക്കും എൻ.സി.സി. യിൽ നിന്നും നിശ്ചിതകാല സേവനത്തിന് ശേഷം പിരിച്ചയയ്ക്കപ്പെട്ട എൻ.സി.സി. കേഡറ്റ് ഇൻസ്ട്രക്റ്റർമാർക്കും നിശ്ചിത കാലത്തിന് ശേഷം പിരിച്ചയ്ക്കപ്പെട്ട ഹോൾടൈം ഇൻസ്ട്രകർമാരിൽ നി



ന്ന് പിരിച്ച് അയയ്ക്കപ്പെടുന്നതിനുമുമ്പ് കുറഞ്ഞ പക്ഷം 6 മാസ കാലമെങ്കിലും സേവനം അനുഷ്ഠിച്ചിട്ടുള്ളവർക്കും ടെറിട്ടോറിയൽ സേനാ വിഭാഗത്തിൽ നിന്ന് പിരിച്ച് അയയ്ക്കപ്പെട്ടവർക്കും (Disembodied Territorial Army Pesonnel) ലഭിക്കുന്നതാണ്. സൈനിക സേവനകാലം തെളിയിക്കുന്നതിന് ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെ ശരിപകർപ്പും തൊഴിലില്ലാതെ നിന്ന കാലം തെളിയിക്കുന്നതിന് ജില്ലാ സൈനിക വെൽഫെയർ ഓഫീസറിൽ നിന്ന് ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പും കമ്മിഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

## പി.എസ്.സി. യിലെ വിവിധ ഫീസുകൾ

വിവിധ തസ്തികളിലേക്കുള്ള തിരഞ്ഞെടുപ്പിനായി നടത്തുന്ന ഒ.എം.ആർ. പരീക്ഷകളുടെയും വകുപ്പുതല പരീക്ഷകളുടെയും (ഒ.എം.ആർ.) ഉത്തരക്കടലാസിന്റെ പകർപ്പിനായുള്ള ഫീസ് 300 രൂപ ആണ്. (23–09–2014 ലെ ജി.ഒ.(പി) നം. 409/2014/ഫിൻ ഉത്തരവ്) ഇതിനായി ഫീസടയ്ക്കേണ്ട അക്കൗണ്ട് ഹെഡ് '0051-PSC- 800 State PSC 99-Copy of OMR Answer Script'' ആണ്.

വിവിധ തസ്തികളിലേക്കുള്ള തിരഞ്ഞെടുപ്പിനായി നടത്തുന്ന ഒ.എം.ആർ പരീക്ഷകളുടെയും വകുപ്പുതല പരീക്ഷകളുടെയും (ഒ.എം.ആർ.) ഉത്തരക്കടലാസിന്റെ പുന:പരിശോധനയ്ക്കുള്ള ഫീസ് 75 രൂപ ആണ്. ഇതിനായി ഫീസ് ഒടുക്കേണ്ട അക്കൗണ്ട് ഹെഡ് 0051-PSC-105 State PSC 99-Rechecking of answer script ആണ്.

ഡിപ്പാർട്ട്മെന്റ് ടെസ്റ്റിന് പേപ്പറൊന്നിന് 75 രൂപയും ഒരു ടെസ്റ്റ് സർട്ടിഫിക്കറ്റിന് 100 രൂപയുമാണ് ഫീസ്. ആയത് പരീക്ഷാർഥികളുടെ പ്രൊഫൈലിലൂടെ ഇ–പെയ്മെന്റ് ആയി വേണം ഒടുക്കേണ്ടത്.

ഡൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് ഫീസ് 500 രൂപയാണ്. ഇതിനായി 0051 PSC-800 State PSC 99-Other Receipts എന്ന അക്കൗണ്ട് ഹെഡിലാണ് ഫീസ് ഒടുക്കേണ്ടത്.

പരീക്ഷാ പാസായതിനുശേഷം രണ്ടു വർഷത്തിനുള്ളിൽ അപേക്ഷ നൽകി സർട്ടിഫിക്കറ്റ് വാങ്ങാത്തവർ പിന്നീട് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ പിന്നീടുള്ള ഓരോ വർഷത്തിനും 150 രൂപ എന്ന നിരക്കിൽ സെർച്ച് ഫീ ഒടുക്കണം. ഇതിനായി ഫീസ് ഒടുക്കേണ്ട അക്കൗണ്ട് ഹെഡ് 0051-PSC 105-State PSC 99- Search Fee ആണ്.


മാമ്പലായി അപേക്ഷിക്കുന്നതിന് അഡ്മിഷൻ ടിക്കറ്റും സമർപ്പിക്കേണ്ടതുണ്ട്. അഡ്മിഷൻ ടിക്കറ്റ് നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾ ഒരു അഡ്മിഷൻ ടിക്കറ്റിന് 150 രൂപ എന്ന നിരക്കിൽ 0051-PSC-105 State PSC 99- Fee for Affidavit എന്ന അക്കൗണ്ട് ഹെഡിൽ തുക ഒടുക്കേണ്ടതാണ്.

വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് ലഭിക്കാൻ 500 രൂപയാണ് ഫീസ്. ആദ്യം ലഭിച്ച സർട്ടിഫിക്കറ്റ് നിയമനാധികാരിക്ക് സമർപ്പിക്കുകയും അതിലുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഉദ്യോഗം ലഭിക്കുകയും ചെയ്ത ഉദ്യോഗാർഥികളും വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന് കേടുപാട് സംഭവിച്ചതിനാൽ പുതിയത് ആവശ്യമായ ഉദ്യോഗാർഥികളും രണ്ടാമതൊരു സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 100 രൂപ ഫീസ് ഒടുക്കേണ്ടതാണ്. ഇതിനായി 0051 PSC 800 State PSC 99 Other Receipts എന്ന അക്കൗണ്ട് ഹെഡിലാണ് തുക ഒടുക്കേണ്ടത്.

# Test Your GK

**ആഗസ്റ്റ് 1, സെപ്റ്റംബർ 1 ലക്കങ്ങളിലെ ബുള്ളറ്റിനിന്റെ അടിസ്ഥാനത്തിൽ പൊതുവിജ്ഞാന നിലവാരം വിലയിരുത്തുന്നതിനുള്ള ഒരു ചോദ്യപേപ്പറാണിത്. ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക്. തെറ്റിയാൽ 0.33 നെഗറ്റീവ് മാർക്ക്.**
**48 മാർക്ക് മുതൽ 50 വരെ** Excellent, **43-47** Very Good, **36-42-** Good, **26-35-** Average. **25 മാർക്കിനു താഴെയാണെങ്കിൽ കൂടുതൽ മനസ്സിരുത്തിയും ആവർത്തിച്ചുമുള്ള വായന അനിവാര്യം.**

1. ഏത് ഭാഷയിലെ സാഹിത്യകാരനാണ് നിരഞ്ജന?
(എ) തമിഴ് (ബി) തെലുങ്ക്
(സി) കന്നട (ഡി) കൊങ്കിണി
2. ഒന്നാം കേരള നിയമസഭയിലേയ്ക്ക് നീലേശ്വരം ദ്വയാംഗ മണ്ഡലത്തിൽ നിന്ന് ഇ.എം.എസ് നൊപ്പം തിരഞ്ഞെടുക്കപ്പെട്ടത്:
(എ) എ.കെ.ഗോപാലൻ (ബി) കല്ലളൻ വൈദ്യർ
(സി) ചാത്തൻ മാസ്റ്റർ (ഡി) ഉമേഷ് റാവു
3. കേരളത്തിലെ എത്ര ജില്ലകൾക്കാണ് അന്തർസംസ്ഥാന അതിർത്തിയുള്ളത്?
(എ) 5 (ബി) 9 (സി) 11 (ഡി) 10
4. ഏറ്റവും കൂടുതൽ വലിച്ചുനീട്ടാൻ കഴിയുള്ള ലോഹം:
(എ) സ്വർണ്ണം (ബി) വെള്ളി
(സി) അലുമിനിയം (ഡി) പ്ലാറ്റിനം
5. താഴെപ്പറയുന്നവയിൽ നിറമുള്ളത് ഏതിനാണ്?
(എ) വജ്രം (ബി) ഹൈഡ്രജൻ
(സി) ഓസോൺ (ഡി) ജലം
6. ഗ്യാസോലൈൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്നത്:
(എ) ഡീസൽ (ബി) പെട്രോൾ
(സി) എൽ.പി.ജി. (ഡി) സി.എൻ.ജി.
7. രതിസാമ്രാജ്യം രചിച്ചത്:
(എ) വത്സ്യായനൻ (ബി) എ.ആർ.രാജരാജവർമ
(സി) സർദാർ കെ.എം.പണിക്കർ
(ഡി) നാലപ്പാട്ട് നാരായണ മേനോൻ
8. ക്വിറ്റിന്ത്യാ സമരത്തെ അനുകൂലിക്കാതിരുന്ന പ്രമുഖ കോൺഗ്രസ് നേതാവ്:
(എ) മൗലാനാ ആസാദ് (ബി) ജവാഹർലാൽ നെഹ്റു
(സി) മഹാത്മാ ഗാന്ധി (ഡി) സി.രാജഗോപാലാചാരി
9. എവിടെയാണ് ക്വിറ്റിന്ത്യാ സമരകാലത്ത് നാനി പാട്ടീൽ സമാന്തര സർക്കാരിന് നേതൃത്വം നൽകിയത്?
(എ) ബലിയ (ബി) ബംഗാൾ
(സി) സത്താറ (ഡി) താംലൂക്ക്
10. 1928 നവംബർ 17 ന് അന്തരിച്ച നേതാവ്:
(എ) ലാലാ ലജ്പത്റായി (ബി) സി.ആർ.ദാസ്
(സി) മോത്തിലാൽ നെഹ്റു (ഡി) ഭഗത് സിംഗ്
11. കൊച്ചിയിൽ അടിമ വ്യാപാരം നിരോധിച്ച ദിവാൻ:
(എ) ആർ.കെ.ഷൺമുഖം ചെട്ടി
(ബി) സി.പി.കരുകണാകരമേനോൻ
(സി) ശങ്കരവാര്യർ (ബി) വെങ്കിട സുബ്ബയ്യർ
12. ഇന്ത്യയിൽ ആദ്യമായി മലയാളം പുസ്തകം അച്ചടിച്ചത് എവിടെയാണ്?
(എ) ഗോവ (ബി) കോട്ടയം
(സി) കൊല്ലം (ഡി) മുംബൈ
13. പൈ ദിനമായി ആചരിക്കുന്നത്:
(എ) മാർച്ച് 13 (ബി) മാർച്ച് 14
(സി) മാർച്ച് 15 (ഡി) മാർച്ച് 16
14. അധികാരത്തിനെതിരെ കരുതിയിരിക്കുക, അത് ദുഷിപ്പിക്കും-എന്നു പറഞ്ഞത്:
(എ) ആക്ടൺ പ്രഭു (ബി) ചാണക്യൻ



(സി) മഹാത്മാഗാന്ധി (ഡി) മാവോ സേതുങ്
15. തിരുവിതാംകൂറിൽ റസിഡന്റ്, ദിവാൻ എന്നീ പദവികൾ ഒരുമിച്ച് വഹിച്ചത്:
(എ) മെക്കാളെ (ബി) മൺറോ
(സി) ജോർജ് പൗണി (ഡി) എം.ഇ.വാട്സ്
16. ബ്രിട്ടീഷ് പാർലമെന്റ് സമ്മേളിക്കുന്ന മന്ദിരം:
(എ) ബക്കിങ്ഹാം കൊട്ടാരം
(ബി) നമ്പർ 10, ഡൗണിങ്ങ് സ്ട്രീറ്റ്
(സി) വെസ്റ്റ്മിൻസ്റ്റർ കൊട്ടാരം
(ഡി) സ്കോട്ലൻഡ് യാർഡ്
17. നായർ സർവ്വീസ് സൊസൈറ്റി രൂപം നൽകിയ രാഷ്ട്രീയ പാർട്ടി:
(എ) നായർ ഡെമോക്രാറ്റിക് പാർട്ടി
(ബി) നാഷണൽ പ്രോഗ്രസീവ് പാർട്ടി
(സി) നാഷണൽ ഡെമോക്രാറ്റിക് അലയൻസ്
(ഡി) നാഷണൽ ഡൊമോക്രാറ്റിക് പാർട്ടി
18. ഓസ്കറിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടം കൈവരിച്ചതായി വിലയിരുത്തപ്പെടുന്ന സിനിമ:
(എ) ബെൻഹർ (ബി) ടൈറ്റാനിക്
(സി) ദലോർഡ് എബൗട്ട് ഈവ്(ഡി) ദ ലോർഡ് ഓഫ് ദ റിങ്സ്: ദ റിട്ടേൺ ഓഫ് ദ കിങ്
19. ദ മേയർ ഓഫ് കാസ്റ്റർ ബ്രിഡ്ജ് ആരുടെ രചനയാണ്?
(എ) തോമസ് ഹാർഡി (ബി) ചാൾസ് ഡിക്കൻസ്
(സി) ഷേക്സ്പിയർ (ഡി) റുഡ്യാർഡ് കിപ്ലിങ്
20. ആദ്യത്തെ ത്രിമാന ചലച്ചിത്രം:
(എ) മൈഡിയർ കുട്ടിച്ചാത്തൻ (ബി)ബാനാ ഡെവിൾ
(സി) ദ ഗ്രേറ്റ് ട്രെയിൻ റോബറി(ഡി) ദ റോബ്
21. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ കോൺഗ്രസ് ഇതര സർക്കാർ എവിടെയാണ് അധികാരത്തില വന്നത്?
(എ) ആന്ധ്ര (ബി) പെപ്സു
(സി) യുണൈറ്റഡ് പ്രൊവിൻസ്(ഡി) ഭോപ്പാൽ
22. ഹിന്ദിയെ ഇന്ത്യയുടെ ദേശീയ ഭാഷയായി സ്വീകരിക്കുക എന്ന് നിർദ്ദേശിച്ച സാഹിത്യകാരൻ:
(എ) മൈഥിലി ശരൺ ഗുപ്ത
(ബി) ഈശ്വര ചന്ദ്ര വിദ്യാസാഗർ
(സി) ഭൂദേവ മുഖർജി (ഡി) രബീന്ദ്രനാഥ് ടാഗോർ
23. രണ്ടാം പ്രാവശ്യം കേരള മുഖ്യമന്ത്രിയായപ്പോൾ ഇ.എം.എസ്. ഏത് മണ്ഡലത്തെയാണ് പ്രതിനിധാനം ചെയ്തിരുന്നത്?
(എ) നീലേശ്വരം (ബി) ആലത്തൂർ
(സി) തിരൂർ (ഡി) പട്ടാമ്പി
24. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ സാമ്പത്തിക വർഷം ആരംഭിക്കുന്നത്:
(എ) ജനുവരി 1 (ബി) ഏപ്രിൽ 1
(സി) ജൂൺ 1 (ഡി) ജൂലൈ 1
25. വനനശീകരണം നിരോധിച്ച ആദ്യ രാജ്യം:
(എ) സ്വീഡൻ (ബി) നോർവേ
(സി) യു.എസ്.എ. (ഡി) ജപ്പാൻ
26. ഒളിമ്പിക് ഗീതം രചിച്ചത് ആരാണ്?
(എ) കോസ്റ്റിസ് പലാമസ്
(ബി) സ്പരിഡോൺ സമാരസ്
(സി) ഫാദർ ഡിഡൺ (ഡി) കുബർട്ടിൻ പ്രഭു
27. ഏത് രാജ്യത്തിലാണ് ബാർസലോണ?
(എ) ജർമനി (ബി) സ്പെയിൻ
(സി) സ്വീഡൻ (ഡി) നോർവേ
28. സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതി ലക്ഷ്യമിടുന്നത് ഏത് വിഭാഗക്കാരുടെ ഉന്നമനമാണ്?
(എ) വനിതകൾ (ബി) ഗ്രാമീണർ
(സി) യുവജനങ്ങൾ(ഡി) പട്ടികജാതി-പട്ടികവർഗം
29. ക്വാഗിർ എന്ന പേരിലും അറിയപ്പെടുന്നത്:
(എ) എവറസ്റ്റ് (ബി) നന്ദാദേവി
(സി) ഗോഡ്വിൻ ഓസ്റ്റിൻ(ഡി) കാഞ്ചൻജംഗ
30. മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ലോഗോയിലുള്ള മൃഗം:
(എ) കടുവ (ബി) സിംഹം
(സി) പശു (ഡി) ആന
31. പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്ട് ഇന്ത്യയിൽ നിലവിൽ വന്ന വർഷം:
(എ) 1976 (ബി) 1986 (സി) 1977 (ഡി) 1978
32. ജൂട്ട് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ആസ്ഥാനം:
(എ) ന്യൂഡൽഹി (ബി) മുംബൈ
(സി) ഭുവനേശ്വർ (ഡി) കൊൽക്കത്ത
33. ആദിശങ്കര കീർത്തിസ്തംഭം എവിടെയാണ്?
(എ) കാലടി (ബി) വർക്കല
(സി) മലയാറ്റൂർ (ഡി) തിരുനെല്ലി
34. വൂൾ സോർട്ടേഴ്സ് ഡിഡീസ് എന്നറിയപ്പെടുന്നത്:
(എ) എയ്ഡ്സ് (ബി) ഇബോള
(സി) ആന്ത്രാക്സ് (ഡി) ഭ്രാന്തിപ്പശു രോഗം
35. ദേശീയ പതാകയുടെ ഇരുവശത്തും വ്യത്യസ്ത ചിഹ്നങ്ങൾ ആലേഖനം ചെയ്തിട്ടുള്ള രാജ്യം:
(എ) ഫിലിപ്പൈൻസ് (ബി) പരാഗ്വേ
(സി) കോംഗോ (ഡി) മൊസാംബിക്
36. സ്ത്രീസുരക്ഷയ്ക്ക് കേരളത്തിൽ ആദ്യമായി പിങ്ക് പട്രോൾ സംവിധാനം നിലവിൽ വന്ന നഗരം:
(എ) കോഴിക്കോട് (ബി) കൊച്ചി
(സി) തിരുവനന്തപുരം (ഡി) കണ്ണൂർ
37. വനിതകളിലെ ജെസി ഓവൻസ് എന്നറിയപ്പെടുന്നത്:
(എ) ഫ്ളോറൻസ് ഗ്രിഫിത്ത് ജോയ്നർ
(ബി) കാത്തി ഫ്രീമാൻ



(സി) വിൽമ റുഡോൾഫ് (ഡി) മരിയൻ ജോൺസ്
38. കേരളത്തിലെ ഏതെല്ലാം ജില്ലകളിലൂടെയാണ് പെരിയാർ ഒഴുകുന്നത്?
(എ) ഇടുക്കി, എറണാകുളം, തൃശ്ശൂർ
(ബി) ഇടുക്കി, പാലക്കാട്, തൃശ്ശൂർ
(സി) ഇടുക്കി, പത്തനംതിട്ട, എറണാകുളം
(ഡി) ഇടുക്കി, കോട്ടയം, എറണാകുളം
39. പോളാർ സംഗീത സമ്മാനം ജേതാവിന് സമർപ്പിക്കുന്നത് എവിടെവെച്ചാണ്?
(എ) ഓസ്ലോ (ബി) ന്യൂയോർക്ക്
(സി) സ്റ്റോക്ക്ഹോം (ഡി) പാരീസ്
40. കേരള വർമ തെക്കൻ തിരുവിതാംകൂറിൽ പുലപ്പേടിയും മണ്ണാപ്പേടിയും നിരോധിച്ച വർഷം
(എ) 1696 (ബി) 1666
(സി) 1684 (ഡി) 1678
41. നമുക്ക് ജാതിയില്ല എന്ന ശ്രീനാരായണ ഗുരുവിന്റെ പ്രസ്താവന 1916 ൽ പ്രസിദ്ധീകരിച്ചത് ഏതിലാണ്?
(എ) വിവേകോദയം (ബി) കേരള കൗമുദി
(സി) മിതവാദി (ഡി) പ്രബുദ്ധകേരളം
42. കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുക്കാൻ പോയി എന്ന കാരണത്താൽ സ്വസമുദായം ഭ്രഷ്ട് കൽപിച്ച സാമൂഹിക പരിഷ്കർത്താവ്:
(ഇ) ഇ.എം.എസ് നമ്പൂതിരിപ്പാട്(ബി) വി.ടി.ഭട്ടതിരിപ്പാട്
(സി) എം.ആർ.ബി. (ഡി) മന്നത്ത് പദ്മനാഭൻ
43. മൈക്കൽ ജോർദാൻ ഏത് സ്പോർട്സുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ബേസ്ബോൾ (ബി) ബാസ്കറ്റ്ബോൾ
(സി) ഫുട്ബോൾ (ഡി) വോളിബോൾ
44. പിള്ളത്തടം ഗുഹയിൽ തപസ്സനുഷ്ഠിച്ച സാമൂഹിക പരിഷ്കർത്താവ്:
(എ) വൈകുണ്ഠസ്വാമികൾ(ബി) തൈക്കാട് അയ്യ
(സി) ചട്ടമ്പി സ്വാമികൾ (ഡി) ശ്രീനാരായണ ഗുരു
45. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ഒളിമ്പിക് മെഡൽ ഏതിനത്തിലായിരുന്നു?
(എ) ഷൂട്ടിങ് (ബി) റസ്ലിങ്
(സി) ടെന്നീസ് (ഡി) ഹോക്കി
46. തെക്കനേഷ്യയിൽ ജനസംഖ്യയിൽ ഇന്ത്യയുടെ സ്ഥാനം:
(എ) രണ്ട് (ബി) ഒന്ന്
(സി) മൂന്ന് (ഡി) നാല്
47. സാർസ് രോഗം ആദ്യമായി കാണപ്പെട്ട സ്ഥലം:
(ഇ) ഹോങ്കോങ് (ബി) ഗ്യാങ്ദോങ്
(സി) കോംഗോ (ഡി) ഗോവ
48. ഭൗമോപരിതലത്തിന്റെ എത്ര ശതമാനമാണ് ജലത്താൽ മൂടപ്പെട്ടിരിക്കുന്നത്?
(എ) 71 (ബി) 81 (സി) 90 (ഡി) 99
49. സഖറോവ് പ്രൈസിനർഹയായ ആദ്യ വനിത:
(എ) ഇന്ദിരഗാന്ധി (ബി) ഓങ് സാൻ സൂചി
(സി) മേരി ക്യൂറി (ഡി) മാരഗരറ്റ് താച്ചർ
50. വരാപ്പുഴക്കായൽ ഏതിന്റെ ഭാഗമാണ്?
(എ) ശാസ്താംകോട്ട കായൽ (ബി) അഷ്ടമുടിക്കായൽ
(സി) വേമ്പനാട് കായൽ (ഡി) വേളിക്കായൽ

## Answers


1(c) 2(b) 3(d) 4(d) 5(c) 6(b) 7(d) 8(d) 9(c) 10(a) 11(c) 12(d) 13(b) 14(c) 15(b) 16(c) 17(d) 18(d) 19(a) 20(b) 21(b) 22(c) 23(d) 24(d) 25(b) 26(a) 27(b) 28(d) 29(c) 30(b) 31(a) 32(d) 33(a) 34(c) 35(b) 36(c) 37(c) 38(a) 39(c) 40(a) 41(d) 42(b) 43(b) 44(d) 45(d) 46(b) 47(b) 48(a) 49(b) 50(c)



# യുണൈറ്റഡ് കിങ്ഡം-3

**ലോകചരിത്രം അതിന്റെ താളുകളിൽ അഭിമാനപൂർവം പ്രദർശിപ്പിക്കുന്ന സവിശേഷവ്യക്തിത്വങ്ങളിൽ ചിലരെ പരിചയപ്പെട്ടുകൊണ്ട് ആംഗല സഞ്ചാരം തുടരുകയാണ്. ഒപ്പം യുണൈറ്റഡ് കിങ്ഡത്തിലെ ചില പ്രധാന സ്ഥലങ്ങൾ കാണുകയും പ്രധാന സംഭവങ്ങൾ ഓർക്കുകയും ചെയ്യാം.**

* ട്രഫൽഗർ യുദ്ധത്തിൽ ഇംഗ്ലണ്ടിനെ വിജയത്തിലേക്ക് നയിച്ചത് ഹൊറേഷ്യോ നെൽസൺ (1758–1805) ആണ്. യുദ്ധത്തിലേറ്റ പരിക്കിനെത്തുടർന്ന് അദ്ദേഹം മരണപ്പെട്ടു.
* ഓസ്ട്രേലിയയിലെത്തിയ ആദ്യ യൂറോപ്യനാണ് ജെയിംസ് കുക്ക് (1728–1779).
* സ്കൗട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് ബേഡൻ പവൽ (1857–1941).
* ആദ്യത്തെ ആന്റി ബയോട്ടിക് ആയ പെനിസെലിൻ കണ്ടുപിടിച്ചത് അലക്സാണ്ടർ ഫ്ളെമിങ് (1881–1955)ആണ്. ഇദ്ദേഹത്തിന് മറ്റു രണ്ടുപേർക്കൊപ്പം 1945–ലെ വൈദ്യശാസ്ത്ര നൊബേൽ ലഭിച്ചു.



* ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പിതാവ് എന്നറിയപ്പെടുന്നത് അലൻ ടൂറിങ് (1912–1954)ആണ്.
* വൈദ്യുതിയുടെ പിതാവ് എന്നറിയപ്പെടുന്നത് മൈക്കൽ ഫാരഡേയാണ് (1791–1867).
* എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം രചിച്ച സ്റ്റീഫൻ ഹോക്കിങ് ജനിച്ചത് 1942–ലാണ്.
* 1516–ൽ പ്രസിദ്ധീകരിച്ച ഉട്ടോപ്പിയ രചിച്ചത് തോമസ് മൂർ (1478–1535) ആണ്.
* ടെലിവിഷൻ കണ്ടുപിടിച്ചത് ജോൺ ബേഡ് (1888–1946) ആണ്.
* വിളക്കേന്തിയ വനിത എന്നറിയപ്പെട്ട ഫ്ളോറൻസ് നൈറ്റിംഗേലിന്റെ (1820–1910) ജന്മദിനമായ മെയ് 12 അന്താരാഷ്ട്ര നഴ്സസ് ദിനമായി ആചരിക്കുന്നു. ആധുനിക നഴ്സിങ് സമ്പ്രദായത്തിന്റെ ഉപജ്ഞാതാവാണ്.
* അലക്സാണ്ടർ ഗ്രഹാംബെല്ലാണ് (1847–1922) ടെലഫോൺ കണ്ടുപിടിച്ചത്.
* വാക്സിനേഷന്റെ ഉപജ്ഞാതാവായ എഡ്വേർഡ് ജന്നർ (1749–1823) ആണ് രോഗപ്രതിരോധ ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്. ആദ്യത്തെ വാക്സിനായ സ്മാൾപോക്സ് വാക്സിൻ ഇദ്ദേഹമാണ് വികസിപ്പിച്ചത് (1796).
* അനലിറ്റിക്കൽ എഞ്ചിനിന്റെ ഉപജ്ഞാതാവായ ചാൾസ് ബാബേജ് (1791–1871) കംപ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നു.
* ആദ്യത്തെ കംപ്യൂട്ടർ പ്രോഗ്രാമറാണ് അഡാ ലൗലേസ് (1815–1852). ആദ്യത്തെ അൽഗൊരിതം വികസിപ്പിച്ചത് ഇവരാണ്. പ്രശസ്ത കവി ബൈറൺ പ്രഭുവിന്റെ മകളാണ് അഡ. ഡിഫറൻസ് എഞ്ചിന്റെ നിർമാണത്തിൽ അവർ ചാൾസ് ബാബേജിനെ സഹായിച്ചു.
* ഹാരി പോട്ടർ പരമ്പരയിലൂടെ പ്രസിദ്ധയായ ജെ.കെ. റൗളിങ് ജനിച്ചത് 1965–ലാണ്.
* ആവി യന്ത്രം കണ്ടുപിടിച്ചത് ജെയിംസ് വാട്സ് (1736–1819) ആണ്. ഈ കണ്ടെത്തലാണ് വ്യാവസായിക വിപ്ലവത്തിന് തുടക്കം കുറിച്ചത്. വ്യാവസായിക വിപ്ലവത്തിന്റെ പിതാവ് എന്ന് ജെയിംസ് വാട്ടിനെ വിശേഷിപ്പിക്കുന്നു.
* വൈദ്യുത കാന്തിക സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാണ് ജെയിംസ് ക്ലർക് മാക്സ്വെൽ (1831–1879).
* സാംബസി നദിയിലെ വിക്ടോറിയ വെള്ളച്ചാട്ടം കണ്ടെത്തിയ പര്യവേഷകനാണ് ഡേവിഡ് ലിവിങ്സ്റ്റൺ (1813–1873). ലിവിങ്സ്റ്റണിനെക്കുറിച്ച് വർഷങ്ങളോളം വിവരങ്ങളൊന്നും ഇല്ലാതായപ്പോൾ അന്വേഷിച്ച് കണ്ടെത്താൻ ന്യൂയോർക്ക് ഹെറാൾഡ് പത്രം 1869–ൽ നിയോഗിച്ച പത്രപ്രവർത്തകനാണ് ഹെൻറി മോർട്ടൺ സ്റ്റാൻലി. 1871 നവംബർ പത്തിന് തങ്കാനിക തടാകതീരത്തുള്ള ഒരു പട്ടണത്തിൽ സ്റ്റാൻലി, ലിവിങ്സ്റ്റണിനെ കണ്ടുമുട്ടി.
* വേൾഡ് വൈഡ് വെബിന്റെ ഉപജ്ഞാതാവായ ടിം ബെർണേഴ്സ് ലി ജനിച്ചത് 1965–ലാണ്.
* കിങ് ഓഫ് സസ്പെൻസ് എന്നറിയപ്പെട്ട സിനിമ സംവിധായകനാണ് ആൽഫ്രഡ് ഹിച്ച്കോക്ക് (1899–1980).
* ഡ്രാക്കുള എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് ബ്രാം സ്റ്റോക്കർ (1847–1912). അയർലൻഡിലെ ഡബ്ലിനിൽ ജനിച്ച അദ്ദേഹത്തിന് ബ്രിട്ടീഷ് പൗരത്വമുണ്ടായിരുന്നു.
* ഷേക്സ്പിയർ ജനിച്ച അതേ വർഷം ജനിച്ച ഇംഗ്ലീഷ് കവിയാണ് ക്രിസ്റ്റഫർ മാർലോ(1564–1593).
* പ്രകൃതിയുടെ കവി എന്നറിയപ്പെട്ടത് വില്യം വേർഡ്സ് വർത്താണ് (1770–1850).
* പ്രശസ്ത കവി പി.ബി.ഷെല്ലിയുടെ(1792–1822) ഭാര്യ മേരി ഷെല്ലിയാണ് ഫ്രാങ്കൻസ്റ്റീൻ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്. 29–ാം വയസ്സിൽ ബോട്ട് മുങ്ങിയാണ് ഷെല്ലി മരണപ്പെട്ടത്.
* ക്ഷയരോഗ ബാധിതനായി 25–ാം വയസ്സിൽ മരണപ്പെട്ട ഇംഗ്ലീഷ് കവിയാണ് ജോൺ കീറ്റ്സ് (1795–1821).
* പാരഡൈസ് ലോസ്റ്റ് രചിച്ചത് ജോൺ മിൽട്ടണാണ് (1608–1674).
* എ ഡിക്ഷനറി ഓഫ് ദ ഇംഗ്ലീഷ് ലാംഗ്വേജ് 1755–ൽ പ്രസിദ്ധീകരിച്ചത് ഡോ.സാമുവൽ ജോൺസൺ (1709–1784) ആണ്. ലൈഫ് ഓഫ് സാമുവൽ ജോൺസൺ എന്ന പ്രസിദ്ധമായ ജീവചരിത്രം രചിച്ചത് ജെയിംസ് ബോസ്വെൽ ആണ്.

## പ്രധാന സ്ഥലങ്ങൾ

* ജർമൻ തത്വചിന്തകനായ കാറൽ മാർക്സിനെ മറവുചെയ്തത് ലണ്ടനിലാണ്.
* ഹാർലി സ്ട്രീറ്റ്, ബോണ്ട് സ്ട്രീറ്റ്, ഫ്ളീറ്റ് സ്ട്രീറ്റ്,വെംബ്ലി സ്റ്റേഡിയം,ലോർഡ്സ് ക്രിക്കറ്റ് സ്റ്റേഡിയം ,ഹൈഡ് പാർക്ക്,ബിഗ് ബെൻ ക്ലോക്ക്,ഹൈഗേറ്റ് സെമിത്തേരി എന്നിവ ലണ്ടനിലാണ്.
* മെഡിസിനിലും സർജറിയിലും സ്പെഷ്യലിസ്റ്റുകൾക്ക് പ്രസിദ്ധമായ തെരുവാണ് ഹാർലി സ്ട്രീറ്റ്.
* ഷോപ്പിങിന് പ്രസിദ്ധമായ തെരുവാണ് ബോണ്ട് സ്ട്രീറ്റ്.
* ഒരു കാലത്ത് ബ്രിട്ടീഷ് പത്രപ്രവർത്തനത്തിന്റെ കേന്ദ്രമായിരുന്നു ഫ്ളീറ്റ് സ്ട്രീറ്റ്.
* ബ്രിട്ടീഷ് രാജാവിന്റെ ഔദ്യോഗിക വസതിയായ ബക്കിംഗ്ഹാം കൊട്ടാരം,ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയായ 10 ഡൗണിങ് സ്ട്രീറ്റ് എന്നിവ ലണ്ടനിലാണ്.
* കോമൺവെൽത്തിന്റെ ആസ്ഥാനം ലണ്ടനിലെ മാൾബറോ ഹൗസ് ആണ്.
* ബി.ബി.സിയുടെ ആസ്ഥാനമാണ് ലണ്ടനിലെ പോർട്ട്ലാൻഡ് പാലസ്.
* വിംബിൾഡൺ ടൂർണമെന്റ് നടക്കുന്നത് ലണ്ടനിലാണ്. 1877–ലാണ് തുടക്കം.
* ലോകപ്രശസ്ത ഫുട്ബോൾ സ്റ്റേഡിയമായ വെംബ്ലി ലണ്ടനിലാണ്. ലോർഡ്സ്, ഓവൽ എന്നിവ പ്രസിദ്ധ ക്രിക്കറ്റ് സ്റ്റേഡിയങ്ങളാണ്.
* ലണ്ടനിലെ ഗ്രീൻവിച്ചിൽ സ്ഥാപിച്ചിട്ടുള്ള ഒബ്സർവേറ്ററിയിലെ സമയമാണ് ലോകത്തിന്റെ സ്റ്റാൻഡേർഡ് സമയമായി നിശ്ചയിച്ചിട്ടുള്ളത്.



* മാഡം തുസാദ് മെഴുകു മ്യൂസിയം ലണ്ടനിലാണ്. ഇതിന് പല പ്രധാന ലോകനഗരങ്ങളിലും ശാഖകളുണ്ട്. ഇവിടെ സ്ഥാനം പിടിച്ച ആദ്യ ഇന്ത്യക്കാരന്റെ പ്രതിമ മഹാത്മാ ഗാന്ധിയുടേതാണ്.
* ആംനസ്റ്റി ഇന്റർനാഷണൽ, ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ എന്നിവയുടെ ആസ്ഥാനം ലണ്ടനാണ്.
* ഇംഗ്ലണ്ടിലെ പ്രസിദ്ധമായ ചരിത്രസ്മാരകമാണ് സ്റ്റോൺ ഹെഞ്ച്.
* പരുത്തി വ്യവസായത്തിന് പ്രസിദ്ധമായ സ്ഥലമാണ് മാഞ്ചസ്റ്റർ.
* ഇംഗ്ലണ്ടിലെ ഷെഫീൽഡ് കട്‌ലറിക്ക് പ്രസിദ്ധമാണ്.
* തെംസ് നദീതീരത്താണ് ലണ്ടൻ.

## പ്രധാന സംഭവങ്ങൾ

* 1209–ലാണ് കേംബ്രിഡ്ജ് സർവകലാശാല സ്ഥാപിതമായത്.
* ആധുനിക ജനാധിപത്യത്തിന്റെ ആണിക്കല്ല് എന്നറിയപ്പെടുന്ന മാഗ്നാ കാർട്ട ഒപ്പുവച്ചത് ഇംഗ്ലണ്ടിലാണ്. ലോകത്തിലെ ആദ്യത്തെ പൗരാവകാശരേഖയാണ് മാഗ്ന കാർട്ട.
* ലാറ്റിൻ ഭാഷയിൽ ഈ വാക്കിനർഥം മഹത്തായ രേഖ എന്നാണ്.
* രാജാവ്, ക്രൈസ്തവമതസഭ,മാടമ്പിമാർ എന്നിവർ തമ്മിലുള്ള ഉടമ്പടിയായ ഇതിൽ ഇംഗ്ലണ്ടിലെ ജോൺ രാജാവ് 1215 ജൂൺ15ന് റണ്ണിമീഡ് എന്ന സ്ഥലത്തുവച്ചാണ് ഒപ്പിട്ടത്.
* നിരന്തരയുദ്ധങ്ങളിലൂടെ ഖജനാവ് കാലിയായപ്പോൾ നികുതിപിരിവിലൂടെ പണം നേടാനായി രാജാവ് പലപല ഘട്ടങ്ങളിലായി നികുതി 11 മടങ്ങോളമാക്കിയപ്പോളാണ് സഹികെട്ട് സഭയും മാടമ്പിമാരും ഇടപെട്ടത്.
* മാടമ്പിമാർ ലണ്ടൻ പിടിച്ചെടുത്തു. അവരവരുടെ അധികാരങ്ങൾ നിശ്ചയിച്ചുകൊണ്ട് മാടമ്പിമാർ തയ്യാറാക്കിയ രേഖയിൽ നിവൃത്തിയില്ലാതെ രാജാവിന് ഒപ്പുവയ്ക്കേണ്ടിവന്നു. അങ്ങനെ, ഭരണത്തിൽ പ്രജകളുടെ തീരുമാനത്തിനും വിലയുണ്ടായി.
* 1588–ലാണ് സ്പാനിഷ് അർമാഡയെ ഇംഗ്ലീഷ് നാവികസേന തോൽപിച്ചത്.
* 1337 മുതൽ 1453 വരെ നടന്ന ശതവർഷയുദ്ധത്തിൽ ഏറ്റുമുട്ടിയത് ഇംഗ്ലണ്ടും ഫ്രാൻസുമാണ്. ഈ യുദ്ധത്തിലാണ് ഫ്രാൻസിനുവേണ്ടി ജോൺ ഓഫ് ആർക്ക് രക്തസാക്ഷിത്വം വരിച്ചത്.
* ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി രൂപംകൊണ്ടത് 1600–ൽ ലണ്ടനിലാണ്.
* ലണ്ടൻ നഗരത്തിലെ നാലിലൊന്ന് ആളുകളുടെ മരണത്തിനിടയാക്കിയ പ്ലേഗ് പടർന്നുപിടിച്ചത് 1665–1666 ലാണ്.
* ലണ്ടൻ നഗരത്തിൽ വൻതീപിടുത്തം ഉണ്ടായത് 1666–ലാണ്.
* 1688–ൽ മഹത്തായ വിപ്ലവം അഥവാ രക്തരഹിത വിപ്ലവം നടന്ന രാജ്യമാണ് ഇംഗ്ലണ്ട്. ഇംഗ്ലണ്ടിലെ രാജാവായിരുന്ന ജെയിംസ് രണ്ടാമനെ ഓറഞ്ചിലെ വില്യമും മേരിയും ചേർന്ന് സ്ഥാനഭ്രഷ്ടനാക്കിയ സംഭവമാണിത്.
* 1798–ലെ നൈൽ യുദ്ധത്തിൽ ബ്രിട്ടൺ ഹൊറേഷ്യോ നെൽസന്റെ നേതൃത്വത്തിൽ ഫ്രാൻസിനെ തോൽപിച്ചു.
* 1805 ഒക്ടോബർ 21–നാണ് ട്രഫൽഗർ യുദ്ധം നടന്നത്. ഈ യുദ്ധത്തിൽ യുണൈറ്റഡ് കിങ്ഡം ഫ്രാൻസിനെ തോൽപിച്ചു.
* 1955–ലാണ് ഫ്ളീറ്റ് സ്ട്രീറ്റിൽനിന്ന് ഗിന്നസ് ബുക്ക് പ്രസിദ്ധീകരണം ആരംഭിച്ചത്.

# ഇന്ത്യൻ നീതിന്യായ വ്യവസ്ഥ

**1950 ജനുവരി 28-നാണ് സുപ്രീം കോടതി നിലവിൽ വന്നത്. ഇന്ത്യൻ ഭരണഘടനയുടെ ഏറ്റവും ഉയർന്ന വ്യാഖ്യാതാവാണ് സുപ്രീം കോടതി. ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷകൻ എന്നറിയപ്പെടുന്നതും സുപ്രീം കോടതിയാണ്. സുപ്രീം കോടതിയുടെ ആപ്തവാക്യമാണ് യതോധർമസ്തതോ ജയ. ഇതിന്റെ അർഥം Truth alone I uphold എന്നാണ്. സുപ്രീംകോടതിയെയും ഹൈക്കോടതികളെയും സംബന്ധിച്ച വിവരങ്ങൾ സമഗ്രമായി പരിചയപ്പെടാം.**

1950 ജനുവരി 28-നാണ് സുപ്രീം കോടതി നിലവിൽ വന്നത്. ഇന്ത്യൻ ഭരണഘടനയുടെ ഏറ്റവും ഉയർന്ന വ്യാഖ്യാതാവാണ് (Interpreter) സുപ്രീം കോടതി. ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷകൻ (Guardian of the Constitution) എന്നറിയപ്പെടുന്നതും സുപ്രീം കോടതിയാണ്. സുപ്രീം കോടതിയുടെ ആപ്തവാക്യമാണ് യതോധർമസ്തതോ ജയ. ഇതിന്റെ അർഥം 'Truth alone I uphold' എന്നാണ്.

ബ്രിട്ടിഷ് മാതൃകയിൽ ഇന്ത്യയിൽ നീതിന്യായ സംവിധാനത്തിന്റെ വികാസം ആരംഭിച്ചത് ഈസ്റ്റിന്ത്യാക്കമ്പനിയുടെ ഭരണകാലത്താണ്.

റഗുലേറ്റിങ് ആക്ടുപ്രകാരം 1773-ൽ കൊൽക്കത്തയിലെ ഫോർട്ട് വില്യമിൽ സുപ്രീം കോടതി സ്ഥാപിതമായതോടെ ഇന്ത്യയിൽ സുപ്രീം കോടതിയുടെ ചരിത്രം ആരംഭിക്കുന്നത്. അക്കാലത്ത് ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന വാറൻ ഹേസ്റ്റിങ്സ് ആണ് സുപ്രീം കോടതി സ്ഥാപിക്കാൻ മുൻകൈയെടുത്തത്.

1858-ലെ വിളംബരത്തെത്തുടർന്ന് ഇന്ത്യയുടെ ഭരണനിർവഹണം ബ്രിട്ടിഷ് മൊണാർക്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കിയതിനനുബന്ധമായി 1861-ൽ കൊൽക്കത്ത, ബോംബെ, മദ്രാസ് എന്നിവിടങ്ങളിൽ ഹൈക്കോടതികൾ സ്ഥാപിക്കപ്പെട്ടു.

ഇന്ത്യയിൽ ബ്രിട്ടിഷ് മാതൃകയിലെ നീതിന്യായ സംവിധാനം ഇവിടെ കൊണ്ടുവരുന്നതിനായി ആദ്യകാലങ്ങളിൽ ബ്രിട്ടിഷ് ജഡ്ജിമാരാണ് ന്യായാധിപൻമാരായി നിയമിക്കപ്പെട്ടിരുന്നത്. പിൽക്കാലത്ത് ഇന്ത്യക്കാരും ന്യായാധിപ പദവിയിൽ നിയമിക്കപ്പെട്ടു. 1937-ൽ നിലവിൽ വന്ന ഫെഡറൽ കോർട്ട് ഓഫ് ഇന്ത്യയുടെ പിൻഗാമിയാണ് ഇപ്പോഴത്തെ സുപ്രീം കോടതി.

### സുപ്രീം കോടതിയുടെ ഘടന

ചീഫ് ജസ്റ്റിസും പരമാവധി 30 ജഡ്ജിമാരും അടങ്ങുന്നതാണ് സുപ്രീം കോടതി. തുടക്കത്തിൽ (1950) ചീഫ് ജസ്റ്റിസും ഏഴ് ജഡ്ജിമാരുമാണ് സുപ്രീം കോടതിയിൽ ഉണ്ടായിരുന്നത്. കേസുകളുടെ ബാഹുല്യംകാരണം ജോലിഭാരം കൂടിയപ്പോൾ ജഡ്ജിമാരുടെ എണ്ണത്തിൽ വർധനവുണ്ടായി. 1950-ൽ എട്ടായും 1956-ൽ പതിനൊന്നായും 1960-ൽ 14 ആയും 1978-ൽ 18 ആയും 1986-ൽ 26 ആയും 2008-ൽ 31 ആയും ജഡ്ജിമാരുടെ എണ്ണം വർധിച്ചു.

### നിയമനവും യോഗ്യതകളും

സുപ്രീംകോടതി ജഡ്ജിമാരെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ഹൈക്കോടതിയിലോ അതുപോലുള്ള കോടതികളിലോ തുടർച്ചയായി അഞ്ചുവർഷത്തെ പരിചയം അല്ലെങ്കിൽ ഹൈക്കോടതിയിലോ അതുപോലുള്ള കോടതികളിലോ അഭിഭാഷകനായി തുടർച്ചയായി 10 വർഷത്തെ പരിചയം അല്ലെങ്കിൽ ഉന്നത നിയമജ്ഞനെന്ന് പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തൽ-ഈ യോഗ്യതയുണ്ടെങ്കിൽ സുപ്രീം കോടതി ജഡ്ജിയായി നിയമിതനാകാൻ യോഗ്യനാണ്.

ബാറിൽനിന്ന് നേരിട്ട് സുപ്രീം കോടതി ജഡ്ജിയായി നിയമിക്കപ്പെട്ട ആദ്യ വ്യക്തി എസ്.എം.സിക്രിയാണ്. അദ്ദേഹം ചീഫ് ജസ്റ്റിസായിരിക്കെയാണ് കേശവാനന്ദഭാരതി കേസിൽ വിധി പ്രസ്താവിച്ചത്. എസ്.ചന്ദ്ര റോയ്, കുൽദീപ് സിങ്, സന്തോഷ് ഹെഗ്ഡെ എന്നിവരും ഈ രീതിയിൽ നിയമിക്കപ്പെട്ടവരാണ്.

### സത്യപ്രതിജ്ഞ

സുപ്രീം കോടതി ചീഫ് ജസ്റ്റിസിനും ജഡ്ജിമാർക്കും രാഷ്ട്രപതിയാണ് സത്യവാചകം ചൊല്ലിക്കൊടുക്കുന്നത്. നിർഭയമായും നിഷ്പക്ഷമായും കടമ നിറവേറ്റുമെന്നും ഭരണഘടനാ ബാധ്യത നിറവേറ്റുമെന്നും ജഡ്ജിമാർ സത്യപ്രതിജ്ഞാവേളയിൽ വാഗ്ദാനം ചെയ്യും.

### കാലാവധി

സുപ്രീം കോടതി ജഡ്ജിയാകാനുള്ള കുറഞ്ഞ പ്രായം ഭരണഘടനയിൽ നിഷ്കർഷിച്ചിട്ടില്ല. സുപ്രീം കോടതി ജഡ്ജിയുടെ വിരമിക്കൽ പ്രായം 65 വയസ്സാണ്. രാജിവയ്ക്കുക,പദവിയിൽനിന്നീക്കം ചെയ്യപ്പെടുക എന്നീ സാഹചര്യങ്ങളിലും സുപ്രീം കോടതി ജഡ്ജിയുടെ സേവനം അവസാനിക്കും. രാജിക്കത്ത് നൽകേണ്ടത് പ്രസിഡന്റിനാണ്.

### വിരമിച്ചതിനുശേഷം പ്രാക്ടീസ് നിരോധനം

സേവന കാലാവധി കഴിഞ്ഞാൽ ഇന്ത്യയിലെ ഒരു കോടതിയിലും പ്രാക്ടീസ് ചെയ്യാൻ പാടില്ല. എന്നാൽ, ഗവൺമെന്റ് ഏൽപിക്കുന്ന പ്രത്യേക ചുമതലകൾ വഹിക്കാവുന്നതാണ്.

### പദവിയിൽനിന്ന് നീക്കം ചെയ്യൽ

സ്വഭാവദൂഷ്യം (Misbehaviour), കഴിവുകേട് (Incapacity) എന്നീ കാരണങ്ങളുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതി ജഡ്ജിയെ പദവിയിൽനിന്ന് നീക്കം ചെയ്യാം. ഇതിനായിട്ടുള്ള പ്രമേയം ലോക്സഭയിൽ അവതരിപ്പിക്കണമെങ്കിൽ 100 അംഗങ്ങളും രാജ്യസഭയിൽ അവതരിപ്പിക്കണമെങ്കിൽ 50 അംഗങ്ങളും ഒപ്പിടണം. ജഡ്ജസ് എൻകയറി കമ്മിറ്റിയുടെ അന്വേഷണമാണ് അടുത്തഘട്ടം. തുടർന്ന് ഓരോ സഭയും ഹാജരായ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ പ്രമേയം പാസാക്കുന്നപക്ഷം പ്രസിഡന്റ് ജഡ്ജിയെ പദവിയിൽനിന്ന് നീക്കം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കും. ഭരണഘടനയുടെ ആർട്ടിക്കിൾ 124 (4) ഇതേക്കുറിച്ച് പ്രതിപാദിക്കുന്നു.

### ശമ്പളവും പരിരക്ഷകളും

പാർലമെന്റാണ് സുപ്രീം കോടതി ജഡ്ജിമാരുടെ ശമ്പളം നിശ്ചയിക്കുന്നത്. ആർട്ടിക്കിൾ 125-ൽ സുപ്രീം കോടതി ജഡ്ജിമാരുടെ ശമ്പളം, ബത്ത എന്നിവയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. കൺസോളിഡേറ്റ് ഫണ്ട് ഓഫ് ഇന്ത്യയിലാണ് ഇത് വകകൊള്ളിക്കുന്നത്. ഒരിക്കൽ നിയമിക്കപ്പെട്ടുകഴിഞ്ഞാൽ പ്രതികൂലമായി ശമ്പളത്തിലോ ബത്തകളിലോ മാറ്റം വരുത്താൻ പാടില്ല. ജഡ്ജിമാരുടെ സ്വഭാവത്തെക്കുറിച്ച് പാർലമെന്റിൽ ചർച്ച പാടില്ല.

### സുപ്രീം കോടതിയുടെ ആസ്ഥാനം

ന്യൂഡൽഹിയിൽ തിലക് മാർഗിലാണ് സുപ്രീം കോടതിയുടെ ആസ്ഥാനം. എന്നാൽ, പ്രസിഡന്റിന്റെ അനുമതിക്ക് വിധേയമായി മറ്റു സ്ഥലങ്ങളിലും സുപ്രീം കോടതിയുടെയ സിറ്റിങ് നിശ്ചയിക്കാൻ ചീഫ് ജസ്റ്റിസിന് അധികാരമുണ്ട്. സുപ്രീം കോടതിയുടെ നടപടിക്രമങ്ങളുടെ രേഖകൾ ഭാവിയിലെ ഉപയോഗങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കുന്നതിലൂടെ ഒരു കോർട്ട് ഓഫ് റെക്കോർഡ് (ആർട്ടിക്കിൾ 129) ആയും അത് പ്രവർത്തിച്ചുപോരുന്നു.

22 ഏക്കർ വിസ്തീർണമുള്ള ചതുരാകൃതിയിലുള്ള പ്ലോട്ടിലാണ് സുപ്രീം കോടതി മന്ദിരം നിർമിച്ചിരിക്കുന്നത്. ഗണേഷ് ഭിക്കാജി ദിയോലാലിക്കർ ആണ് ചീഫ് ആർക്കിടെക്ട്. കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ തലവനായ ആദ്യ ഇന്ത്യക്കാരനായിരുന്നു അദ്ദേഹം. 1958 മുതലാണ് ഇപ്പോഴത്തെ മന്ദിരത്തിൽ സുപ്രീം കോടതി പ്രവർത്തിച്ചുതുടങ്ങിയത്. അതിനുമുമ്പ് പാർലമെന്റിലെ ചേംബർ ഓഫ് പ്രിൻസസ് സമ്മേളിച്ചിരുന്ന ഹാളിലാണ് സുപ്രീം കോടതി ചേർന്നിരുന്നത്.

അമ്മയും കുഞ്ഞും എന്ന പ്രതിമ സ്ഥാപിച്ചിരിക്കുന്നത് സുപ്രീം കോടതി ആസ്ഥാനത്തിനു മുന്നിലാണ്. ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രതീകമാണ് കുഞ്ഞ്.

സ്വന്തമായ പിൻകോഡ് അനുവദിക്കപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ സ്ഥാപനമാണ് സുപ്രീം കോടതി (110201).

സുപ്രീം കോടതിയുടെ പ്രവർത്തനത്തിനാവശ്യമായ നടപടിക്രമങ്ങൾ നിർവഹിക്കുന്നതിനുള്ള ചട്ടങ്ങൾ രൂപവത്കരിക്കുന്നതിന് ആർട്ടിക്കിൾ 145 സുപ്രീം കോടതിക്ക് അധികാരം നൽകുന്നു.

സുപ്രീം കോടതിയുടെ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ വൃന്ദത്തിന്റെ നേതൃത്വം സെക്രട്ടറി ജനറലിനാണ്. ആർട്ടിക്കിൾ 146 പ്രകാരമാണ് സുപ്രീം കോടതിയിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നത്.

### സുപ്രീം കോടതിയുടെ അധികാരങ്ങൾ

ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളുടെ സംരക്ഷകൻ എന്നറിയപ്പെടുന്നത് സുപ്രീം കോടതിയാണ്. ഇന്ത്യയിലെ പരമോന്നത നീതിപീഠം എന്നറിയപ്പെടുന്ന അത് രാജ്യത്തെ ഏറ്റവും ഉന്നതമായ അപ്പീൽക്കോടതിയുമാണ്. സിവിൽ-ക്രിമിനൽ കേസുകളിൽ സംസ്ഥാന ഹൈക്കോടതിയുടെ വിധിന്യായങ്ങളെ പുന:പരിശോധിക്കാൻ സുപ്രീം കോടതിക്ക് അധികാരമുണ്ട്. പ്രസിഡന്റ് ആവശ്യപ്പെടുമ്പോൾ കേന്ദ്ര-സംസ്ഥാന നിയമങ്ങളെപ്പറ്റിയും മറ്റും അദ്ദേഹത്തെ ഉപദേശിക്കുക എന്നത് സുപ്രീം കോടതിയുടെ കർത്തവ്യമാണ് (ആർട്ടിക്കിൾ 143). പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ തർക്കമുണ്ടായാൽ തീർപ്പുകൽപിക്കാൻ അധികാരം സുപ്രീം കോടതിക്കാണ്. സുപ്രീം കോടതിയിൽ ചീഫ് ജസ്റ്റിസ് പദം വഹിച്ചവരെയാണ് ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ ചെയർമാൻ സ്ഥാനത്തേക്ക് പരിഗണിക്കുന്നത്. സുപ്രീം കോടതിയുടെ റഫറൻസിന്റെ അടിസ്ഥാനത്തിലാണ് പ്രസിഡന്റിന് ചീഫ് ഇൻഫർമേഷൻ കമ്മിഷണറെ അല്ലെങ്കിൽ ഇൻഫർമേഷൻ കമ്മിഷണറെ തൽസ്ഥാനത്തുനിന്ന് നീക്കാൻ കഴിയുന്നത്. പി.എസ്.സി. ചെയർമാനെയോ അംഗത്തെയോ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതും സുപ്രീം കോടതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. പാർലമെന്റും സംസ്ഥാന നിയമസഭകളും പാസാക്കുന്ന നിയമങ്ങളുടെ ഭരണഘടനാ സാധുത തീരുമാനിക്കുന്നതും സുപ്രീം കോടതിയാണ്. സുപ്രീം കോടതിക്ക് അതിന്റെ വിധിയോ ഉത്തരവോ പുന:പരിശോധിക്കുവാൻ അധികാരമുണ്ട്.

രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ അഭാവത്തിൽ രാഷ്ട്രത്തലവനായി ആക്ട് ചെയ്യുന്നത് സുപ്രീം കോടതി ചീഫ് ജസ്റ്റിസാണ്. ഈ സമയത്ത് സുപ്രീം കോടതിയിലെ ജഡ്ജിമാരിൽ ഏറ്റവും സീനിയറായ ജഡ്ജി ആക്ടിങ് ചീഫ് ജസ്റ്റിസായി പ്രവർത്തിക്കും. പുതിയ പ്രസിഡന്റ് തിരഞ്ഞെടുക്കപ്പെടുന്ന മുറയ്ക്ക് ആക്ടിങ് പ്രസിഡന്റ് പഴയ സ്ഥാനത്ത് തിരിച്ചെത്തും.

1969-ൽ പ്രസിഡന്റ് സക്കീർ ഹുസൈൻ പദവിയിലിരിക്കെ അന്തരിച്ചപ്പോൾ ഉപരാഷ്ട്രപതി വി.വി. ഗിരി ആക്ടിങ് പ്രസിഡന്റായി. എന്നാൽ, പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നതിനുവേണ്ടി അദ്ദേഹം ഉപരാഷ്ട്രപതി സ്ഥാനം രാജിവച്ചപ്പോൾ സുപ്രീം കോടതി ചീഫ് ജസ്റ്റിസായിരുന്ന എം.ഹിദായത്തുള്ള ആക്ടിങ് പ്രസിഡന്റായി. പിൽക്കാലത്ത് ഹിദായത്തുള്ള ഉപരാഷ്ട്രപതിയായി.

ഇന്ത്യയിൽ പ്രോട്ടോക്കോൾ പ്രകാരം (The Order of precedence of the Republic of India) ആറാമതായി ലോക്സഭാസ്പീക്കറുടെ അതേ പദവിയാണ് സുപ്രീം കോടതി ചീഫ് ജസ്റ്റിസിന് നൽകിയിരിക്കുന്നത്.

ഭരണഘടനാപരമായ കേസുകൾ കേൾക്കുന്ന സുപ്രീം കോടതി ബഞ്ചിൽ ഏറ്റവും കുറഞ്ഞത് 5 ജഡ്ജിമാർ ഉണ്ടായിരിക്കണം.

ആർട്ടിക്കിൾ 143 പ്രകാരം പ്രസിഡൻഷ്യൽ റഫറൻസ് നടത്തുന്ന കേസുകളിൽ ഏറ്റവും കുറഞ്ഞത് 5 ജഡ്ജിമാർ ഉണ്ടായിരിക്കണം.

Original jurisdiction, appellate jurisdiction and advisory jurisdiction എന്നിങ്ങനെ മൂന്നുതരം അധികാരങ്ങളാണ് സുപ്രീം കോടതിക്കുള്ളത്.

### ഉൽഭവാധികാരം
**(Original jurisdiction)**

ഏതൊരു പൗരനും ഒരു പ്രശ്നത്തിന്റെ പരാതിയുമായി സുപ്രീം കോടതിയെ നേരിട്ടു സമീപിക്കാനുള്ള അവകാശവും അതിൽ ഇടപെട്ട് പരിഹാരം കാണാനുള്ള സുപ്രീം കോടതിയുടെ അധികാരവുമാണ് ഉദ്ഭവാധികാരം. മൗലികാവകാശങ്ങളുടെ ലംഘനം, കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള തർക്കം, സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കം എന്നിവ ഇതിന്റെ പരിധിയിൽ വരും.

ഭരണഘടന നിലവിൽവരുന്നതിന് മുമ്പ് ഒപ്പുവച്ച കരാറുകളും ഉടമ്പടികളും, അന്തർ സംസ്ഥാന ജല തർക്കങ്ങൾ എന്നിവ ഇതി

ന്റെ പരിധിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

## അപ്പീൽ അധികാരം
## (Appellate jurisdiction)

സിവിൽ–ക്രിമിനൽ കേസുകളിൽ ഹൈക്കോടതി വിധികൾക്കെതിരെ സുപ്രീം കോടതിയെ സമീപിക്കാനുള്ള അധികാരം.

## ഉപദേശാധികാരം
## (Advisory jurisdiction)

പൊതു പ്രാധാന്യമുള്ള വിഷയങ്ങളിലോ നിയമപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വിഷയങ്ങളിലോ പ്രസിഡന്റിന് സുപ്രീം കോടതിയുടെ ഉപദേശം തേടാനുള്ള അധികാരമാണിത്. അനുച്ഛേദം 143–ലാണ് ഇതേക്കുറിച്ച് പ്രതിപാദിക്കുന്നത്. കേരള വിദ്യാഭ്യാസ ബിൽ, ബെറുബാറി കരാർ, കാവേരി തർക്ക പരിഹാര ട്രിബ്യൂണൽ തുടങ്ങിയവ പ്രസിഡന്റ് ഇപ്രകാരം സുപ്രീംകോടതിയുടെ ഉപദേശത്തിനുവിട്ടതിന് ഉദാഹരണങ്ങളാണ്.

ഇന്ത്യൻ പൗരൻമാരുടെ സ്വാതന്ത്ര്യങ്ങളുടെയും മൗലികാവകാശങ്ങളുടെയും രക്ഷാകർത്താവാണ് സുപ്രീം കോടതി. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളെ ലംഘിക്കുന്ന ഏതൊരു നിയമനിർമാണത്തെയും അസാധുവാക്കുന്നതിന് സുപ്രീം കോടതിക്ക് അധികാരമുണ്ട്.

## അഡ് ഹോക് ജഡ്ജി

സുപ്രീം കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ള ഹൈക്കോടതി ജഡ്ജിമാരെയാണ് അഡ് ഹോക് ജഡ്ജിമാരായി നിയമിക്കുന്നത്. വിരമിച്ച സുപ്രീം കോടതി ജഡ്ജിമാരെയും അഡ് ഹോക് ജഡ്ജിയായി നിയമിക്കാം. പ്രസിഡന്റിന്റെ മുൻകൂർ അനുവാദത്തോടെ സുപ്രീം കോടതി ചീഫ് ജസ്റ്റിസാണ് അഡ് ഹോക് ജഡ്ജിമാരുടെ നിയമനം നടത്തുന്നത് (ആർട്ടിക്കിൾ 129).

## സുപ്രീം കോടതിയുടെ അഭിഭാഷകർ

സുപ്രീം കോർട്ട് റൂൾസ് 2013 വ്യവസ്ഥ ചെയ്യുന്നതു പ്രകാരം സുപ്രീം കോടതിയിൽ മൂന്നുതരം അഭിഭാഷകരുണ്ട്.

**അഡ്വക്കേറ്റ് ഓൺ റെക്കോർഡ്:** സുപ്രീം കോർട്ട് റൂൾസ് 2013 ന്റെ റൂൾ 4 പ്രകാരം സുപ്രീം കോടതിയിൽ വാദിക്കാൻ അനുവാദമുള്ളവരാണ് അഡ്വക്കേറ്റ് ഓൺ റെക്കോർഡ് എന്നറിയപ്പെടുന്നത്. അഡ്വക്കേറ്റ് ഓൺ റെക്കോർഡ് ഒഴികെയുള്ളവർക്ക് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യാൻ സാധ്യമല്ല.

**സീനിയർ അഡ്വക്കേറ്റ്:** 1961–ലെ അഡ്വക്കേറ്റ്സ് ആക്ട് പ്രകാരം സുപ്രീം കോടതിയിലും ഹൈക്കോടതിയിലും വാദിക്കാൻ സീനിയർ അഡ്വക്കേറ്റെന്ന നിലയിൽ അനുമതി ലഭിച്ചിട്ടുള്ള അഭിഭാഷകർ. അഡ്വക്കേറ്റ് ഓൺ റെക്കോർഡിന് ഒപ്പമേ ഇവർക്ക് വാദിക്കാൻ കഴിയുകയുള്ളു.

**അഡ്വക്കേറ്റ്സ്:** അഡ്വക്കേറ്റ് ഓൺ റെക്കോർഡിന്റെ നിർദ്ദേശപ്രകാരം ഏതൊരു അഡ്വക്കേറ്റിനും സുപ്രീം കോടതിയിൽ വാദിക്കാം.

## കോർട്ട് ഓഫ് റെക്കോർഡ്

സുപ്രീം കോടതിയുടെ റെക്കോർഡുകൾ അഥവാ വിധിന്യായം മറ്റു കോടതികളിൽ ഹാജരാക്കുന്നപക്ഷം തെളിവായി സ്വീകരിക്കണം (ആർട്ടിക്കിൾ 129). കോടതിയിൽ ഹാജരാക്കുമ്പോൾ അവ ചോദ്യം ചെയ്യപ്പെടാനും പാടില്ല.

## സ്വതന്ത്ര ജുഡിഷ്യറി

സുപ്രീം കോടതിയുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും എക്സിക്യൂട്ടീവിന്റെയും ലെജിസ്ലേച്ചറിന്റെയും സ്വാധീനത്തിനും ഇടപെടലിനും അപ്പുറത്ത് അതിനെ നിലനിർത്തുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജഡ്ജിമാരെ പ്രസിഡന്റാണ് നിയമിക്കുന്നത്. ആവശ്യമെന്നുതോന്നുന്നപക്ഷം അദ്ദേഹം ഇതുസംബന്ധിച്ച് സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരോട് കൂടിയാലോചന നടത്തും. നിയമനത്തിനായുള്ള കുറഞ്ഞ യോഗ്യത വളരെ ഉയർന്നതാണ്. ഇത് ജഡ്ജിമാരുടെ നിയമനത്തിൽ രാഷ്ട്രീയ പരിഗണനകൾ ഒഴിവാകുന്നതിന് സാഹചര്യമൊരുക്കുന്നു. വളരെ ഉയർന്നതാണ് ജഡ്ജിമാരുടെ വിരമിക്കൽ പ്രായം. ഒരിക്കൽ നിയമിതരായാൽ 65 വയസ്സുവരെ പദവിയിൽ തുടരാം. സങ്കീർണമായ ഒരു പ്രക്രിയയിലൂടെ മാത്രമേ അവരെ പദവിയിൽ നിന്ന് നീക്കം ചെയ്യാൻ സാധിക്കൂ. ഇത് കർത്തവ്യങ്ങൾ നിർഭയമായി നിർവഹിക്കാൻ അവരെ പ്രാപ്തരാക്കുന്നു. ജഡ്ജിമാരുടെ ശമ്പളത്തിന് പാർലമെന്റിന്റെ വോട്ടിങ് ആവശ്യമില്ല. ഔദ്യോഗിക പദവിയിലിരുന്നുകൊണ്ട് ജഡ്ജിമാർ എടുക്കുന്ന തീരുമാനങ്ങളും നടത്തുന്ന പ്രവർത്തനങ്ങളും വിമർശനത്തിനു വിധേയമാക്കാറില്ല. സുപ്രീം കോടതിക്ക് അതിന്റെ പൂർണ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപന വിഭാഗമുണ്ട്. അതിലെ ഓഫീസർമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ കോടതി തന്നെയാണ് നിശ്ചയിക്കുന്നത്. ചീഫ് ജസ്റ്റിസാണ് നിയമനങ്ങൾ നടത്തുന്നത്.

## സുപ്രീം കോടതിയും ചില ചരിത്ര മുഹൂർത്തങ്ങളും

ഏറ്റവും സീനിയറായ സുപ്രീം കോടതി ജഡ്ജിയെയാണ് ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യയായി നിയമിക്കാറുള്ളത്. എന്നാൽ, ഈ കീഴ്വഴക്കം ലംഘിക്കപ്പെട്ട അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. 1973–ൽ ഇന്ദിര ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സീനിയോരിറ്റി മറികടന്ന് ജസ്റ്റിസ് എ.എൻ.റേയെ ചീഫ് ജസ്റ്റിസായി നിയമിച്ചു. 1977–ൽ ഏറ്റവും സീനീയറായ ജഡ്ജിയായിരുന്ന എച്ച്.ആർ. ഖന്നയെ മറികടന്ന് ജൂനിയറായ ജസ്റ്റിസ് ബെഗിനെ ചീഫ് ജസ്റ്റിസായി നിയമിച്ചു. ഇതേത്തുടർന്ന് ഖന്ന രാജിവച്ചു. ഫിനാൻസ് കമ്മിഷൻ ചെയർമാനാകാനുള്ള മൊറാർജി സർക്കാരിന്റെ ക്ഷണം അദ്ദേഹം നിരസിച്ചു. എന്നാൽ, 1977–79 കാലയളവിൽ നിയമ കമ്മിഷന്റെ ചെയർമാനായി. പിന്നീട് അദ്ദേഹം ചരൺസിങ് മന്ത്രിസഭയിൽ നിയമമന്ത്രിയായി (1977). പക്ഷേ, മൂന്നു ദിവസത്തിനുശേഷം രാജിവച്ചു. 1982–ൽ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർഥിയായ സെയിൽസിങിനെതിരെ പ്രതിപക്ഷപാർട്ടികളുടെ സംയുക്ത സ്ഥാനാർഥിയായി മത്സരിക്കുകയും ചെയ്തു.

കേശവാനന്ദ ഭാരതി കേസിൽ ഭരണഘടനയുടെ അടിസ്ഥാനഘടന മാറ്റുന്നതിന് പാർലമെന്റിന് അധികാരമില്ല എന്ന് പ്രസ്താവിച്ച ന്യായാധിപനാണ് എച്ച്.ആർ. ഖന്ന.

1975–ൽ പ്രഖ്യാപിക്കപ്പെട്ട ആഭ്യന്തര അടിയന്തരാവസ്ഥക്കാലത്ത് ഭരണഘടനയുടെ 39–ാം ഭേദഗതിയിലൂടെ, ജുഡീഷ്യൽ റിവ്യുവിനുള്ള സുപ്രീം കോടതിയുടെ അധികാരങ്ങൾക്ക് നിയന്ത്രണം കൊണ്ടുവന്നു. പ്രതിപക്ഷത്തെ പ്രധാന നേതാക്കൾ ജയിലിലായിരിക്കെ 1976–ൽ കൊണ്ടുവന്ന 42–ാം ഭേദഗതിയിലൂടെ, ഭരണഘടനാ ഭേദഗതികൾ പുന:പരിശോധിക്കാനുള്ള കോടതികളുടെ അധികാരം തടഞ്ഞു. അടിയന്തരാവസ്ഥ പിൻവലിച്ചതിനുശേഷം സുപ്രീം കോടതി 42–ാം ഭേദഗതിയുടെ absoluteness നിരാകരിക്കുകയും ജുഡീഷ്യൽ റിവ്യുവിനുള്ള സുപ്രീം കോടതിയുടെ അധികാരത്തെ മിനർവ മിൽ കേസിന്റെ വിധിയിലൂടെ അടിവരയിട്ട് ഉറപ്പിക്കുകയും ചെയ്തു.

1977–ൽ ഇന്ദിര ഗാന്ധിയെ പരാജയപ്പെടുത്തി അധികാരത്തിൽവന്ന മൊറാർജി ദേശായി സർക്കാരിൽ നിയമമന്ത്രിയായിരുന്ന ശാന്തിഭൂഷൺ ഒരു കൂട്ടം ഭേദഗതികൾ കൊണ്ടുവരികയും അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ കുറച്ചുകൂടി സങ്കീർണമാക്കുകയും ഒപ്പം സുപ്രീം കോടതിയുടെ അധികാരങ്ങൾ പുനസ്ഥാപിക്കുകയും ചെയ്തു.

അടിയന്തരാവസ്ഥ പിൻവലിച്ചതിനുശേഷം ആർട്ടിക്കിൾ 21 ന് പുതിയ വ്യാഖ്യാനങ്ങളിലൂടെ കൂടുതൽ മാനങ്ങൾ കൈവന്നതു പ്രകാരം ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിൽ ഉരുത്തിരിഞ്ഞ ഒരു പുതിയ ഉപാധിയാണ് പൊതു താൽപര്യ ഹർജികൾ. പി.എൻ.ഭഗവതി, വി.ആർ.കൃഷ്ണയ്യർ തുടങ്ങിയ ജഡ്ജിമാർ ഇതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചത്. വിദ്യാഭ്യാസം, ഭക്ഷണം, പരിസ്ഥിതി തുടങ്ങിയവ സംബന്ധമായ നിരവധി വ്യവഹാരങ്ങൾക്ക് ഇത് വഴിതെളിച്ചു.

## സുപ്രീം കോടതിയുടെ ചരിത്രത്തിലെ ചില വ്യക്തികൾ

ഹിരലാൽ ജെ. കനിയ ആണ് സുപ്രീം കോടതിയിലെ ആദ്യത്തെ ചീഫ് ജസ്റ്റിസ്. ബോംബെ ഹൈക്കോടതിയിൽനിന്നാണ് അദ്ദേഹം ഈ പദവിയിലെത്തിയത്. പദവിയിലിരിക്കെ അന്തരിച്ച ആദ്യ ചീഫ് ജസ്റ്റിസാണ് ഹിരലാൽ ജെ. കനിയ.

ദക്ഷിണേന്ത്യയിൽനിന്ന് ഈ പദവിയിലെത്തിയ ആദ്യത്തെ വ്യക്തിയാണ് രണ്ടാമത്തെ ചീഫ് ജസ്റ്റിസായിരുന്ന എം.പതഞ്ജലി ശാസ്ത്രി.

രാജിവച്ച ആദ്യത്തെ ചീഫ് ജസ്റ്റിസാണ് ബിജൻ കുമാർ മുഖർജി. ഇന്ത്യയുടെ നാലാമത്തെ ചീഫ് ജസ്റ്റിസായിരുന്നു.

ഏറ്റവും കൂടുതൽ കാലം സുപ്രീം കോടതി ചീഫ് ജസ്റ്റിസ് പദം വഹിച്ചത് വൈ.വി.ചന്ദ്രചൂഡ് ആണ്. ഏറ്റവും കാലം സുപ്രീം കോടതി ചീഫ് ജസ്റ്റിസ് പദം വഹിച്ചത് കമൽ നാരായൺ സിങ് (17 ദിവസം).

ഏറ്റവും കൂടുതൽ കാലം സുപ്രീം കോടതി ജഡ്ജിയായിരുന്നത് പി.എൻ.ഭഗവതി.

ഇന്ത്യയിൽ ചീഫ് ജസ്റ്റിസായ ആദ്യ പാഴ്സി മതസ്ഥനാണ് എസ്.എച്ച്.കപാഡിയ (2010).

ഇസ്ലാം മതസ്ഥനായ ആദ്യ ചീഫ് ജസ്റ്റിസാണ് എം.ഹിദായത്തുള്ള.

പാർലമെന്റിന്റെ ഇംപീച്ച്മെന്റ് നേരിട്ട ആദ്യത്തെ സുപ്രീം കോടതി ജഡ്ജിയാണ് വി.രാമസ്വാമി (1993). ലോക്സഭയിൽ ഹാ

## ഹൈക്കോടതികളും ആസ്ഥാനവും

| പേര് | വർഷം | അധികാരപരിധി | ആസ്ഥാനം |
|---|---|---|---|
| 1. അലഹബാദ് | 1866 | ഉത്തർപ്രദേശ് | അലഹബാദ് (ബഞ്ച് –ലക്നൗ) |
| 2. ആന്ധ്രാപ്രദേശ് | 1956 | ആന്ധ്രാപ്രദേശ് | ഹൈദരാബാദ് |
| 3. മുംബൈ | 1862 | മഹാരാഷ്ട്ര, ഗോവ, ദദ്രാനഗർ | മുംബൈ (ബഞ്ച്–നാഗ്പൂർ, |
| | | ഹവേലി, ദാമൻ, ദിയു | പനാജി, ഔറംഗബാദ്) |
| 4. കൽക്കട്ട | 1862 | പശ്ചിമബംഗാൾ | കൊൽക്കത്ത (സർക്യൂട്ട് ബഞ്ച്– പോർട്ട് ബ്ലയർ) |
| 5. ഛത്തിസ്ഗഡ് | 2000 | ഛത്തിസ്ഗഡ് | ബിലാസ്പൂർ |
| 6. ഡൽഹി | 1966 | ഡൽഹി | ഡൽഹി |
| 7. ഗുവാഹത്തി | 1948 | അസം, നാഗാലാൻഡ്, | ഗുവാഹത്തി (ബഞ്ച് |
| | | മിസോറാം, അരുണാചൽപ്രദേശ് | –കൊഹിമ, ഐസ്വാൾ, ഇറ്റാനഗർ) |
| 8. ഗുജറാത്ത് | 1960 | ഗുജറാത്ത് | അഹമ്മദാബാദ് |
| 9. ഹിമാചൽപ്രദേശ് | 1971 | ഹിമാചൽപ്രദേശ് | ഷിംല |
| 10. ജമ്മു–കാശ്മീർ | 1928 | ജമ്മു–കാശ്മീർ | ശ്രീനഗർ, ജമ്മു |
| 11. ജാർഖണ്ഡ് | 2000 | ജാർഖണ്ഡ് | റാഞ്ചി |
| 12. കർണാടക | 1884 | കർണാടക | ബാംഗ്ലൂർ |
| 13. കേരളം | 1956 | കേരളം, ലക്ഷദ്വീപ് | എറണാകുളം |
| 14. മധ്യപ്രദേശ് | 1956 | മധ്യപ്രദേശ് | ജബൽപൂർ (ബഞ്ച്–ഗ്വാളിയർ,ഇൻഡോർ) |
| 15. മദ്രാസ് | 1862 | തമിഴ്നാട്, പുതുച്ചേരി | ചെന്നൈ (ബഞ്ച്–മധുര) |
| 16. ഒറീസ | 1948 | ഒറീസ | കട്ടക് |
| 17. പാറ്റ്ന | 1916 | ബീഹാർ | പാറ്റ്ന |
| 18. പഞ്ചാബ് | 1966 | പഞ്ചാബ്, ഹരിയാന, ചണ്ഡിഗഡ് | ചണ്ഡിഗഡ് |
| 19. രാജസ്ഥാൻ | 1949 | രാജസ്ഥാൻ | ജോധ്പൂർ (ബഞ്ച് ജയ്പൂർ) |
| 20. സിക്കിം | 1975 | സിക്കിം | ഗാങ്ടോക്ക് |
| 21. ഉത്തരാഞ്ചൽ | 2000 | ഉത്തരാഞ്ചൽ | നൈനിത്താൾ |
| 22. മണിപ്പൂർ | 2013 | മണിപ്പൂർ | ഇംഫാൽ |
| 23. മേഘാലയ | 2013 | മേഘാലയ | ഷില്ലോങ് |
| 24. ത്രിപുര | 2013 | ത്രിപുര | അഗർത്തല |

ജരായ 401 അംഗങ്ങളിൽ 196 പേർ ഇംപീച്ച്മെന്റ് പ്രമേയത്തെ അനുകൂലിക്കുകയും 205 പേർ വിട്ടുനിൽക്കുകയും ചെയ്തു. അങ്ങനെ പ്രമേയം പരാജയപ്പെട്ടു.

ലോക്സഭയിൽ ഇംപീച്ച്മെന്റ് നേരിട്ട രണ്ടാമത്തെ ന്യായാധിപനാണ് കൽക്കത്ത ഹൈക്കോടതി ജഡ്ജിയായിരുന്ന സൗമിത്ര സെൻ. 2011 ഓഗസ്റ്റ് 18–ന് രാജ്യസഭയിൽ അവതരിപ്പിച്ച ഇംപീച്ച്മെന്റ് പ്രമേയത്തെ 189 പേർ അനുകൂലിക്കുകയും 17 പേർ എതിർക്കുകയും ചെയ്തു. രാജ്യസഭയിൽ പ്രമേയം പാസായതിനാൽ 2011 സെപ്തംബർ 5,6 തീയതികളിൽ അത് ലോക്സഭയുടെ പരിഗണനയ്ക്ക് കൊണ്ടുവരാനിരിക്കെ സെപ്തംബർ ഒന്നിന് സെൻ രാജിവച്ചു. ആ സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് ലോക്സഭ തീരുമാനിച്ചു.

രാജിസമർപ്പിച്ചതുവഴി ഇംപീച്ച്മെന്റ് നടപടിയിൽനിന്ന് ഒഴിവാക്കപ്പെട്ട മറ്റൊരു ജഡ്ജിയാണ് സിക്കിം ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന പി.ഡി.ദിനകരൻ (2011 ജൂലൈ).

സുപ്രീം കോടതിയിൽ ജഡ്ജിയായ ആദ്യ മലയാളി പി.ഗോവിന്ദമേനോനാണ്. ഈ പദവിയിലെത്തിയ ആദ്യ മലയാളി വനിത എം.എസ്. ഫാത്തിമാ ബീവിയാണ്. സുപ്രീംകോടതി ജഡ്ജിയായ രണ്ടാമത്തെ വനിതയാണ് സുജാത വി.മനോഹർ.

സുപ്രീം കോടതി ചീഫ് ജസ്റ്റിസ് പദത്തിലെത്തിയ ആദ്യത്തെ മലയാളിയാണ് കെ.ജി. ബാലകൃഷ്ണൻ (2007). സുപ്രീം കോടതിയുടെ 37–ാമത്തെ ചീഫ് ജസ്റ്റിസായിരുന്നു.

ദളിത് വിഭാഗത്തിൽനിന്ന് സുപ്രീം കോടതി ജഡ്ജി (2000), സുപ്രീം കോടതി ചീഫ് ജസ്റ്റിസ് (2007) എന്നീ പദവികളിലെത്തിയ ആദ്യ വ്യക്തിയാണ് കെ.ജി.ബാലകൃഷ്ണൻ.

സുപ്രീം കോടതി ചീഫ് ജസ്റ്റിസ് പദം വഹിച്ചശേഷം സംസ്ഥാന ഗവർണറായ ആദ്യ വ്യക്തിയാണ് ജസ്റ്റിസ് (റിട്ട.) പി.സദാശിവം. തമിഴ്നാട് സ്വദേശിയായ അദ്ദേഹം കേരളത്തിലാണ് ഗവർണറായത് (2014).

## ഹൈക്കോടതി

* ഓരോ സംസ്ഥാനത്തിനും ആ സംസ്ഥാനത്തിനുള്ളിൽ അധികാരപരിധിയോടുകൂടി ഓരോ ഹൈക്കോടതിയുണ്ട്. കൊൽക്കത്ത, ബോംബെ, മദ്രാസ് എന്നിവയാണ് ഇന്ത്യയിൽ ആദ്യമായി സ്ഥാപിച്ച ഹൈക്കോടതികൾ. ഹൈക്കോടതിയിൽ ഒരു ചീഫ് ജസ്റ്റിസും മറ്റ് ജഡ്ജിമാരും ഉണ്ടാവും. പാർലമെന്റാണ് അതതുസമയത്ത് ഓരോ ഹൈക്കോടതിയിലെയും ജഡ്ജിമാരുടെ എണ്ണം നിശ്ചയിക്കുന്നത്.

## ഹൈക്കോടതിയുടെ അധികാരങ്ങൾ

* സംസ്ഥാനത്തെ എല്ലാ കോടതികളുടെയും മേൽനോട്ടം.
* മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുക.
* കോടതിയലക്ഷ്യത്തിന് ശിക്ഷിക്കാനുള്ള അധികാരം.
* നിയമസഭാ തിരഞ്ഞെടുപ്പുകൾ സംബന്ധമായ കേസുകൾ പരിഗണിക്കാനുള്ള അധികാരം.
* ഭരണഘടനയെ വ്യാഖ്യാനിക്കാനുള്ള കേസുകളെ കീഴ്ക്കോടതിയിൽനിന്ന് ഹൈക്കോടതിയിലേക്ക് മാറ്റാനുള്ള അധികാരം.
* ഹൈക്കോടതി സ്റ്റാഫിനെ നിയമിക്കാനുള്ള അധികാരം.

## ഹൈക്കോടതി ചീഫ് ജസ്റ്റിസ്

* ഹൈക്കോടതിയുടെ ഭരണച്ചുമതല ഹൈക്കോടതി ചീഫ് ജസ്റ്റിസിനാണ്. രാഷ്ട്രപതിയാണ് ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ നിയമിക്കുന്നത്.

## ഹൈക്കോടതി ജഡ്ജി

* കുറഞ്ഞത് പത്തുവർഷം ഒരു ഹൈക്കോടതിയിൽ അഭിഭാഷകവൃത്തിയിലേർപ്പെട്ടിട്ടുള്ള ഇന്ത്യൻ പൗരന് ഹൈക്കോടതി ജഡ്ജിയാകാം. രാഷ്ട്രപതിയാണ് ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുന്നത്. സംസ്ഥാന ഗവർണറാണ് ഹൈക്കോടതി ജഡ്ജിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുക്കുന്നത്. ഹൈക്കോടതി ജഡ്ജിയുടെ വിരമിക്കൽ പ്രായം 62 വയസ്സാണ്. സ്ഥാനമൊഴിയാൻ ആഗ്രഹിക്കുന്ന പക്ഷം ഹൈക്കോടതി ജഡ്ജി രാജി സമർപ്പിക്കേണ്ടത് രാഷ്ട്രപതിക്കാണ്. കർത്തവ്യലംഘനം നടത്തിയാൽ പാർലമെന്റിന്റെ ശുപാർശ പ്രകാരം പ്രസിഡന്റാണ് ഹൈക്കോടതി ജഡ്ജിമാരെ പിരിച്ചുവിടുന്നത്.
* ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്യുന്നത് ആർട്ടിക്കിൾ 226 പ്രകാരമാണ്.
* ഹൈക്കോടതിയിൽ ഒരു ജഡ്ജി മാത്രം ഉൾപ്പെട്ട സിംഗിൾ ബെഞ്ചും രണ്ട് ജഡ്ജിമാരുൾപ്പെട്ട ഡിവിഷൻ ബെഞ്ചും രണ്ടിൽക്കൂടുതൽ ജഡ്ജിമാർ ഉൾപ്പെട്ട ഫുൾ ബെഞ്ചുമായിട്ട് തിരിച്ചിട്ടുണ്ട്.
* ഏറ്റവും കൂടുതൽ ജഡ്ജിമാരുള്ളതും ഏറ്റവും കൂടുതൽ വിസ്തീർണത്തിൽ അധികാരപരിധിയുള്ളതും അലഹബാദ് ഹൈക്കോടതിക്കാണ്.
* രണ്ടു സംസ്ഥാനങ്ങളും (മഹാരാഷ്ട്ര, ഗോവ)രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളും (ദദ്ര–നഗർ ഹവേലിയും ദാമൻ ദിയുവും) അധികാര പരിധിയിൽവരുന്ന ഹൈക്കോടതിയാണ് മുംബൈ ഹൈക്കോടതി.
* ഏറ്റവും കൂടുതൽ സംസ്ഥാനങ്ങളിൽ (4) അധികാരപരിധിയുള്ളത് ഗുവഹത്തി ഹൈക്കോടതിക്കാണ് (അസം, അരുണാചൽ പ്രദേശ്, നാഗാലാൻഡ്, മിസൊറം).

പരിസ്ഥിതി സംബന്ധമായ കേസുകൾക്കായി ഗ്രീൻ ബെഞ്ച് സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ ഹൈക്കോടതിയാണ് കൊൽക്കത്ത ഹൈക്കോടതി.

## സബോർഡിനേറ്റ് കോടതികൾ

* നീതിന്യായ വ്യവസ്ഥയെ എക്സിക്യൂട്ടീവിൽനിന്ന് വേർതിരിക്കുക എന്നത് രാഷ്ട്രനയ നിർദ്ദേശക തത്ത്വങ്ങളിൽ ഒന്നാണ്. സബോർഡിനേറ്റ് കോടതികളെ സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകൾക്ക് രണ്ട് ലക്ഷ്യങ്ങളാണുള്ളത്. ഒന്നാമത്തേത്, ജില്ലാ ജഡ്ജിമാരുടെയും അതിന് താഴെയുള്ള ജഡ്ജിമാരുടെയും നിയമന യോഗ്യത സംബന്ധിച്ചാണ്. രണ്ടാമത്തേത് മുഴുവൻ സിവിൽ ജുഡീഷ്യറിയെയും സംസ്ഥാന ഹൈക്കോടതിയുടെ കീഴിൽ കൊണ്ടുവരിക എന്നതും.
* ജില്ലാക്കോടതികൾ, ഇതര കോടതികൾ എന്നിങ്ങനെ സംബോർഡിനേറ്റ് കോടതികളെ രണ്ടായി വിഭജിച്ചിട്ടുണ്ട്. ഹൈക്കോടതിയെ കൺസൾട്ട് ചെയ്തശേഷം ഗവർണറാണ് ജില്ലാക്കോടതിയിലെ ജഡ്ജിമാരെ നിയമിക്കുന്നത്. ഭരണഘടനാ അനുച്ഛേദം 233(2) പ്രകാരം കേന്ദ്ര –സംസ്ഥാന സർവീസുകളിൽ ഉൾപ്പെടാത്ത ഒരു വ്യക്തിയെ ജില്ലാ ജഡ്ജിയായി നിയമിക്കണമെങ്കിൽ അദ്ദേഹത്തിന് ഒരു നിർദ്ദിഷ്ട കാലയളവിൽ കുറയാത്ത പരിചയം അഭിഭാഷകനായോ പ്ളീഡറായോ ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.
* ജില്ലാ ജഡ്ജിയുടെ നിയമനം ഒഴികെയുള്ള നിയമനങ്ങൾ സംസ്ഥാന ജുഡീഷ്യൽ സർവീസിലേക്ക് നടത്തുന്നതിന് ഹൈക്കോടതിയുമായും പബ്ലിക് സർവീസ് കമ്മിഷനുമായും കൺസൾട്ടേഷൻ നടത്തിയശേഷം രൂപവത്കരിക്കുന്ന ചട്ടങ്ങൾക്കനുസരണമായിരിക്കും. മിക്ക സംസ്ഥാനങ്ങളിലും അവിടുത്ത ജുഡീഷ്യൽ സർവീസിലേക്ക് നിയമനം നടത്തുന്നത് അതത് പബ്ലിക് സർവീസ് കമ്മിഷനുകളാണ്. ഇതിന് നിശ്ചിത വിദ്യാഭ്യാസ/ പ്രൊഫഷണൽ യോഗ്യതകൾ പിഎസ്‌സി നിഷ്കർഷിക്കുന്നു. ഒരു നിശ്ചിത കാലയളവ് അഭിഭാഷകനായോ പ്ലീഡറായോ ഉള്ള പരിചയം മുഖ്യ യോഗ്യതകളിലൊന്നാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾക്ക് നിശ്ചിത കാലയളവ് പ്രത്യേക പരിശീലനം നൽകിയശേഷമാണ് റഗുലർ സർവീസിൽ നിയമിക്കുന്നത്. അതോടെ തങ്ങളുടെ ഉത്തരവാദിത്വ നിർവഹണത്തിൽ അവർ സംസ്ഥാന ഹൈക്കോടതിയുടെ കീഴിൽവരും.
* സബോർഡിനേറ്റ് കോടതികളുടെ മേൽ ഹൈക്കോടതിക്കുള്ള നിയന്ത്രണത്തെക്കുറിച്ചും അതിന്റെ വ്യാപ്തിയെക്കുറിച്ചും അനുച്ഛേദം 235–ൽ പ്രതിപാദിച്ചിരിക്കുന്നു. അതുപ്രകാരം ജില്ലാക്കോടതിയിലെയും അതിനുതാഴെയുള്ള കോടതികളിലെയും നിയമനം, സ്ഥാനക്കയറ്റം, സ്റ്റേറ്റ് ജുഡീഷ്യൽ സർവീസ് ഉദ്യോഗസ്ഥരുടെ അവധി തുടങ്ങിയ കാര്യങ്ങളിൽ ഹൈക്കോടതിക്ക് നിയന്ത്രണാധികാരമുണ്ട്. റഗുലർ ജുഡീഷ്യൽ സർവീസിലല്ലാത്ത മജിസ്ട്രേറ്റുമാരെയും ഈ വ്യവസ്ഥയുടെ പരിധിയിൽ കൊണ്ടുവരുന്നതിലേക്കായി ഇതിന്റെ വ്യാപ്തി വിപുലീകരിക്കുന്നതിന് ഗവർണർക്ക് അധികാരമുണ്ട്.
* രാജ്യമൊട്ടാകെയുള്ള സബോർഡിനേറ്റ് കോടതികളുടെ ഘടനയ്ക്കും പ്രവർത്തനത്തിനും ഏകീകൃത സ്വഭാവമുണ്ട്. ജുഡീഷ്യൽ അഡ്മിനിസ്ട്രേഷനുവേണ്ടി ഓരോ സംസ്ഥാനത്തിനെയും നിരവധി ജില്ലകളായി തിരിച്ച് ഓരോ ജില്ലാ ജഡ്ജിയുടെ കീഴിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിനുകീഴിൽ വിവിധതരം അധികാര പരിധികളുള്ള ജുഡീഷ്യൽ ഓഫീസർമാരുടെ ഒരു ശ്രേണി പ്രവർത്തിക്കുന്നു.

## സെഷൻസ് കോടതികളും സിവിൽ കോടതികളും

* ക്രിമിനൽ കേസുകളിൽ വാദം കേൾക്കുന്ന കോടതികളാണ് സെഷൻസ് കോടതികൾ. കൊലപാതകം, മോഷണം, ആക്രമണം, വഞ്ചന, നികുതി വെട്ടിപ്പ് തുടങ്ങിയവ സംബന്ധമായ കേസുകളിലാണ് സെഷൻസ് കോടതികളിൽ വിചാരണ നടക്കുന്നത്.
* സിവിൽ കോടതികളിൽ സിവിൽ കേസിലാണ് വാദം കേൾക്കുന്നത്. സാധാരണമായി വസ്തു–അവകാശ തർക്കങ്ങൾ, വിവാഹമോചനം, വസ്തുവകകൾക്ക് നാശം വരുത്തൽ തുടങ്ങിയ കേസുകളിലാണ് വിചാരണ നടക്കുന്നത്.

## വാഹനാപകട നഷ്ട പരിഹാര കോടതികൾ

* വാഹനാപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ അപകടത്തിൽപ്പെട്ട വ്യക്തിക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക കാലതാമസം കൂടാതെ കൊടുക്കുന്നതിനു വേണ്ടിയാണ് വാഹനാപകട നഷ്ട പരിഹാര കോടതികൾ സ്ഥാപിച്ചിരിക്കുന്നത്. ഇത്തരം കോടതികളുടെ മേൽനോട്ടം ഹൈക്കോടതിക്കാണ്.

## കുടുംബ കോടതികൾ

* 1984–ലെ കുടുംബ കോടതി നിയമപ്രകാരം പത്തുലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങളിൽ കുടുംബ കോടതികൾ സ്ഥാപിക്കണം.
* ദമ്പതികൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞ് രമ്യതയിലാക്കുന്നതിനും കുടുംബങ്ങളിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനും വേഗത്തിൽ തീർപ്പുണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് കുടുംബ കോടതികൾ സ്ഥാപിച്ചിരിക്കുന്നത്.

## ഉപഭോക്തൃ കോടതികൾ

* പ്രതിഫലം നൽകി കൈപ്പറ്റുന്ന സാധനങ്ങൾക്ക് എന്തെങ്കിലും ന്യൂനതകളോ സേവനത്തിന് എന്തെങ്കിലും പോരായ്മകളോ ഉണ്ടെങ്കിൽ ഉപഭോക്താവിന് നഷ്ടപരിഹാരത്തിന് സമീപിക്കുന്നതിനുള്ള സംവിധാനമാണ് ഉപഭോക്തൃ കോടതികൾ.

## ലോക് അദാലത്ത്

* ജനകീയ കോടതി (പീപ്പിൾസ് കോർട്ട്) എന്നാണ് ലോക് അദാലത്ത് എന്ന വാക്കിനർഥം. വാദിയെയും പ്രതിയെയും കോടതിയിൽ വിളിച്ചുവരുത്തി പരസ്പര സമ്മതത്തോടെ കേസുകൾ തീർപ്പാക്കുന്ന രീതിയാണിത്.
* സാധാരണ കോടതികളിൽനിന്ന് വ്യത്യസ്തമായി സർക്കാർ തന്നെയാണ് ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നത്. കോടതികളുടെയും ജഡ്ജിമാരുടെയും എണ്ണം അപര്യാപ്തമാകുക, കേസുകൾ കെട്ടിക്കിടക്കുക, കോടതിയിൽ കേസ് വാദിക്കാനും പ്രതിവാദം നടത്താനും വേണ്ട ചെലവ് താങ്ങാനാവാത്ത അവസ്ഥ വരിക എന്നീ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ലോക് അദാലത്ത് രൂപവത്കരിക്കുന്നത്. ലോക് അദാലത്തിനെ അനുകൂലിച്ചിരുന്ന സുപ്രീം കോടതി ജഡ്ജിയാണ് പി.എൻ. ഭഗവതി. 1982 മാർച്ച് പതിനാലിന് ഗുജറാത്തിലെ ജുനഗഢിലാണ് ആദ്യ ലോക് അദാലത്ത് നടന്നത്. തമിഴ്നാട്ടിൽ ചെന്നൈയിൽ 1986–ൽ ലോക്അദാലത്ത് നടന്നതോടെ ദക്ഷിണേന്ത്യയിലും അതിന് തുടക്കമായി.

## ലോക്പാൽ

* സ്വീഡനിലെ ഓംബുഡ്സ്മാന്റെ മാതൃകയിൽ 2013–ലെ ലോക്പാൽ ആൻഡ് ലോകായുക്താസ് ആക്ട് പ്രകാരം നിലവിൽ വന്ന പദവിയാണ് ലോക്പാൽ. പാർലമെന്റംഗങ്ങൾ, കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തുകയാണ് ലോക്പാലിന്റെ ദൗത്യം. അണ്ണാ ഹസാരെ നടത്തിയ സമരത്തെത്തുടർന്നാണ് ഗവൺമെന്റ് ലോക്പാൽ നിയമം പാസാക്കുന്നതിന് നിർബന്ധിതമായത്. ഇന്ത്യ എഗയിൻസ്റ്റ് കറപ്ഷൻ എന്ന പ്രസ്ഥാനമാണ് അതിനായി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അതിനുവേണ്ടി സമരം നടത്തിയത്. ജനസംരക്ഷകൻ എന്ന് അർഥമുള്ള ലോക്പാൽ എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് എൽഎം സിങ്‌വി ആണ് (1963).
* ലോകായുക്തയെയും ലോക്പാലിനെയും നിയമിക്കണമെന്ന് ഇടക്കാല റിപ്പോർട്ടിൽ ശുപാർശ ചെയ്ത അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ അധ്യക്ഷൻ മൊറാർജി ദേശായി ആയിരുന്നു (1966).
* 2014 ജനുവരി ഒന്നിനാണ് ലോകായുക്ത ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത്. 2014 ജനുവരി 16 മുതലാണ് പ്രാബല്യത്തിൽ വന്നത്.
* നാലാം ലോക്സഭയുടെ കാലത്ത് 1968–ലാണ് ആദ്യമായി ലോക്പാൽ ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്. രാജ്യസഭ പാസാക്കുന്നതിനുമുമ്പ് ലോക്സഭ പിരിച്ചുവിട്ടതിനാൽ ബിൽ ലാപ്സായി.
* 1971–ൽ മഹാരാഷ്ട്രയിലാണ് ആദ്യമായി ലോകായുക്ത സംവിധാനം നിലവിൽ വന്നത്.

## ദേശീയ ഹരിത ട്രൈബ്യൂണൽ

* 2010–ലെ നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ആക്ട് പ്രകാരം 2010 ഒക്ടോബർ 18–ന് ന്യൂഡൽഹി ആസ്ഥാനമായി നാഷണൽ ഗ്രീൻ ട്രിബ്യൂണൽ നിലവിൽവന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരമാണ് ഇത് സ്ഥാപിച്ചിരിക്കുന്നത്. ഭോപ്പാൽ, പൂനെ, കൊൽക്കത്ത, ചെന്നൈ എന്നിവിടങ്ങളിലും ട്രിബ്യൂണലിന്റെ സിറ്റിങ് നടക്കുന്നുണ്ട്. പരിസ്ഥിതി സംബന്ധമായ കേസുകളാണ് ട്രിബ്യൂണൽ കൈകാര്യം ചെയ്യുന്നത്. ജസ്റ്റിസ് ലോകേശ്വർ സിങ് പാണ്ഡെയാണ് ട്രിബ്യൂണലിന്റെ ആദ്യ ചെയർമാൻ

# ലോകപ്രശസ്ത പുരസ്കാരങ്ങൾ–5

### യുനെസ്കോ പീസ് പ്രൈസ്

* സമാധാനപരമായ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളെയും സംഘടനകളെയും അംഗീകരിക്കാൻ യുനെസ്കോ നൽകുന്ന ഈ പുരസ്കാരം ലിറ്റിൽ നൊബേൽ എന്നറിയപ്പെടുന്നു. അന്താരാഷ്ട്ര സമാധാന ദിനമായ സെപ്തംബർ 18ന് യുനെസ്കോ ആസ്ഥാനമായ പാരിസിൽവച്ചാണ് അവാർഡ് നൽകുന്നത്.

### വൈറ്റ്‌ലി (Whitley) അവാർഡ്

പരിസ്ഥിതി സംരക്ഷണ രംഗത്തെ പ്രവർത്തന മികവിന് Whitley Fund for Nature എന്ന പ്രസ്ഥാനം വൈറ്റ്‌ലി അവാർഡ് നൽകിവരുന്നു. 30000 പൗണ്ടാണ് സമ്മാനത്തുക. ഓരോ വർഷത്തെയും അവാർഡ് ജേതാക്കളിൽ നിന്ന് ഒരാളെ ഗോൾഡ് അവാർഡിന് തിരഞ്ഞെടുത്ത് 30000 പൗണ്ട് കൂടി നൽകും. ഗ്രീൻ ഓസ്കർ എന്നറിയപ്പെടുന്നത് വൈറ്റ്‌ലി ഗോൾഡ് അവാർഡാണ്.

### വൂൾഫ് പ്രൈസ്

* പ്രൊഫ. റിക്കാർഡോ വൂൾഫ് സ്ഥാപിച്ച വൂൾഫ് ഫൗണ്ടേഷൻ 1978 മുതൽ നൽകിവരുന്ന പുരസ്കാരമാണിത്. ഇസ്രയേലിന്റെ നൊബേൽ സമ്മാനം എന്നാണിതറിയപ്പെടുന്നത്. അഗ്രികൾച്ചർ, കെമിസ്ട്രി, മാത്തമാറ്റിക്സ്, മെഡിസിൻ, ഫിസിക്സ്, ആർട്സ് വിഷയങ്ങളിലാണ് അവാർഡ് നൽകുന്നത്. ആർട്സ് അവാർഡ് ആർക്കിടെക്ചർ, മ്യൂസിക്, പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ ആവർത്തനക്രമത്തിൽ നൽകിവരുന്നു.
* ഫിസിക്സിലും കെമിസ്ട്രിയിലുമുള്ള വൂൾഫ് സമ്മാനങ്ങൾ ആ വിഷയങ്ങളിലെ നൊബേൽ സമ്മാനം കഴിഞ്ഞാൽ ഏറ്റവും വിശിഷ്ട പുരസ്കാരമായി കരുതപ്പെടുന്നു.
* അഗ്രികൾച്ചർ അവാർഡ് ആ വിഷയത്തിലെ നൊബേൽ സമ്മാനമായി വിശേഷിപ്പിക്കാറുണ്ട്.

### വേൾഡ് ഫുഡ് പ്രൈസ്

* നൊബൽ ജേതാവ് നോർമൻ ബോർലോഗ് 1986–ൽ ഏർപ്പെടുത്തിയ അവാർഡ് ഭക്ഷ്യ മേഖലയിലെ മഹത്തായ സംഭാവനകളെ ആദരിക്കാനാണ് നൽകുന്നത്. ലോക ഭക്ഷ്യദിനമായ ഒക്ടോബർ 16 ആണ് പുരസ്കാര സമർപ്പണദിനം. ആദ്യമായി ഈ പുരസ്കാരം നേടിയ ഭാരതീയൻ ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവായ ഡോ. എം.എസ്. സ്വാമിനാഥനാണ് (1987). ധവളവിപ്ലവത്തിന്റെ പിതാവായ ഡോ. വർഗീസ് കുര്യൻ 1989–ൽ ഈ അംഗീകാരം നേടി.

### വേൾഡ് സ്റ്റേറ്റ്സ്മാൻ അവാർഡ്

ന്യൂയോർക്ക് ആസ്ഥാനമായുള്ള അപ്പീൽ ഓഫ് കോൺഷ്യൻസ് ഫൗണ്ടേഷൻ നൽകുന്ന പുരസ്കാരമാണ് വേൾഡ് സ്റ്റേറ്റ്സ്മാൻ അവാർഡ്. സമാധാനവും, സഹിഷ്ണുതയും പ്രോത്സാഹിപ്പിക്കുന്നതിനും വംശീയ സംഘർഷങ്ങൾക്ക് പരിഹാരം കാണുന്നതിനും നടത്തുന്ന ശ്രമങ്ങൾ പരിഗണിച്ചാണ് അവാർഡ് നൽകുന്നത്. സ്വാതന്ത്ര്യം , ജനാധിപത്യം, മനുഷ്യാവകാശങ്ങൾ എന്നിവ സമാധാനത്തിന്റെയും പുരോഗതിയുടെയും ആണിക്കല്ലുകളാണെന്നതിനാൽ അവയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഞമയയശ ആവേൗ ടരവിലശലൃ എന്ന വ്യക്തി 1965–ൽ സ്ഥാപിച്ചതാണ് ഫൗണ്ടേഷൻ. ബിസിനസ്, നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾ തുടങ്ങിയ മേഖലകളിലെ പ്രവർത്തനമികവിന് അപ്പീൽ ഓഫ് കോൺഷ്യൻസ് അവാർഡ്, അപ്പീൽ ഓഫ് കോൺഷ്യൻസ് പബ്ലിക് സർവീസ് അവാർഡ് എന്നിവയും ഈ പ്രസ്ഥാനം നൽകുന്നുണ്ട്. മുൻ ഇന്ത്യൻ പ്രസിഡന്റ് കെ.ആർ.നാരായണൻ ഈ പുരസ്കാരത്തിന് അർഹനായിട്ടുണ്ട്.

### സൗന്ദര്യറാണിപ്പട്ടം

#### മിസ് വേൾഡ്

* യുണൈറ്റഡ് കിംഗ്ഡത്തിലെ എറിക് മോർലി 1951 ൽ സ്ഥാപിച്ച സൗന്ദര്യ മത്സരമാണിത്. ഏറ്റവും പഴക്കമുള്ള അന്തർദേശീയ സൗന്ദര്യമത്സരമാണിത്. Beauty With A Purpose എന്നതാണ് മത്സരത്തിന്റെ മുദ്രാവാക്യം.നിലവിലുള്ളതിൽ ഏറ്റവും പഴക്കമുള്ള ലോക സൗന്ദര്യ മൽസരമാണിത്.
* സ്വീഡനിലെ Kicki Hakansson ആണ് ആദ്യത്തെ ലോക സുന്ദരി.



* ഇന്ത്യ, വെനിസ്വല, യുണൈറ്റഡ് കിംഗ്ഡം എന്നിവിടങ്ങളിൽനിന്നുള്ളവരാണ് ഏറ്റവും കൂടുതൽ പ്രാവശ്യം ലോകസുന്ദരിപ്പട്ടം സ്വന്തമാക്കിയത്.
* മിസ് വേൾഡ് ആയ ആദ്യ ഇന്ത്യക്കാരി റീത്ത ഫാരിയ (1966) ആണ്.
* 1994ൽ സൺസിറ്റിയിൽനടന്ന മത്സരത്തിൽ ലോകസുന്ദരിയായി തിരഞ്ഞെടുക്കപ്പെട്ടത് ഐശ്വര്യ റായിയാണ്.

#### മിസ് യുണിവേഴ്സ്

* 1952ൽ അമേരിക്കയിലെ പസഫിക് മിൽസ് സ്ഥാപിച്ച സൗന്ദര്യ മത്സരമാണിത്. ഫിൻലൻഡിലെ Armi Kuusela ആണ് ഈ മൽസരത്തിന്റെ ചരിത്രത്തിലെ ആദ്യ ജേതാവ്.
* ഏറ്റവും കൂടുതൽ പ്രാവശ്യം വിശ്വസുന്ദരിപ്പട്ടം നേടിയത് അമേരിക്കക്കാരികളാണ്.
* സുസ്മിതാസെൻ ആണ് മിസ് യൂണിവേഴ്സ് ആയ ആദ്യ ഇന്ത്യക്കാരി (1994). ഫിലിപ്പൈൻസിലെ മനിലയായിരുന്നു മത്സരവേദി.
* "Redefined for Today'ആണ് മൽസരത്തിന്റെ slogan.

#### മിസ് എർത്ത്

* 2001–ൽ ആരംഭിച്ച മത്സരം പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളും ലക്ഷ്യമിടുന്നു. Beauties for a Cause എന്നതാണ് മത്സരത്തിന്റെ മുദ്രാവാക്യം. നിക്കോൾ ഫാരിയ (2010) ആണ് ഭൗമസുന്ദരിപ്പട്ടം നേടിയ ആദ്യ ഇന്ത്യക്കാരി. വിയറ്റ്നാമിൽ വച്ചുനടന്ന മത്സരത്തിലാണ് അവർ കിരീടമണിഞ്ഞത്.

മിസ് ഇന്റർനാഷണൽ

* 1960–ൽ അമേരിക്കയിൽ ആരംഭിച്ച സൗന്ദര്യമത്സരത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം കിരീടമണിഞ്ഞത് വെനിസ്വലയിൽനിന്നുള്ളവരാണ്. ഇന്ത്യക്കാർ ഇതുവരെ ജേതാവായിട്ടില്ല.

## കേരളചരിത്രവും വ്യക്തികളും – 2

# അയ്യപ്പൻ മാർത്താണ്ഡൻ പിള്ള

ലോകത്തു പലയിടത്തും പ്രദേശങ്ങളോ പ്രധാനസ്ഥലങ്ങളോ വ്യക്തികളുടെ പേരിൽ അറിയപ്പെടാറുണ്ട്. മഹാൻമാരായ മുൻഗാമികളെ ഓർക്കാനും ആദരിക്കാനുമാണ് സാധാരണമായി ഈ രീതിയിൽ പേരിടുന്നത്. ഇക്കാര്യത്തിൽ പലപ്പോഴും മുൻഗണന ലഭിച്ചിട്ടുള്ളത് ഭരണാധികാരികൾക്കാണ്. തിരുവിതാംകൂറിലായിരുന്നതും ഇപ്പോൾ തമിഴ്നാട്ടിൽ ഉൾപ്പെട്ടതുമായ മാർത്താണ്ഡം എന്ന നഗരത്തിന് ആ പേരു ലഭിച്ചത് മാർത്താണ്ഡവർമ മഹാരാജാവിൽ നിന്നുമാണെന്നാണ് പലരുടെയും ധാരണ. എന്നാൽ അതിനു ബന്ധം അയ്യപ്പൻ മാർത്താണ്ഡൻ പിള്ളയോടാണ്.

തെക്കൻ തിരുവിതാംകൂറിലെ മുഞ്ചിറ ദേശത്താണ് അയ്യപ്പൻ മാർത്താണ്ഡൻ പിള്ള ജനിച്ചത്. മാർത്താണ്ഡവർമ ഇളയരാജാവായിരിക്കെ സൈനികോദ്യോഗസ്ഥനായിരുന്ന അദ്ദേഹം ക്രമേണ സർവസൈന്യാധിപനായി. കുളച്ചൽ യുദ്ധത്തിൽ (1741) ഡച്ചുകാരെ പരാജയപ്പെടുത്തുന്നതിൽ മാർത്താണ്ഡവർമ രാജാവിന് നിർണായകസഹായം ചെയ്ത സൈന്യാധിപൻ എന്ന് അയ്യപ്പൻ മാർത്താണ്ഡൻ പിള്ളയെ വിശേഷിപ്പിക്കുന്നതാവും ഏറ്റവും ഉചിതം. ഇന്ത്യയിൽ ഡച്ചുകാരുടെ സാമ്രാജ്യത്വ മോഹങ്ങൾക്കേറ്റ കനത്ത തിരിച്ചടിയായിരുന്നു ആ പരാജയം. യുദ്ധത്തിൽ നേടിയ ചരിത്രവിജയത്തിന്റെ തുടർച്ചയെന്നോണം, സാമന്തസ്വരൂപങ്ങളെ കീഴ്പ്പെടുത്തി കൊച്ചിയുടെ അതിർത്തിയോളം തിരുവിതാംകൂറിനെ വ്യാപിക്കാൻ മാർത്താണ്ഡവർമയ്ക്കു കഴിഞ്ഞു. അങ്ങനെ 'ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകൻ' എന്ന അപരനാമം അദ്ദേഹത്തിനു സ്വന്തമായി.

രാമയ്യൻ ദളവ 1756ൽ അന്തരിച്ചതോടെ അദ്ദേഹത്തിന്റെ ചുമതലകൾ അയ്യപ്പൻ മാർത്താണ്ഡൻ പിള്ളയാണ് നിർവഹിച്ചത്. 1758ൽ മാർത്താണ്ഡവർമ നാടുനീങ്ങിയപ്പോൾ രാജാവായ കാർത്തിക തിരുനാൾ ബാലരാമവർമ(ധർമരാജാവ്)യുടെ കാലത്തും അയ്യപ്പൻ മാർത്താണ്ഡപിള്ള ദളവാസ്ഥാനത്തുതുടർന്നു. കൊച്ചിരാജാവുമായും സാമൂതിരിയുമായും തിരുവിതാംകൂർ നടത്തിയ യുദ്ധങ്ങളിൽ അദ്ദേഹം നേതൃത്വംവഹിച്ചു. യൂസഫ്ഖാനുമായുള്ള കളക്കാട് യുദ്ധവും നയിച്ചു. കൊല്ലം–പുറക്കാട് പാത നിർമിച്ചതും നീണ്ടകരയ്ക്കടുത്ത് വനപ്രദേശം കൃഷിഭൂമിയാക്കിയതും അദ്ദേഹത്തിന്റെ ഭരണനേട്ടങ്ങളിൽപ്പെടുന്നു.

നികുതിവകുപ്പു പുനഃസംഘടിപ്പിച്ച് രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തിയതാണ് അയ്യപ്പൻ മാർത്താണ്ഡൻ പിള്ളയുടെ മറ്റൊരു നേട്ടം. രാജ്യം തെക്കേമുഖം, വടക്കേമുഖം, പടിഞ്ഞാറേമുഖം എന്നിങ്ങനെ മൂന്നു റവന്യൂ മേഖലകളായി വിഭജിക്കുകയും ഓരോന്നും ഓരോ വലിയ സർവാധികാര്യക്കാരുടെ കീഴിലാക്കുകയും ചെയ്തു. ഭരണസൗകര്യത്തിനായി മുഖങ്ങളെ മണ്ഡപത്തിൽ വാതിലുകളായും(പിൽക്കാലത്ത് താലൂക്കുകൾ) അവയെ വീണ്ടും ചെറിയ പ്രദേശങ്ങളായും തിരിക്കുകയും ചെയ്തു. നികുതിപിരിവ് ക്രമീകരിക്കുകയും കൃത്യമായി കണക്കു സൂക്ഷിക്കാൻ ഏർപ്പാടുണ്ടാക്കുകയും ചെയ്തു. കൃഷി ചെയ്യാവുന്ന തരിശ്ശുഭൂമികളെല്ലാം വലിയതോതിൽ കൃഷിക്കുപയോഗപ്പെടുത്തി. അയ്യപ്പൻ മാർത്താണ്ഡൻ പിള്ളയാണ് വർക്കലയെ ഒരു പട്ടണമായി വികസിപ്പിച്ചത്.

സാമൂതിരി കൊച്ചിയെ ആക്രമിച്ച അവസരത്തിൽ കൊച്ചി രാജാവിനെ സഹായിക്കാൻ ധർമരാജാവ് സൈന്യത്തെ നിയോഗിച്ചത് അയ്യപ്പൻ മാർത്താണ്ഡൻ പിള്ളയുടെ നേതൃത്വത്തിലായിരുന്നു. സാമൂതിരിയെ പരാജയപ്പെടുത്തി കൊച്ചിയെ രക്ഷിച്ചതിനു പാരിതോഷികമായി കൊച്ചി രാജാവ് ദാനംചെയ്ത 'പുത്തൻചിറ' തിരുവിതാംകൂറിൽ ലയിപ്പിച്ച മഹാമനസ്കനായിരുന്നു അദ്ദേഹം. താൻ രാജാവിന്റെയും അതിലൂടെ രാജ്യത്തിന്റെയും ആശ്രിതനാണെന്ന കാഴ്ചപ്പാടാണ് അദ്ദേഹം പുലർത്തിയിരുന്നത്. ദേശസ്നേഹവും പോരാട്ടവീര്യവും ഭരണതന്ത്രജ്ഞതയും സമ്മേളിച്ച സവിശേഷവ്യക്തിത്വമായിരുന്നു അയ്യപ്പൻ മാർത്താണ്ഡൻ പിള്ളയുടേത്. 1763–ൽ അദ്ദേഹം അന്തരിച്ചു.



കേരളീയം

3

നാഗരികതളും സംസ്കാരങ്ങളും ഉടലെടുത്തിട്ടുള്ളത് നദീതടങ്ങളിലാണ്. മെസപൊട്ടാമിയൻ, സൈന്ധവം, ഈജിപ്ഷ്യൻ എന്നിങ്ങനെ മാനവചരിത്രത്തിലെ മഹാസംസ്കൃതികളെല്ലാം തന്നെ നദീജന്യമാണ്. നല്ല നദിയുടെ സൃഷ്ടിയാണ് നല്ല മണ്ണ്. നന്നായി കൃഷി ചെയ്യാൻ പറ്റുന്നത് നല്ല മണ്ണിലാണ്. അതിലൂടെ നല്ല ജനത ജന്മമെടുക്കുന്നു. കലയും സാഹിത്യവും നൃത്തനാട്യങ്ങളും താളമേളങ്ങളും സംസ്കൃതിക്ക് ആടയാഭരണങ്ങളായിമാറുന്നു. നിളയ്ക്കുമുണ്ട് അത്തരം കഥകളേറെ. നിളയുടെ നനവിൽ നൂറുമേനി വിളഞ്ഞ കൃഷിയിടങ്ങൾ, നിളയിൽനിന്ന് ഊർജമുൾക്കൊണ്ട സാഹിത്യകാരൻമാർ, നിളയുടെ താളത്തിനൊത്ത് വരികൾ ചമച്ചവർ, പാടിയവർ, നൃത്തമാടിയവർ, നിളയുടെ സൗന്ദര്യം പകർത്തിയ ചിത്രകാരൻമാർ..... വശ്യമനോഹരിയായ നിളയെക്കുറിച്ചുള്ള സമഗ്ര വിവരങ്ങളിലൂടെ...

ആർ.സി.സുരേഷ്കുമാർ

# നിളയുടെ നിരുപമഭാവാർദ്രതീരങ്ങളിലൂടെ...



* ദൈർഘ്യത്തിലും വലുപ്പത്തിലും രണ്ടാം സ്ഥാനമുള്ള ഭാരതപ്പുഴയുടെ നീളം 209 കി.മീ. ആണ്. കേവലം ഒരു നദിയെന്നതിലുപരി കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിന്റെ ജീവരേഖയാണ് ഭാരതപ്പുഴ. കേരളത്തിന്റെ ചരിത്രത്തിലും സംഗീതത്തിലും നൃത്തനാട്യങ്ങളിലും ചിത്രകലയിലും അക്ഷരപൈതൃകത്തിലും ഐതിഹ്യങ്ങളിലും പ്രമുഖ വ്യക്തികളുടെ ജീവിതത്തിലുമെല്ലാം ഈ നദിയുടെ സാന്നിധ്യം അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു. കേരള സംസ്കാരത്തിന് ഏറ്റവും കൂടുതൽ സംഭാവന നൽകുന്ന നദിയായും കേരള പൈതൃകത്തിന്റെ പര്യായമായ നദിയായും കണക്കാക്കപ്പെടുന്ന ഭാരതപ്പുഴയെ കേരളത്തിന്റെ നൈൽ എന്നും വിശേഷിപ്പിക്കുന്നു. കേരളീയരുടെ ചിരിയിലും ചിന്തയിലും ഭാവ-രാഗ-താളങ്ങളിലുമെല്ലാം സ്വാധീനം ചെലുത്തിയാണ് മലയാള സംസ്കൃതിയുടെ കളിത്തൊട്ടിലായ നിളയുടെ പ്രയാണം.
* 'നിള', 'പേരാർ'എന്നീ പേരുകളിലും അറിയപ്പെടുന്ന നദിയുടെ ഉൽഭവം തമിഴ്നാട്ടിലെ ആനമലയിലാണ്. തുടക്കത്തിൽ തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ലയിലൂടെ പൊള്ളാച്ചിവരെ 40 കിലോമീറ്ററോളം വടക്കോട്ട് ഒഴുകുന്ന ഈ നദി കേരളത്തിൽ പ്രവേശിച്ച് പടിഞ്ഞാറോട്ട് ഒഴുകി പാലക്കാട്, മലപ്പുറം തൃശ്ശൂർ എന്നീ ജില്ലകളിലൂടെ ഒഴുകി പൊന്നാനിക്ക് വടക്കുഭാഗത്തുവച്ച് കടലിൽ ച്ചേരുന്നു. പൊന്നാനിപ്പുഴയെന്നും ഭാരതപ്പുഴയ്ക്ക് പേരുണ്ട്.
* ഉൽഭവസ്ഥാനത്തുനിന്ന് 45 കിലോമീറ്റർ പിന്നിടുമ്പോൾ ഭാരതപ്പുഴയുടെ വലതുഭാഗത്ത് വന്നുചേരുന്ന നദിയാണ് പാലാർ. തുടർന്ന് പാലക്കാട് ചുരത്തിലൂടെ ഒഴുകി പാലക്കാട് ജില്ലയിൽ പ്രവേശിക്കുന്നു.
* പാലക്കാട് നിന്ന് ആറു കിലോമീറ്റർ അകലെ പറളിയിൽ കണ്ണാടിപ്പുഴയും കൽപ്പാത്തിപ്പുഴയും ഭാരതപ്പുഴയിൽ ചേരുന്നു. പാലക്കാട് ജില്ലയിലെ ചെന്താമരക്കുളം എന്ന മലമ്പ്രദേശത്താണ് കൽപ്പാത്തിപ്പുഴ ഉൽഭവിക്കുന്നത്. മലമ്പുഴ, വാളയാർ, കോരയാർ, വരട്ടാർ എന്നീ നാല് ജലപ്രവാഹങ്ങൾ ചേർന്നാണ് കൽപ്പാത്തിപ്പുഴ രൂപംകൊള്ളുന്നത്.
* മലമ്പുഴയ്ക്ക് കുറുകേയാണ് മലമ്പുഴ ഡാം. പുഴ പാലക്കാട് പട്ടണത്തിൽ പ്രവേശിക്കുന്നതിന് മുമ്പാണ് അണ കെട്ടിയിരിക്കുന്നത്. പാലക്കാട് നഗരത്തിലെ പ്രശസ്തമായ കൽപ്പാത്തി വിശ്വനാഥ ക്ഷേത്രത്തിന്റെ പേരാണ് കൽപ്പാത്തിപ്പുഴയ്ക്ക് നൽകിയിരിക്കുന്നത്.
* ശോകനാശിനിപ്പുഴ എന്നും അറിയപ്പെടുന്നത് കണ്ണാടിപ്പുഴയാണ്. പാലക്കാടിന്റെ കിഴക്കൻ അതിർത്തി പ്രദേശമായ ആനമലയിൽനിന്നാണ് ഉൽഭവം. പാലാർ, ആളിയാർ, ഉപ്പാർ എന്നിവയാണ് പോഷകനദികൾ.
* ശോകനാശിനി എന്ന പേരു നൽകിയത് എഴുത്തച്ഛനാണ്.
* ആളിയാറിനു കുറുകെ തമിഴ്നാട് സർക്കാർ നിർമിച്ച അണക്കെട്ടാണ് ആളിയാർ ഡാം. തുരങ്കങ്ങൾവഴി നിരവധി അണക്കെട്ടുകളെ ബന്ധിപ്പിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതിയായി ഇതിനെ വികസിപ്പിച്ചിട്ടുണ്ട്. തമിഴ്നാട് പരിപാലിക്കുകയും കേരളത്തിന് ഉടമസ്ഥാവകാശം ഉള്ളതുമായ അണക്കെട്ടാണ് പറമ്പിക്കുളം അണക്കെട്ട്.
* പള്ളിപ്പുറം പട്ടണം ഉൾക്കൊള്ളുന്ന പരുതൂർ ഗ്രാമം തൂതപ്പുഴയുടെയും ഭാരതപ്പുഴയുടെയും സംഗമസ്ഥാനത്താണ്. തൂതപ്പുഴയുടെ പ്രധാന പോഷകനദിയാണ് സൈലന്റ് വാലിയിലൂടെ ഒഴുകുന്ന കുന്തിപ്പുഴ. കുന്തിപ്പുഴയിൽ അണകെട്ടി വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള നീക്കം പരിസ്ഥിതി സ്നേഹികളുടെ ഇടപെടലിലൂടെ പരാജയപ്പെട്ടു.
* 1857-ൽ സൈലന്റ് വാലിയിലെത്തിയ ബ്രിട്ടിഷ് സസ്യശാസ്ത്രജ്ഞനായ റോബർട്ട് വൈറ്റ് ആണ് ആ പേര് നൽകിയത്. കുന്തിപ്പുഴയുടെ ഇരു വശങ്ങളിലും കുന്തിരിക്ക മരങ്ങൾ ധാരാളമായി കാണപ്പെടുന്നു. കുന്തിരിക്കപ്പുഴ ലോപിച്ചാണ് കുന്തിപ്പുഴ എന്ന പേരുണ്ടായത് എന്നു കരുതപ്പെടുന്നു.
* കുന്തിദേവിയും മക്കളും കുളിച്ച നദിയായതിനാലാണ് കുന്തിപ്പുഴ എന്ന പേരിന് കാരണം എന്ന ഒരു പുരാണപരാമർശവുമുണ്ട്. തൂതപ്പുഴയുടെ മറ്റൊരു പേരാണ് കരിമ്പുഴ. കാഞ്ഞിരപ്പുഴ, അമ്പൻകടവ്, തുപ്പാണ്ടിപ്പുഴ എന്നിവയും തുതപ്പുഴയുടെ പോഷകനദികളാണ്. തിരുവേഗപ്പുറയും പെരുമന്തോളുമാണ് തൂതപ്പുഴയുടെ തീരത്തെ പ്രധാന സ്ഥലങ്ങൾ.
* ആനമലയിൽ ഉൽഭവിക്കുന്ന ഗായത്രിപ്പുഴ കൊല്ലങ്കോട്, നെന്മാറ, ആലത്തൂർ, പഴയന്നൂർ എന്നിവിടങ്ങളിലൂടെ ഒഴുകി മായന്നൂരിൽവച്ച് ഭാരതപ്പുഴയിൽ ലയിക്കുന്നു. വിശാലമായ ഭാരതപ്പുഴ രൂപംകൊള്ളുന്നത് ഇവിടെമുതലാണ്. മംഗലം നദി, അയലൂർ പുഴ, വണ്ടാഴിപ്പുഴ, മീങ്കരപ്പുഴ, ചുള്ളിയാർ എന്നിവ ഗായത്രിപ്പുഴയുടെ പോഷകനദികളാണ്. ചീരക്കുഴിപ്പുഴ എന്നും ഗായത്രിപ്പുഴയ്ക്ക് പേരുണ്ട്. ഗായത്രിപ്പുഴയുടെ ഏറ്റവും വലിയ പോഷകനദിയായ മംഗലം പുഴയുടെ പോഷകനദിയാണ് ചെറുകുന്നപ്പുഴ.
* അട്ടപ്പാടിയിൽനിന്നുൽഭവിക്കുന്ന കരിമ്പുഴ കുറ്റിപ്പുറത്തിനുസമീപം കൂട്ടക്കടവിൽവച്ച് ഭാരതപ്പുഴയിൽ ചേരുന്നു.
* 6186 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള ഭാരതപ്പുഴയുടെ നദീതടമാണ് കേരളത്തിലെ ഏറ്റവും വിസ്തീർണമുള്ള നദീതടം. ഇതിൽ 4400 ചതുരശ്ര കിലോമീറ്റർ (71 ശതമാനം) കേരളത്തിലും ബാക്കി 1786 (29 ശതമാനം) ചതുരശ്ര കിലോമീറ്റർ തമിഴ്നാട്ടിലുമാണ്.
* മഴകുറവായതും താരതമ്യേന വരണ്ടതുമായ പ്രദേശങ്ങളിലൂടെ (തമിഴ്നാട്, പാലക്കാട്) ഒഴുകുന്നതുകാരണം നദീതടം വിസ്തൃതമാണെങ്കിലും ഭാരതപ്പുഴയ്ക്ക് ഒഴുക്ക് കുറവാണ്. സ്വാതന്ത്ര്യാനന്തരം നദിക്ക് കുറുകേ നിരവധി അണക്കെട്ടുകൾ നിർമിച്ചതും ഒഴുക്കിനെ ബാധിച്ചു. വേനൽക്കാലത്ത് നദിയുടെ പലഭാഗങ്ങളും വറ്റിവരണ്ട നിലയിലാണ് കാണപ്പെടുന്നത്.
* പാലക്കാട്, പറളി, കിള്ളിക്കുറിഞ്ഞിമംഗലം, ഒറ്റപ്പാലം, പട്ടാമ്പി, ഷൊർണൂർ, തൃത്താല, കൂടല്ലൂർ, പള്ളിപ്പുറം, കുറ്റിപ്പുറം, തിരുനാവായ, തുഞ്ചൻപറമ്പ് എന്നിങ്ങനെ നിരവധി നഗരങ്ങളുടെയും സാംസ്കാരിക കേന്ദ്രങ്ങളുടെയും ജീവനാഡിയാണ് ഭാരതപ്പുഴ.
* ഭാരതപ്പുഴയുടെയും പോഷകനദികളുടെയും കുറുകേ കെട്ടിയ അണക്കെട്ടുകളിൽ ഏറ്റവും വലുത് മലമ്പുഴ ഡാം ആണ്. 23.13 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള മലമ്പുഴ ഡാം കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ റിസർവോയർ ആണ് (ഏറ്റവും വലുത് ഇടുക്കി ഡാമിന്റേത്). കേരളത്തിലെ വൃന്ദാവനം എന്നറിയപ്പെടുന്നത് മലമ്പുഴ ഉദ്യാനമാണ്.
* വാളയാർ ഡാം, മംഗലം ഡാം, പോത്തുണ്ടി ഡാം, മീങ്കര ഡാം, ചുള്ളിയാർ ഡാം എന്നിവയാണ് ഭാരതപ്പുഴ വ്യൂഹത്തിലെ മറ്റു ചില അണക്കെട്ടുകൾ. കാഞ്ഞിരപ്പുഴ, ചിറ്റൂർ ഡാമുകൾ നിർമാണത്തിലാണ്.
* കേരളത്തിലെ ഏറ്റവും വലിയ റഗുലേറ്റർ കം ബ്രിഡ്ജ് ആണ് ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് പ്രോജക്ട്. ഇത് മലപ്പുറം ജില്ലയിലെ തിരൂരിനെയും പൊന്നാനിയെയും ബന്ധിപ്പിക്കുന്നു. ജലസേചനത്തിനായി പാലത്തിൽ 70 ഷട്ടറുകൾ ഘടിപ്പിച്ചിരിക്കുന്നു. 978 മീറ്ററുള്ള പാലം കേരളത്തിലെ ഏറ്റവും നീളം കൂടിയ പാലമാണ്. മഴക്കാലത്ത് ഭാരതപ്പുഴ നിറഞ്ഞൊഴുകി വിഗ്രഹം വെള്ളത്തിൽ മുങ്ങുമ്പോൾ ആറാട്ട് നടക്കുന്ന ക്ഷേത്രമാണ് ചമ്രവട്ടം അയ്യപ്പക്ഷേത്രം.
* ഇന്ത്യയിലെ ആദ്യത്തെ കംപ്യൂട്ടർ സാക്ഷര ഗ്രാമമായി

പ്രഖ്യാപിക്കപ്പെട്ട ഗ്രാമമാണ് ചമ്രവട്ടം. ഒരു കുടുംബത്തിലെ ഒരംഗത്തിനെങ്കിലും കംപ്യൂട്ടർ ഉപയോഗിക്കാൻ പ്രാവീണ്യമുണ്ടായിരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

* കേരളത്തിലെ രംഗ-നാട്യ കലകളുടെ കേദാരമായ കേരള കലാമണ്ഡലം ഭാരതപ്പുഴയുടെ തീരത്ത് ചെറുതുരുത്തിയിലാണ്. കേരളീയ രംഗകലകൾക്കും മേളകലകൾക്കും ലോകശ്രദ്ധ നേടിക്കൊടുത്ത നിരവധി ശ്രേഷ്ഠ കലാകാരൻമാരുടെ ജന്മഭൂമി നിളാ തീരത്താണ്. കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ, മൃണാളിനി സാരാഭായ്, കോട്ടയ്ക്കൽ ശിവരാമൻ എന്നിങ്ങനെ നിരവധി കലാപ്രതിഭകൾ ഇക്കൂട്ടത്തിൽപ്പെടുന്നു.
* തിരുവില്വാമലയിലെ ഐവർമഠം ഹൈന്ദവരുടെ ഒരു വിശുദ്ധമായ ശ്മശാനമാണ്. പ്രസിദ്ധമായ ഒരു ശ്രീരാമക്ഷേത്രവും ഇവിടെയുണ്ട്.
* ആയുർവേദ ചികിത്സയ്ക്ക് പ്രസിദ്ധമായ കോട്ടയ്ക്കൽ നിളയുടെ സമീപമാണ്.
* ഭാരതപ്പുഴയുടെ തീരത്ത് ദഹിപ്പിക്കപ്പെടുന്നവർക്ക് മോക്ഷം ലഭിക്കുമെന്നാണ് പഴമൊഴി. കർക്കിടക വാവിന് പിതൃതർപ്പണം നടത്തുന്ന സ്ഥലങ്ങളിൽ പ്രധാനമാണ് നിളാതീരം. പഞ്ചപാണ്ഡവർ ബലി തർപ്പണം നടത്തിയത് നിളാ തീരത്തായിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു.
* ഭാഷാ പിതാവ് എഴുത്തച്ഛൻ, തുള്ളലിന്റെ ഉപജ്ഞാതാവ് കുഞ്ചൻ നമ്പ്യാർ തുടങ്ങി പല മലയാള സാഹിത്യ പ്രതിഭകളും നിളാ തീരത്ത് ജനിച്ചുവളർന്നവരാണ്. കുഞ്ചന്റെ ജന്മഗേഹമായ ലക്കിടിപേരൂർ പഞ്ചായത്തിലെ കിള്ളിക്കുറിശ്ശിമംഗലത്തെ കലക്കത്തുഭവനം കേരള സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകമാണ്.
* ശ്രീകിള്ളിക്കുറിശ്ശി മഹാദേവക്ഷേത്രത്തിൽനിന്നാണ് കിള്ളിക്കുറിശ്ശിമംഗലം എന്ന പേരുണ്ടായത്. കിള്ളിക്കുറിശ്ശിമംഗലത്തിന്റെ തെക്കേ അതിരിലൂടെയാണ് നിള ഒഴുകുന്നത്.
* ചെണ്ടനിർമാണത്തിന് പ്രസിദ്ധമായ സ്ഥലമാണ് ലക്കിടി.
* ഒ.വി.വിജയന്റെ സ്മാരകം തസ്രാക്കിലാണ്.
* വി.കെ.എന്നും നിളയുടെ ഇതിഹാസകഥാകാരൻ എന്നു വിശേഷിപ്പിക്കപ്പെട്ട എം.ടി.വാസുദേവൻ നായരും നിളയിൽനിന്ന് ഊർജമുൾക്കൊണ്ട കലാപ്രതിഭകളുടെ ഗണത്തിൽപ്പെടുന്നവരാണ്. ഈ നദിയിലെ ഉദയവും താന്നിക്കുന്നിലെ അസ്തമയവും പോലെ മനോഹരമായ മറ്റൊന്നും ഈ ലോകത്തിലില്ല എന്നു പറഞ്ഞത് എം.ടിയാണ്.
* തിരുവില്വാമലയാണ് വികെഎന്നിന്റെ ജന്മദേശം.
* തൂതപ്പുഴ ഭാരതപ്പുഴയിൽ വന്നുചേരുന്ന കൂടല്ലൂരാണ് എം.ടിയുടെ സ്വദേശം. കൂടല്ലൂരിന്റെ കഥാകാരനെന്നും എം ടിയെ വിശേഷിപ്പിക്കാറുണ്ട്.
* അച്യുതൻ കൂടല്ലൂർ പ്രശസ്തിനേടിയത് ചിത്രകലയിലാണ്.
* ഒ.വി.വിജയനെയും വികെഎന്നിനെയും ദഹിപ്പിച്ചതും നിളാ തീരത്താണ്. കവി പി.കുഞ്ഞിരാമൻ നായർ ജനിച്ചത് ഭാരതപ്പുഴയുടെ തീരത്ത് അല്ലെങ്കിലും അദ്ദേഹത്തിന് നിത്യപ്രചോദനം ഭാരതപ്പുഴയായിരുന്നു. കാവ്യകന്യകയെത്തേടിയ കവി അലഞ്ഞത് നിളയുടെ മണൽത്തിട്ടകളിലൂടെയാണ്.
* പ്രശസ്ത സംഗീതജ്ഞൻ ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ജന്മദേശമാണ് കോട്ടായി.
* പ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞനായിരുന്ന ആര്യഭടന്റെ സ്വദേശമാണ് ചമ്രവട്ടം. നിളാതീരത്തെ മഞ്ഞപ്ര സ്വദേശിയായിരുന്നു പ്രസിദ്ധ സംഗീതജ്ഞനാണ് എം.ടി.രാമനാഥൻ.
* ഇടശ്ശേരി ഗോവിന്ദൻ നായർ (1906-1974) ജനിച്ചത് കുറ്റിപ്പുറത്താണ്. നിളയുടെ സംഭാവനയായ മറ്റൊരു സാഹിത്യകാരനാണ് കുറ്റിപ്പുറത്ത് കേശവൻ നായർ (1882-1959).
* നിളയുടെ വടക്കേതീരത്ത് തിരുനാവായയ്ക്കടുത്താണ് നാരായണീയത്തിന്റെ കർത്താവായ മേൽപ്പത്തൂർ നാരായണ ഭട്ടതിരി (1559-1645) ജനിച്ചത്.
* മാപ്പിള കവികളുടെ കുലഗുരു എന്ന റിയപ്പെടുന്ന മഹാകവി മൊയിൻകുട്ടി വൈദ്യർ (1852-1892) ജനിച്ചത് മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിലാണ്.
* ഭാരതപര്യടനത്തിന്റെ കർത്താവായ കുട്ടികൃഷ്ണമാരാർ (1900-1973) ജനിച്ചത് പട്ടാമ്പിയിലാണ്.
* മനുഷ്യസ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും മഹാഗാഥയായ പറയിപെറ്റ പന്തിരുകുലം ഐതിഹ്യത്തിന്റെ രംഗഭൂമിയാണ് നിളാതീരത്തുള്ള തൃത്താല. പറയിപെറ്റ പന്തിരുകുലത്തിന്റെ കാരണവരായ മേഴത്തോൾ അഗ്നിഹോത്രിയുടെ ഭവനമായ ചേമഞ്ചേരിമന ഇവിടെയാണ്. പന്ത്രണ്ട് കുലത്തിൽപ്പെട്ടവരും ശ്രാദ്ധമൂട്ടാൻ ആണ്ടിലൊരിക്കൽ ഇവിടെ ഒത്തുകൂടുമായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു.
* പറയിപെറ്റ പന്തിരുകുലത്തിലെ മറ്റൊരംഗമായ പാക്കനാർ സമാധിയായ കുമ്മട്ടിക്കാവ് തൃത്താലയിലാണ്.
* തിരുതാലം എന്ന പദമാണ് തൃത്താലയായി പരിണമിച്ചത് എന്നൊരു നിഗമനമുണ്ട്. തിരു എന്ന് പേര് തുടങ്ങുന്ന, നിളാതീരത്തെ മറ്റു സ്ഥലങ്ങളാണ് തിരുവേഗപ്പുറ, തിരുനാവായ, തിരുവില്വാമല മുതലായവ.
* പാക്കനാർ, വായുക്കുന്നിലപ്പൻ, വടുതലനായർ, കാരയ്ക്കൽ മാതാവ്, ഉപ്പുകൊറ്റൻ തുടങ്ങിയവരുടെ സ്ഥലങ്ങൾ നിളയുടെ തീരത്ത് പലയിടത്തായി ചിതറിക്കിടക്കുന്നു.
* പന്നിയൂർ വരാഹമൂർത്തി ക്ഷേത്രത്തിലെ കൂത്തമ്പലം പണിതീർത്തത് പെരുന്തച്ചനാണത്രേ. പെരുന്തച്ചനുമായി ബന്ധപ്പെട്ട നിരവധി ഐതിഹ്യങ്ങൾ നിളാതീരത്ത് പ്രചാരത്തിലുണ്ട്. നാറാണത്തുഭ്രാന്തന്റെ ഐതിഹ്യവുമായി ബന്ധപ്പെട്ട മലയാണ് രായിരനെല്ലൂർ മല. നാറാണത്ത് ഭ്രാന്തൻ അവസാനകാലത്ത് ബന്ധനസ്ഥനായി കിടന്നക്ഷേത്രമാണ് ഭ്രാന്താചല ക്ഷേത്രം.
* അഷ്ടവൈദ്യൻമാരുടെയും സിദ്ധവൈദ്യൻമാരുടെയും പാരമ്പര്യവും നിളാതീരം പേറുന്നുണ്ട്.
* തായമ്പകയുടെ കുലപതിയായിരുന്നു തൃത്താല കേശവപ്പൊതുവാൾ.
* ഭാരതപ്പുഴയുടെ തീരത്തുള്ള ഒറ്റപ്പാലത്തുവച്ചാണ് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ ആദ്യത്തെ സമ്മേളനം ടി പ്രകാശത്തിന്റെ അധ്യക്ഷതയിൽ 1921-ൽ നടന്നത്.



* മഹാത്മാഗാന്ധി, ജവാഹർലാൽ നെഹ്റു, ലാൽ ബഹാദൂർ ശാസ്ത്രി എന്നീ ദേശീയ നേതാക്കളുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ നിക്ഷേപിച്ചത് തിരുനാവായയിലാണ്.
* പന്ത്രണ്ടു വർഷത്തിലൊരിക്കൽ, 30 ദിവസം നീണ്ടുനിന്നിരുന്ന, ചരിത്രപ്രസിദ്ധമായ മാമാങ്കം അരങ്ങേറിയിരുന്നത് ഭാരതപ്പുഴയുടെ തീരത്തുള്ള തിരുനാവായ മണപ്പുറത്തുവച്ചായിരുന്നു.
* മാഘമകത്തിൽനിന്നാണ് മാമാങ്കം എന്ന പദം നിഷ്പന്നമായത്. മാമാങ്കവേദിയായിരുന്ന തിരുനാവായയിലെ നാവാമുകുന്ദക്ഷേത്രം (വിഷ്ണുവിന് സമർപ്പിച്ചിരിക്കുന്നു) നിളാ തീരത്താണ്. ടിപ്പുവിന്റെ പടയോട്ടക്കാലത്തും 1921-ൽ മാപ്പിള കലാപകാലത്തും ഈ ക്ഷേത്രം ആക്രമിക്കപ്പെട്ടിരുന്നു.
* മാമാങ്കത്തിൽ പരിക്കേൽക്കുകയും കൊല്ലപ്പെടുകയും ചെയ്യുന്ന ചാവേറുകളെ ആനകളെക്കൊണ്ട് ചവിട്ടി കൊണ്ടിടുമായിരുന്ന മണിക്കിണർ തിരുനാവായയിലാണ്. കിണറിന്റെ കണ്ഠത്തിലേക്ക് നീളുന്ന ആനപ്പടവുകൾ കൊടയ്ക്കൽ ആശുപത്രി വളപ്പിൽ ഇപ്പോഴും കാണാം.
* മാമാങ്കസമയത്ത് പതിനായിരം അംഗരക്ഷകരുടെ പിൻബലത്തിൽ സാമൂതിരി മാമാങ്കത്തിന്റെ രക്ഷാപുരുഷനായി നിലകൊണ്ടിരുന്ന നിലപാട് തറ ഇപ്പോൾ ഒരു പഴയ ഓടുകമ്പനിയുടെ വളപ്പിനുള്ളിലാണ്.
* തിരുനാവായ കഴിയുമ്പോഴാണ് വീതികൂടിയ മണൽത്തിട്ടകൾ നിളയിൽ രൂപംകൊള്ളുന്നത്.
* കേരള ഗാന്ധി കെ.കേളപ്പന്റെ സ്മരണ നിലനിർത്തുന്ന പോസ്റ്റ് ബേസിക് സ്കൂളും കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനിയറിങ് ആൻഡ് റൂറൽ ടെക്നോളജിയും തവനൂരിലാണ്.
* ചെറിയ മെക്കഎന്നറിയപ്പെടുന്ന പൊന്നാനിയിൽവച്ച് നിള അറബിക്കടലിൽ ചേരുന്നു.
* കേരളത്തിലെ ആദ്യത്തെ ചരിത്രകാരൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ശെയ്ഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ ജനിച്ചത് പൊന്നാനിയിലാണ്.
* പ്രശസ്ത സംസ്കൃതപണ്ഡിതനായിരുന്ന പുന്നശ്ശേരി നീലകണ്ഠശർമ (1858-1934)ജനിച്ചത് പൊന്നാനിയിലാണ്.
* മാനവികതയുടെ പുതിയ മേച്ചിൽപ്പുറങ്ങൾ തേടിയ എം. ഗോവിന്ദൻ (1919-1989) ജനിച്ചത് പൊന്നാനിയിലാണ്.
* നിളാതീരത്തെ പ്രസിദ്ധമായ ഒരു കലാരൂപമാണ് തോൽപ്പാവക്കൂത്ത്.
* മലയാള സാഹിത്യപ്രതിഭകൾക്ക് നിത്യനിതാന്ത പ്രചോദനമാണ് ഭാരതപ്പുഴ. നിളാ നദിയുടെ നിർമലതീരം നിരുപമ ഭാവാർദ്രതീരം... എന്ന പ്രശസ്തമായ ലളിതഗാനം രചിച്ചത് പി.കെ.ഗോപിയാണ്. പെരുമ്പാവൂർ ജി.രവീന്ദ്രനാഥ് സംഗീതം പകർന്നു.
* ബിച്ചു തിരുമല രചിച്ച മാമാങ്കം പലകുറി കൊണ്ടാടി നിളയുടെ തീരങ്ങൾ നാവായിൽ... എന്ന ലളിതഗാനത്തിന് ഈണം നൽകിയത് രവീന്ദ്രനാണ്.
* നിളാതീരത്തെ നിരവധി സംസ്കാരിക ബിംബങ്ങൾ പ്രതിഫലിക്കുന്ന പേരാറ്റിനക്കരയക്കരയക്കരയേതോ പേരറിയാക്കരയിൽനിന്നൊരു പൂത്തുമ്പി.... എന്ന പാട്ടെഴുതിയത് ഒഎൻവി കുറുപ്പാണ്. എൽ വൈദ്യനാഥൻ സംഗീതം പകർന്നു. കെ.എസ്.സേതുമാധവൻ സംവിധാനം ചെയ്ത വേനൽക്കിനാവുകൾ എന്ന സിനിമയിലെതാണീ ഗാനം.
* നിരവധി മലയാള ചലച്ചിത്രങ്ങൾക്ക് ഷൊർണൂരും പരിസരത്തുള്ള നിളാതീരവും ലൊക്കേഷനായിട്ടുണ്ട്. ദേവാസുരം, രാവണപ്രഭു തുടങ്ങി ഏറ്റവും കൂടുതൽ മലയാള സിനിമകൾക്ക് ലൊക്കേഷനായിട്ടുള്ള വീടുകളിലൊന്നായ വരിക്കാശ്ശേരി മന ഒറ്റപ്പാലത്തിനടുത്ത് മാണിശ്ശേരിയിലാണ്. കേരളീയ വാസ്തുശിൽപകലാപാടവത്തിന്റെ ഉദാത്ത മാതൃകയാണ് ഈ മന.
* തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളിലെയും വടക്കൻ കേരളത്തിലെയും ശബരിമല തീർഥാടകർക്ക് വിശ്രമകേന്ദ്രം എന്ന നിലയിൽ ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന മല്ലൂർ ശിവക്ഷേത്ര പരിസരത്ത് ആരംഭിച്ച പദ്ധതിയാണ് മിനി പമ്പ.
* നദിയുടെ ചരിത്ര-സാംസ്കാരിക-പാരിസ്ഥിക പ്രാധാന്യം തിരിച്ചറിയാതെ നടത്തുന്ന അനധികൃതമായ മണൽഖനനവും മാലിന്യമൊഴുക്കലും കയ്യേറലും മൂലം നാശോന്മുഖമായിരിക്കുകയാണ് ഭാരതപ്പുഴ. പരിസ്ഥിതി-പുഴ സ്നേഹികളുടെ നിരന്തര ഇടപെടലുകളും പോരാട്ടങ്ങളുമാണ് ഒരു മഹാസംസ്കൃതിയുടെയും പാരമ്പര്യത്തിന്റെയും സ്രോതസ്സായ ഈ നദിയുടെ മരണത്തെ ഒരു പരിധിവരെ തടഞ്ഞുനിർത്തുന്നത്. ഇന്ന് നിള പ്രതിനിധാനം ചെയ്യുന്നത് വിവേചന ബുദ്ധിയില്ലാത്ത ചൂഷണം മൂലമുണ്ടായ സംസ്കാരിക അധഃപ്പതനത്തെക്കൂടിയാണ്. ●

# കേരള ചരിത്രവും വർഷങ്ങളും–12



**കുമാരനാശാനും മന്നത്ത് പദ്മനാഭനും സ്വദേശാഭിമാനിയും വള്ളത്തോളും ജനിച്ചു. കേരളത്തിലെ ആദ്യ റെയിൽവേലൈൻ ആരംഭിച്ചു. തിരുവനന്തപുരത്ത് നിയമപഠനത്തിന് സൗകര്യം. ഇപ്പോഴത്തെ സെക്രട്ടേറിയറ്റ് മന്ദിരം തിരുവനന്തപുരത്ത് പണികഴിപ്പിച്ചു. മെയിൻ സെൻട്രൽ റോഡിന്റെ പണിതീർന്നു.... കേരളചരിത്രത്തിലെ പുരോഗതിയുടെ ഒരു കാലഘട്ടത്തിലൂടെ....**

# മലബാറിൽ റെയിൽവേ ലൈൻ; തിരുവിതാംകൂറിൽ പുതിയ സെക്രട്ടേറിയറ്റ്

**ആയില്യം തിരുനാൾ രാജാവ്**

1861– തിരുവിതാംകൂറിൽ ആയില്യം തിരുനാൾ രാജാവിന്റെ സ്ഥാനാരോഹണം. തിരുവിതാംകൂറിലെ പുരോഗമനപരമായ ഭരണത്തെ നിലനിർത്തി ബ്രിട്ടീഷ് രാജ്ഞി അദ്ദേഹത്തിന് 'മഹാരാജ' എന്ന ബഹുമതി നൽകി.

**ആദ്യത്തെ റെയിൽപ്പാത**

- കേരളത്തിലെ ആദ്യത്തെ റെയിൽപ്പാത (തിരൂർ–ബേപ്പൂർ) ആരംഭിച്ചു (മാർച്ച് 12). മദ്രാസ് റെയിൽവേ കമ്പനിയാണ് പാത നിർമിച്ചത്.
- സാമൂഹിക പരിഷ്കർത്താവ് അയ്യങ്കാളി തിരുവനന്തപുരത്തിനടുത്ത് വെങ്ങാന്നൂരിൽ ജനിച്ചു.
- കണ്ണൂർനിന്ന് പത്തുമൈൽ കിഴക്ക് കോട്ടയം എന്ന സ്ഥലത്തുള്ള കുന്നിൽനിന്ന് ധാരാളം നിധികൾ കിട്ടി. അഗസ്തസ്, ടൈബീരിയസ്, കാലിഗുള, ക്ലാഡിയസ് എന്നീ റോമൻ ചക്രവർത്തിമാരുടെ കാലത്തുള്ള സ്വർണ നാണയങ്ങളും അക്കൂട്ടത്തിൽപ്പെടുന്നു.

**ബ്രണ്ണൻ സ്കൂൾ**

1862– തലശ്ശേരിയിൽ ബാസൽമിഷൻ, ബ്രണ്ണൻ സ്കൂൾ സ്ഥാപിച്ചു. ബ്രണ്ണൻ സായിപ്പ് നൽകിയ 12000 രൂപ മുടക്കിയാണ് സ്കൂൾ ആരംഭിച്ചത്. പിൽക്കാലത്ത് സ്കൂൾ സർക്കാർ ഏറ്റെടുക്കുകയും ബ്രണ്ണൻ കോളേജായി ഉയർത്തുകയും ചെയ്തു.

**വെസ്റ്റേൺ സ്റ്റാർ**

- ബ്രിട്ടീഷ് കൊച്ചിയിൽ വാക്കർ സായ്പും ദേവ്ജി ഭീംജിയും കുര്യൻ റൈറ്ററും ചേർന്ന് സ്ഥാപിച്ച പ്രസായിരുന്നു വെസ്റ്റേൺ സ്റ്റാർ. ഒരു യൂറോപ്യനും രണ്ട് ഇന്ത്യക്കാരും കൂട്ടായി നടത്തിയ ഈ സംരംഭം ഇത്തരത്തിലുള്ള ആദ്യത്തെ പ്രവർത്തനമായിരുന്നു. ഈ പ്രസിന്റെതന്നെ പേരു സ്വീകരിച്ചുകൊണ്ട് ഇംഗ്ലീഷിൽ പ്രസാധനം ചെയ്ത മാസികയാണ് ''വെസ്റ്റേൺ സ്റ്റാർ'. കേരളത്തിലെ ആദ്യത്തെ വാർത്താ മാസികയായിരുന്നു അത്.

1863– മലയാളിയായ ഒരാൾ തയ്യാറാക്കിയ ആദ്യ വ്യാകരണഗ്രന്ഥമായ റവ. ജോർജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം' രചിക്കപ്പെട്ടു.

**തിരുവനന്തപുരത്ത് സർക്കാർ ആശുപത്രി**

1864– കേരളത്തിലെ ആദ്യത്തെ സർക്കാർ ആശുപത്രി (ജനറൽ ആശുപത്രി) തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു.

- ഫെബ്രുവരി 21ന് എ ആർ രാജരാജവർമ ജനിച്ചു (1864–1918).
- കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മാസികയായ 'വിദ്യാസംഗ്രഹം' കോട്ടയം സി.എം.എസ്.കോളേജിൽനിന്ന് പ്രസിദ്ധീകരണം ആരംഭിച്ചു.

**പണ്ടാരപ്പാട്ടം വിളംബരം**

1865– തിരുവിതാംകൂറിൽ പണ്ടാരപ്പാട്ടം വിളംബരം. ഇതനുസരിച്ച് സർക്കാർ വസ്തുക്കളിൽ കുടിയാന് സ്ഥിരാവകാശം കിട്ടി. വസ്തു കൈമാറ്റം ചെയ്യാം. പിൻമുറക്കാരന് ഈ വസ്തു അവകാശമുറയ്ക്ക് കിട്ടും ഭൂമി മെച്ചപ്പെടുത്താൻ പാട്ടക്കാരന് അവകാശമുണ്ട്. പൊതു ആവശ്യത്തിനുവേണ്ടി സർക്കാർ, ഭൂമി ഏറ്റെടുക്കുകയാണെങ്കിൽ പാട്ടക്കാരന് ഭൂമിയുടെ വില നൽകും.

**ഖുർആന്റെ പരിഭാഷ**

1866– അറയ്ക്കൽ കൊട്ടാരത്തിലെ മായൻകുട്ടി എളയ എന്ന പണ്ഡിതൻ ഖുർആന്റെ പരിഭാഷ ആദ്യമായി മലയാളത്തിൽ പ്രസിദ്ധീകരിച്ചു.

- 1834ൽ സ്വാതിതിരുനാളിന്റെ കാലത്ത് ആരംഭിച്ച ഇംഗ്ലീഷ് സ്കൂൾ കോളേജിന്റെ പദവിയിലേക്ക് ഉയർന്നു. അതാണ് ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്.

**തിരുവിതാംകൂർ ചരിത്രം**

1867– വൈക്കത്ത് പാച്ചുമൂത്തത് 'തിരുവിതാംകൂർ ചരിത്രം' രചിച്ചു.

- തിരുവിതാംകൂറിൽ ജന്മി–കുടിയാൻ വിളംബരം. വസ്തുവിൽ കുടിയാനുള്ള അവകാശത്തിന് സ്ഥിരത നൽകി.
- വർക്കല കനാൽ പണിതു.
- കോട്ടയം സി.എം.എസ്.പ്രസിൽനിന്ന് ട്രാവൻകൂർ ഹെറാൾഡ് എന്ന ഇംഗ്ലീഷ് മാസികയും അതിന്റെ അനുബന്ധമായി 'സന്ദിഷ്ടവാദി' എന്നൊരു മലയാള മാസികയും പ്രസിദ്ധീകരിച്ചിരുന്നു. ഡബ്ല്യു.എച്ച്.മൂർ ആയിരുന്നു പത്രാധിപർ.
- 1867–ലെ മദ്രാസ് ടൗൺ ഇംപ്രൂവ്മെന്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പാലക്കാട് എന്നീ സ്ഥലങ്ങളിൽ മുനിസിപ്പാലിറ്റികൾ രൂപവത്കരിച്ചു.

**കേരളപ്പഴമ**

1868– ഹെർമൻ ഗുണ്ടർട്ടിന്റെ ചരിത്രഗ്രന്ഥമായ 'കേരളപ്പഴമ' പ്രസിദ്ധീകരിച്ചു. 1498 മുതൽ 1581 വരെയുള്ള കേരളചരിത്രമാണ് ഉള്ളടക്കം.

**തിരുവനന്തപുരത്ത് പുതിയ ഹജൂർ കച്ചേരി മന്ദിരം**

1869– തിരുവനന്തപുരത്ത് പുതിയ ഹജൂർ കച്ചേരി മന്ദിരം ഉദ്ഘാടനം ചെയ്തു (പിന്നീട് സെക്രട്ടേറിയറ്റ് എന്നറിയപ്പെട്ടു). വില്യം ബാർട്ടണായിരുന്നു നിർമാണത്തിനു മേൽനോട്ടം വഹിച്ച എഞ്ചിനീയർ. റോമൻ വാസ്തുവിദ്യയിൽ നിർമിച്ച ഈ മന്ദിരം പിന്നീട് തിരു–കൊച്ചിയുടെയും കേരളത്തിന്റെയും ഭരണസിരാകേന്ദ്രമായി.



1870– എറണാകുളത്ത് പബ്ലിക് ലൈബ്രറി.

**വിദ്യാവിലാസിനി**

1871– മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസിക എന്നു വിശേഷിപ്പിക്കാവുന്ന 'വിദ്യാവിലാസിനി' പി. ഗോവിന്ദപ്പിള്ളയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരണമാരംഭിച്ചു.

1872– ഹെർമൻ ഗുണ്ടർട്ട് തന്റെ അതിപ്രശസ്തമായ മലയാളം–ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധപ്പെടുത്തി.

- തിരുവിതാംകൂർ ദിവാൻ ടി.മാധവറാവു സ്ഥാനമൊഴിഞ്ഞു. ആധുനിക തിരുവിതാംകൂറിൽ ഏറ്റവും കൂടുതൽ കാലം ദിവാൻപദം വഹിച്ചത് ഇദ്ദേഹമായിരുന്നു. ഇപ്പോഴത്തെ സെക്രട്ടേറിയറ്റിൽ ഭരണാധികാരമേറ്റ ആദ്യ ദിവാനും അദ്ദേഹമായിരുന്നു.

**കുമാരനാശാന്റെ ജനനം**

1873– കായിക്കര തൊമ്മൻവിളാകത്തുവീട്ടിൽ നാരായണന്റെയും കാളിയമ്മയുടെയും മകനായി കുമാരനാശാൻ (1873–1924) ജനിച്ചു (ഏപ്രിൽ 12).

**ആദ്യത്തെ ലോ കോളേജ്**

1874– കേരളത്തിലാദ്യമായി തിരുവനന്തപുരത്ത് നിയമപഠന സൗകര്യം തുടങ്ങി.

- 'കേരളോപകാരി' എന്ന പ്രസിദ്ധീകരണം ആരംഭിച്ചു. രാജ്യസമാചാരം പ്രസിദ്ധീകരിച്ചതിനുശേഷം മലബാറിൽ ഇത്തരത്തിലുള്ള മറ്റൊരു സംരംഭമാണിത്. ഇന്ത്യക്കാരനായ ലോറൻസ് പുതൂർ എന്ന പണ്ഡിതനാണ് ഇതിനുപിന്നിൽ പ്രവർത്തിച്ചത്.

1875– എറണാകുളം മഹാരാജാസ് കോളേജ് നിലവിൽവന്നു.

**സത്യനാദകാഹളം**

1876– കൂനമ്മാവിലെ അച്ചുകൂടത്തിൽനിന്ന് 'സത്യനാദകാഹളം' എന്ന മാസിക തുടങ്ങി. മൂന്നുവർഷത്തിനുശേഷം ആസ്ഥാനം വരാപ്പുഴയിലേക്ക് മാറ്റി. ഏകദേശം കാൽനൂറ്റാണ്ടിനുശേഷം എറണാകുളത്തേക്ക് മാറ്റി. 1926–ൽ പേര് 'സത്യനാദം' എന്നാക്കി. അതുവരെ മാസികയായിരുന്നത് വാരികയാക്കുകയും ചെയ്തു.

1877– മെയിൻ സെൻട്രൽ റോഡിന്റെ പണി തീർന്നു.തിരുവനന്തപുരം മുതൽ അങ്കമാലിവരെ നീളുന്ന ഈ പാത ഇപ്പോൾ സ്റ്റേറ്റ് ഹൈവേ നമ്പർ–1 എന്ന് അറിയപ്പെടുന്നു.

- മഹാകവി ഉള്ളൂർ എസ് പരമേശ്വരയ്യർ (1877–1949) ജനിച്ചു (ജൂൺ 5).
- കേരളത്തിലെ ആദ്യത്തെ ഹീബ്രു അച്ചടിശാല കൊച്ചിയിൽ ജോസഫ് ഡാനിയൽ കോഹൻ ആരംഭിച്ചു.
- കണ്ണൻ ദേവൻ കമ്പനിയുടെ സ്ഥാപനത്തിന് കാരണമായ കരാറിൽ ഒപ്പുവച്ചു.
- ബാസൽ മിഷൻ കോഴിക്കോട്ട് ഒരു സ്കൂൾ ആരംഭിച്ചു. ഇത് പിന്നീട് സാമൂതിരി കോളേജായി.
- പുനലൂരിൽ കല്ലടയാറിനു കുറുകെ തൂക്കുപാലം നിർമിച്ചു.

1878– മന്നത്ത് പത്മനാഭൻ (ജനുവരി 2), സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള (മെയ് 25), വള്ളത്തോൾ നാരായണമേനോൻ (ഒക്ടോബർ 16) എന്നിവർ ജനിച്ചു.

- കേരളത്തിൽ മുസ്ലിങ്ങൾ നടത്തിയ ആദ്യ പത്രമായ 'കേരള ദീപകം' കൊച്ചിയിൽ പ്രസിദ്ധീകരണം ആരംഭിച്ചു. പത്രത്തിന്റെ ഉടമസ്ഥൻ ഖാദിർഷാ ഹാജിയായിരുന്നു.
- കോട്ടയത്തുനിന്ന് 'മലയാളമിത്രം' പ്രസിദ്ധീകരണമാരംഭിച്ചു.
- നാഗർ കോവിലിൽനിന്ന് 'തിരുവിതാംകൂർ അഭിമാനി' പ്രസിദ്ധീകരണമാരംഭിച്ചു.


1879– കൊല്ലത്ത് പബ്ലിക് ലൈബ്രറി.

- തിരുവനന്തപുരത്തെ കേരളവിലാസം പ്രസിൽനിന്ന് 'കേരള ചന്ദ്രിക' പ്രസിദ്ധീകരണമാരംഭിച്ചു. ഇതിന്റെ പത്രാധിപർ പി.ഗോവിന്ദപ്പിള്ള ആയിരുന്നു.

# മഹാരാഷ്ട്ര–1

## ഇന്ത്യൻ സംസ്ഥാനങ്ങൾ






**പേര് സൂചിപ്പിക്കുംപോലെതന്നെ മഹത്തായ ഒരു ദേശമാണ് മഹാരാഷ്ട്ര. അതിനിപുണരായ ഭരണകർത്താക്കളുടെയും പരാക്രമശാലികളായ യുദ്ധവീരൻമാരുടെയും നാടാണത്. വിസ്മയനിർമിതികളാലും സാംസ്കാരിക–വിനോദസഞ്ചാര പ്രാധാന്യമുള്ള നിരവധി സ്ഥലങ്ങൾകൊണ്ടും സമ്പുഷ്ടമാണ് മഹാരാഷ്ട്ര. ഏറ്റവും സമ്പന്നമായ ഇന്ത്യൻ സംസ്ഥാനത്തിലേക്ക്......**

## പ്രത്യേകതകൾ

* വ്യാവസായികമായി ഏറ്റവും മുന്നിട്ടു നിൽക്കുന്ന സംസ്ഥാനം
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ വന്യജീവി സങ്കേതങ്ങളുള്ള സംസ്ഥാനം
* ജൈനരുടെ അനുപാതം ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം
* ജൈനർ എണ്ണത്തിൽ ഏറ്റവും കൂടുതലുള്ള സംസ്ഥാനം
* ഇന്ത്യയിൽ ചേരി ജനസംഖ്യ (slum population) ഏറ്റവും കൂടുതലുള്ള സംസ്ഥാനം
* ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും വലിയ റോഡ് ശൃംഖലയുള്ള സംസ്ഥാനം
* ഇന്ത്യയിലെ കടൽത്തീരമുള്ള സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ വിസ്തീർണമുള്ള സംസ്ഥാനം
* നാഗ്പൂർ ഉടമ്പടിയുടെ (1953) ഫലമായി 1956–ൽ നിലവിൽവന്ന സംസ്ഥാനം
* ദുർമന്ത്രവാദത്തിനും അന്ധവിശ്വാസത്തിനും എതിരെ നിയമം പാസാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് മഹാരാഷ്ട്ര.
* ഇന്ത്യയിലെ ഏറ്റവും ദുർബലമായ ലോകായുക്ത സംവിധാനമുള്ള സംസ്ഥാനമായി മഹാരാഷ്ട്ര വിലയിരുത്തപ്പെടുന്നു.
* നഗര ജനസംഖ്യ (urban population) ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനമാണ് മഹാരാഷ്ട്ര .
* ലോകായുക്തയെ നിയമിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം മഹാരാഷ്ട്രയാണ് (1971).
* ഗോ വധ നിരോധനത്തിനായി നിയമനിർമാണം നടത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാന നിയമസഭ മഹാരാഷ്ട്രയിലേതാണ് (1995).
* 1970 കളിൽ ഇന്ത്യയിലാദ്യമായി എംപ്ലോയ്മെന്റ് ഗ്യാരന്റി ആക്ട് നടപ്പാക്കിയ സംസ്ഥാനം.
* ഇന്ത്യയിലെ ഏറ്റവും കൂടുതൽ ലാർജ് ഡാമുകൾ (ഫൗണ്ടേഷൻ മുതൽ 15 മീറ്ററിലധികം ഉയരം) ഉള്ള സംസ്ഥാനം.
* നിയമസഭയിൽ അവതരിപ്പിക്കുന്നതിന് ചോദ്യങ്ങളും പ്രമേയങ്ങളും അയക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് മഹാരാഷ്ട്ര.
* ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും വലിയ സാമ്പത്തിക വ്യവസ്ഥ മഹാരാഷ്ട്രയുടേതാണ്.
* സാമൂഹിത തിന്മകൾക്കെതിരെ രണ്ടാം കിറ്റിന്ത്യാ പ്രസ്ഥാനം പ്രഖ്യാപിച്ച സംസ്ഥാനം (2016).

## ആദ്യത്തേത്

* ഇന്ത്യയിൽ ആദ്യത്തെ റെയിൽപ്പാത– മുംബൈ–താനെ (1853 ഏപ്രിൽ 26)
* ഇന്ത്യയിലെ ആദ്യത്തെ റെയിൽവേ സ്റ്റേഷൻ– ബോറി ബന്ദർ (1853)
* ഇന്ത്യയിലെ ആദ്യത്തെ റെയിൽവേപ്പാലം Dapoorie Viaduct on the Mumbai-Thane route
* ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രിക് ട്രെയിൻ ഓടിയത്: 1925 ഫെബ്രുവരി മൂന്നിന് (ബോംബെ വി.ടി.യ്ക്കും കുർളയ്ക്കും ഇടയിൽ)
* ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യസമ്മേളന വേദിയായത് മുംബൈയിലെ ഗോകുൽദാസ് തേജ്പാൽ സംസ്കൃത കോളേജാണ്. 1885 ഡിസംബറിൽ നടന്ന സമ്മേളനത്തിൽ ഡബ്ല്യു സി ബാനർജിയായിരുന്നു അധ്യക്ഷൻ. 72 പ്രതിനിധികളാണ് ആ സമ്മേളനത്തിൽ പങ്കെടുത്തത്.
* ദത്തവകാശ നിരോധന നിയമപ്രകാരം ബ്രിട്ടീഷ് ഇന്ത്യയോടു ചേർത്ത ആദ്യ നാട്ടുരാജ്യം– സത്താറ (ഡൽഹൗസി പ്രഭുവാണ് ദത്തവകാശ നിരോധന നിയമം ആവിഷ്കരിച്ചത്).
* ഇന്ത്യയിൽ ആദ്യമായി ഐ.എസ്.ഡി.സംവിധാനം നിലവിൽ വന്നത് മുംബൈയിലാണ്. 1960–ൽ ലണ്ടനുമായി ബന്ധിപ്പിച്ചു.
* ഇന്ത്യയിലെ ആദ്യത്തെ ചലച്ചിത്ര പ്രദർശനം നടന്ന നഗരമാണ് മുംബൈ.
* ഇന്ത്യയിൽ ആദ്യമായി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ നടന്ന നഗരം– മുംബൈ (1952–ൽ. ഇന്ത്യയിലാദ്യമായി ചലച്ചിത്രോത്സവം നടന്നതും മുംബൈയിലാണ്– 1951–ൽ)
* ഇന്ത്യയിൽ ആദ്യമായി എ.ടി.എം. (ഓട്ടോമേറ്റഡ് ടെല്ലർ മെഷീൻ) സംവിധാനം നിലവിൽവന്ന നഗരം– മുംബൈ (1987). എച്ച്.എസ്.ബി.സിയാണ് ഈ സംവിധാനം ഏർപ്പെടുത്തിയത്.
* ഇന്ത്യയിലെ ആദ്യത്തെ ന്യൂക്ലിയാർ റിയാക്ടർ– അപ്സര (ട്രോംബെ– 1956)
* ഇന്ത്യയിലെ ആദ്യത്തെ അറ്റോമിക് പവർ സ്റ്റേഷൻ– താ



രാപ്പൂർ (1969)
* ഇന്ത്യയിലെ ആദ്യത്തെ സിനിമാ പ്രദർശനം നടന്നത്– മുംബൈയിലെ വാട്സൺ ഹോട്ടലിൽ (1896 ജൂലായ് 7)
* ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവകലാശാലയായ ശ്രീമതി നാഥിഭായ് താക്കർസി വിമൻസ് യൂണിവേഴ്സിറ്റിയുടെ (1916) ആസ്ഥാനം (എസ് എൻ ഡി റ്റി യൂണിവേഴ്സിറ്റി) പൂനെയാണ്. ഡി.കെ. കാർവെയാണ് ഇതിന്റെ സ്ഥാപകൻ. ഇദ്ദേഹമാണ് ഏറ്റവും ഉയർന്ന പ്രായത്തിൽ ഭാരത രത്നയ്ക്ക് അർഹനായത്.
* ഇന്ത്യയിലെ ആദ്യത്തെ ടെലിവിഷൻ റിസപ്ഷൻ സെന്റർ– ആർവി (പൂനെയ്ക്കടുത്ത്)
* ഇന്ത്യക്കാരുടേതായ ആദ്യത്തെ ലൈഫ് ഇൻഷുറൻസ് കമ്പനി– ബോംബെ മ്യൂച്വൽ ലൈഫ് അഷ്വറൻസ് സൊസൈറ്റി (1870)
* ഇന്ത്യയിലെ ആദ്യത്തെ മോണോ റെയിൽ പരീക്ഷണാർഥം ഓടിച്ചത്– മുംബൈയിൽ (2010).
* ഇന്ത്യയിലെ ആദ്യത്തെ നവോദയ സ്കൂൾ എവിടെയാണ് സ്ഥാപിക്കപ്പെട്ടത്– Khairi in Nagpur
* ഇന്ത്യയിലെ ആദ്യത്തെ വിമാനത്താവളം– മുംബൈയിലെ ജൂഹുവിലെ ഗ്രാസ് എയറോഡ്രോം (1932).
* ഇന്ത്യയിൽ സ്ത്രീകൾക്കായിട്ടുള്ള ആദ്യത്തെ തുറന്ന ജയിൽ എവിടെയാണ് സ്ഥാപിച്ചത്– യെർവാദ
* ഇന്ത്യയിൽ ആദ്യമായി ആധാർ കാർഡ് ഏർപ്പെടുത്തിയ സംസ്ഥാനം മഹാരാഷ്ട്രയാണ്( തേംഭ്ലി എന്ന സ്ഥലത്ത്). രജനാ സോനാവാണെയാണ് ആദ്യത്തെ ആധാർ കാർഡിനുടമ.
* ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കംപ്യൂട്ടറായ പരം 8000 വികസിപ്പിച്ചെടുത്തത് പൂനെയിലെ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിങ് (സി–ഡാക്) ആണ് .
* ഏഷ്യയിലെ ആദ്യത്തെ സ്റ്റോക്ക് എക്സ്ചേഞ്ചാണ് 1875–ൽ സ്ഥാപിതമായ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്.
* ഇന്ത്യയിലെ ആദ്യത്തെ വിമാനക്കമ്പനി എന്നറിയപ്പെടുന്ന ടാറ്റ എയർലൈൻസ് 1932–ൽ ആരംഭിച്ചത് ജെ.ആർ.ഡി.ടാറ്റയാണ്.
* ഒറ്റയ്ക്ക് വിമാനം പറത്തിയ ആദ്യ ഇന്ത്യക്കാരനാണ് ജെ.ആർ.ഡി.ടാറ്റ.
* ജെ.ആർ.ഡി.ടാറ്റ തന്റെ ആദ്യ ആകാശയാത്ര നടത്തിയത് ജൂഹു എയർപോർട്ട് മുതൽ കറാച്ചി വരെയാണ് (1932).
* ഇന്ത്യയിൽ ആദ്യമായി ബസ് റാപ്പിഡ് ട്രാൻസിറ്റ് സംവിധാനം നടപ്പാക്കിയ നഗരമാണ് പൂനെ.
* ഇന്ത്യയിലെ ആദ്യത്തെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത് പൂനെയിലാണ്.
* ഇന്ത്യയിലാദ്യമായി വനിതാ മേയർ അധികാരമേറ്റ നഗരമാണ് മുംബൈ (1956). സുലോചനാ മോഡിയാണ് ആ വനിത.
* ഇന്ത്യയിലെ ആദ്യത്തെ ലയൺസ് ക്ലബ് 1956–ൽ സ്ഥാപിതമായത് മുംബൈയിലാണ്.
* ഭാരതീയ മഹിളാ ബാങ്കിന്റെ ആദ്യത്തെ ബ്രാഞ്ച് ഉദ്ഘാടനം ചെയ്യപ്പെട്ടത് മുംബൈ നരിമാൻ പോയിന്റിലാണ് (2013).
* ഇന്ത്യയിലെ ആദ്യത്തെ ജനന നിയന്ത്രണ ക്ലിനിക് 1921–ൽ ആരംഭിച്ചത് മുംബൈയിലാണ്. രഘുനാഥ് ദോണ്ഡോ കാർവെയായിരുന്നു അതിന്റെ ഉപജ്ഞാതാവ് (ഭാരത രത്ന ജേതാവ് ഡി.കെ.കാർവേയുടെ മകൻ).
* ഇന്ത്യയിലെ ആദ്യത്തെ ഡബിൾ ഡെക്കർ ഫ്ളൈ ഓവർ സ്ഥാപിക്കപ്പെട്ടത് മുംബൈയിലാണ്.
* ഇന്ത്യയിലെ ആദ്യത്തെ ഡബിൾ ഡെക്കർ ട്രെയിൻ സർവീസ് മുംബൈയ്ക്കും പൂനെയ്ക്കും ഇടയിലാണ് ഓടിയത് (സിംഹഗഢ് എക്സ്പ്രസ്)
* ഇന്ത്യയിലെ ആദ്യത്തെ ബുള്ളറ്റ് ട്രെയിൻ സ്ഥാപിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട റൂട്ട് മുംബൈ–അഹമ്മദാബാദ് ആണ്.
* ആദ്യത്തെ ജനശതാബ്ദി എക്സ്പ്രസ് ഓടിയത് മുംബൈയ്ക്കും മഡ്ഗാവിനും ഇടയിലാണ്.
* ഇന്ത്യയിലെ ആദ്യത്തെ മോട്ടോർ ടാക്സി നിലവിൽവന്നത് മുംബൈയിലാണ്.
* ടാറ്റ ഗ്രൂപ്പിന്റെ ആദ്യത്തെ ടെക്സ്റ്റൈൽ മിൽ 1877–ൽ സ്ഥാപിച്ചത് നാഗ്പൂരിലാണ്.
* ഇന്ത്യയിലെ ആദ്യത്തെ നാഷണൽ ഫയർ സർവീസ് കോളേജ് സ്ഥാപിക്കപ്പെട്ടതും നാഗ്പൂരിലാണ്.
* മഹാരാഷ്ട്രാ ഗവർണറായ ആദ്യ വനിതയാണ് വിജയലക്ഷ്മി പണ്ഡിറ്റ് (1962).
* ബോംബെ സംസ്ഥാനം വിഭജിച്ച് മഹാരാഷ്ട്രയും ഗുജറാത്തും രൂപംകൊണ്ടപ്പോൾ മഹാരാഷ്ട്രയുടെ ആദ്യത്തെ

മുഖ്യമന്ത്രിയായത് യശ്വന്ത് റാവു ചവാനാണ് (1960–62). അവിഭക്ത ബോംബെ സംസ്ഥാനത്തിന്റെ അവസാനത്തെ മുഖ്യമന്ത്രിയും അദ്ദേഹമാണ്.

* മഹാരാഷ്ട്ര മുഖ്യമന്ത്രിയായ ആദ്യ ഇസ്ലാം മതസ്ഥൻ എ.ആർ.ആന്തുലെ ആണ്.
* ഇന്ത്യയിലെ ആദ്യത്തെ സൈബർ കഫേ 1996–ൽ ആരംഭിച്ചത് മുംബൈയിലാണ്.
* ഇന്ത്യയിൽ ആദ്യമായി എ.ടി.എം. സംവിധാനം നിലവിൽവന്ന നഗരം എന്ന വിശേഷണം മുംബൈയ്ക്ക് സ്വന്തമാണ്.
* സൗജന്യമായി വൈ–ഫൈ കണക്ഷൻ ലഭ്യമാക്കിയ ആദ്യത്തെ ഇന്ത്യൻ വില്ലേജാണ് മഹാരാഷ്ട്രയിലെ പച്ഗവോൺ (2015 ജൂലൈ).
* കോടതിയലക്ഷ്യത്തിന് സുപ്രീം കോടതി ഒരു മാസത്തെ തടവിന് വിധിച്ച (2006 മെയ് 12) മഹാരാഷ്ട്രയിലെ സ്വരൂപ്സിങ് നായിക് ആണ് പദവിയിലിക്കെ ജയിലിലടയ്ക്കപ്പെട്ട ആദ്യത്തെ മന്ത്രി.
* ഇന്ത്യയിലെ ആദ്യത്തെ സബർബൻ റെയിൽവേ ലൈനാണ് മുംബൈയിലെ സബർബൻ റെയിൽവേ (1857).
* ഇന്ത്യയിൽ ആദ്യമായി മോട്ടോർ ടാക്സി നിലവിൽ വന്ന നഗരം മുംബൈയാണ് (1911).
* ഇന്ത്യയിലെ ആദ്യത്തെ എയർ കണ്ടീഷൻഡ് ഡബിൾ ഡക്കർ ശതാബ്ദി എക്സ്പ്രസ് ബന്ധിപ്പിക്കുന്നത്–മുംബൈയെയും ഗോവയെയുമാണ്.
* ഇന്ത്യയിൽ പുള്ളിപ്പുലികളുടെ സംരക്ഷണത്തിനായി ആനിമൽ സഫാരി എന്ന പദ്ധതി ആദ്യമായി ആരംഭിച്ചത് റായ്ഗഢ് ജില്ലയിലെ റോഹയിലാണ്.
* റെയിൽ ടെല്ലും ഗൂഗിളും സഹകരിച്ച് സൗജന്യമായി നടപ്പാക്കുന്ന അതിവേഗ വൈഫൈ ഇന്റർനെറ്റ് സംവിധാനം രാജ്യത്ത് ആദ്യം നടപ്പാക്കിയത് മുംബൈ സെൻട്രലിലാണ് (2015).
* രാജ്യത്തെ ആദ്യത്തെ ആധാർ എ.ടി.എം. സ്ഥാപിച്ചത് മുംബൈയിലാണ്. ഡി.സി.ബി. ബാങ്ക് ആണ് സ്ഥാപിച്ചത്.
* മിസിസ് വേൾഡ് പട്ടം നേടിയ (2001) ആദ്യ ഇന്ത്യക്കാരിയായ അദിതി ഗോവിത്രികർ ജനിച്ചത് പാൻവെല്ലിലാണ് (1974).
* ഇന്ത്യയിലെ ആദ്യത്തെ റഡാർ പരിശീലന കേന്ദ്രം ആരംഭിച്ചത് മുംബൈയിലാണ് (1953).

## സൂപ്പർലേറ്റീവുകൾ

* ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റോക്ക് എക്സ്ചേഞ്ച് മുംബൈ ആണ് (1875–ൽ സ്ഥാപിതം).
* ഇന്ത്യയിലെ ഏറ്റവും ജനസംഖ്യകൂടിയ നഗരമാണ് മുംബൈ.
* ഇന്ത്യയിലെ ഏറ്റവും ഉയർന്ന ജി.ഡി.പി. മുംബൈയിലാണ്.
* ഇന്ത്യയിലെ ഏറ്റവും വലിയ ചേരി– ധരാവി (പാകിസ്താനിലെ കറാച്ചിയിലെ ഒറാങ്കി ടൗൺഷിപ്പാണ് 2009 ലെ യുഎൻഡിപി കണക്കുകൾ പ്രകാരം ഏഷ്യയിലെ ഏറ്റവും വലിയ ചേരി).
* പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്ന ഏറ്റവും വലിയ നഗരം– പൂനെ
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ പെട്രോളിയം ഖനനം ചെയ്യുന്നത് ബോംബെ ഹൈയിൽ നിന്നാണ്.
* ഇന്ത്യയിലെ ഏറ്റവും വലിയ ലൈറ്റ് ഹൗസ്– പ്രോങ്സ് റീഫ്, മുംബൈ
* ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കടൽപ്പാലമാണ് ബാന്ദ്ര–വർളി സീ ലിങ്ക് (Bandra Worli Sea Link, 5600 m). ഇത് നിർമിച്ചിരിക്കുന്നത് മാഹിം ബേ (Mahim Bay) യിലാണ്.
* ഏറ്റവും നീളം കുറഞ്ഞ റെയിൽറൂട്ട്– Nagpur and Ajni (3km)
* ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ വയാഡക്ട്– പാൻവെൽനദി വയാഡക്ട്. (ഇതിന് കുത്തബ്മിനാറിനെക്കാൾ ഉയരമുണ്ട്).
* ലോകത്തിൽ ഏറ്റവും കൂടുതൽ യാത്രാത്തിരക്ക് അനുഭവപ്പെടുന്നത് മുംബൈ സബർബൻ റെയിൽവേയിലാണ്.
* ഏഷ്യയിലെ ഏറ്റവും പഴക്കമുള്ള പത്രമാണ് മുംബൈയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ഗുജറാത്തി പത്രമായ ബോംബെ സമാചാർ. 1822 ജൂലൈ ഒന്നിനാണ് ആദ്യ പത്രം പുറത്തിറങ്ങിയത്.
* ഇന്ത്യയിലെ ഏറ്റവും വലിയ ഹോട്ടലാണ് മുംബൈയിലെ ഓബറോയ്–ഷെറാട്ടൺ.
* ബുദ്ധമതക്കാർ ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനമാണ് മഹാരാഷ്ട്ര.
* ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ റെയിൽവേ നടപ്പാലം (364 മീ.) മുംബൈ സി.എസ്.ടി. റെയിൽവേ സ്റ്റേഷനിലാണ്.
* ഓഹരി വ്യാപാരം ഏറ്റവും കൂടുതൽ നടക്കുന്ന ഇന്ത്യൻ നഗരമാണ് മുംബൈ.
* ഇന്ത്യയിലെ ഏറ്റവും തിരക്കുകൂടിയ തുറമുഖമാണ് മുംബൈയിലെ ജവാഹർലാൽ നെഹ്റു പോർട്ട് .
* ചണ്ഡിഗഢ് കഴിഞ്ഞാൽ, ഇന്ത്യയിലെ ഏറ്റവും ഹരിതാഭമായ രണ്ടാമത്തെ നഗരം എന്ന വിശേഷണം നാഗ്പൂരിനുണ്ട്.
* ഗാന്ധിജി അവസാനമായി ജയിൽവാസം അനുഭവിച്ച നഗരമാണ് പൂനെ.
* ഇന്ത്യയിലെ ഏറ്റവും വലിയ ഗുഹാക്ഷേത്രമാണ് എല്ലോറ.



* ഗാന്ധിജി ഏറ്റവും കൂടുതൽ കാലം തടവനുഭനവിച്ച ജയിലാണ് യെർവാദ.
* ബാന്ദ്ര ടെർമിനസിനും അന്ധേരിക്കും ഇടയിലാണ് ഏറ്റവും കൂടുതൽ സമാന്തര റെയിൽവേ ലൈനുകൾ ഉള്ളത് (10).
* മഹാരാഷ്ട്രയിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയാണ് കോയ്ന (1960 മെഗാവാട്ട്).

## അപരനാമങ്ങൾ/പഴയ പേരുകൾ

* ഇന്ത്യയുടെ വ്യവസായ തലസ്ഥാനം എന്നറിയപ്പെടുന്നത്– മുംബൈ
* ഏഴുദ്വീപുകളുടെ നഗരം എന്ന അപരനാമം മുംബൈയ്ക്കുണ്ട്. Bombay Island, Parel, Mazagaon, Mahim, Colaba, Worli, Old Woman's Island ( Little Colaba) എന്നിവയാണ് ആ ദ്വീപുകൾ. ഇന്ത്യയിലെ ഏറ്റവും ജനസംഖ്യ കൂടിയ ദ്വീപാണ് മുംബൈയിലെ സാൽസെറ്റ് ദ്വീപ് (ഇന്ത്യയിലെ ഏറ്റവും വിസ്തീർണം കൂടിയ ദ്വീപ് നോർത്ത് ആന്തമാൻ ആണ്).
* മുന്തിരിയുടെ നഗരം –നാസിക്
* ഓറഞ്ചുകളുടെ നഗരം– നാഗ്പൂർ
* നിരവധി കടുവാ സംരക്ഷണ കേന്ദ്രങ്ങളിലേക്ക് റോഡുമാർഗം പെട്ടെന്ന് പോകാൻ സാധിക്കുമെന്നതിനാൽ ലോകത്തിന്റെ ടൈഗർ ക്യാപിറ്റൽ എന്ന് നാഗ്പൂർ വിശേഷിപ്പിക്കപ്പെടുന്നു.
* മഹാരാഷ്ട്രയുടെ രണ്ടാം തലസ്ഥാനം എന്നും മഹാരാഷ്ട്രയുടെ ഓക്സിലറി ക്യാപിറ്റൽ (auxiliary capital) എന്നുമറിയപ്പെടുന്ന നാഗ്പൂരിലാണ് മഹാരാഷ്ട്ര അസംബ്ലിയുടെ ശീതകാല സമ്മേളനം നടക്കുന്ന വിധാൻ ഭവൻ.
* മഹാരാഷ്ട്രയുടെ ജീവരേഖ എന്നറിയപ്പെടുന്ന നദിയാണ് കോയ്ന.
* പാവങ്ങളുടെ താജ്മഹൽ– ഔറംഗബാദിലെ ബീബി കാ മഖ്ബറ (ഔറംഗസീബിന്റെ ഭാര്യ റാബിയ ദുരാനി (ദിൽ രാസ് ബാനു ബീഗം) യുടെ ശവകുടീരമായ ഇത് പണികഴിപ്പിച്ചത് (1678)ഔറംഗസീബിന്റെ പുത്രൻ അസം ഷാ ആണ്. ചുവന്ന മണൽക്കല്ലിലാണ് നിർമാണം)
* ഇന്ത്യയുടെ വീഞ്ഞു തലസ്ഥാനം എന്നറിയപ്പെടുന്നത് നാസിക് ആണ്.
* ഇന്ത്യയുടെ എന്റർടെയ്ൻമെന്റ് ക്യാപിറ്റൽ (entertainment capital) എന്ന് വിശേഷിപ്പിക്കപ്പെടുന്ന മുംബൈയിലാണ് ഇന്ത്യൻ സിനിമാവ്യവസായത്തിന്റെ തലസ്ഥാനമായ ബോളിവുഡ്.
* ഇന്ത്യൻ ക്രിക്കറ്റിന്റെ നഴ്സറി എന്നറിയപ്പെടുന്ന മുംബൈയിൽവച്ചാണ് ഇന്ത്യ രണ്ടാമത്തെ പ്രാവശ്യം ലോകകപ്പ് ക്രിക്കറ്റ് ജേതാക്കളായത് (2011). എം.എസ്. ധോണിയായിരുന്നു ക്യാപ്റ്റൻ.
* ഇന്ത്യയുടെ കവാടം എന്നറിയപ്പെടുന്നത് മുംബൈ.
* സച്ചിൻ ടെൻഡുൽക്കറാണ് ബോംബെ ബോംബർ എന്നറിയപ്പെടുന്നത്.
* ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള പുനെ കിഴക്കിന്റെ ഓക്സ്ഫഡ് എന്നറിയപ്പെടുന്നു. പുണ്യനഗരി എന്നും പൂനെയെ വിളിക്കാറുണ്ട്.
* പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ നഗരമായ പുനെയ്ക്ക് ഡക്കാണിന്റെ റാണി എന്ന അപരനാമം സ്വന്തമാണ്.
* മഹാരാഷ്ട്രയുടെ സംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്നത് പൂനെ ആണ്.
* ഇന്ത്യൻ ആഭ്യന്തര വ്യോമയാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ജെ.ആർ.ഡി.ടാറ്റയാണ്.
* ഇന്ത്യയിലെ ഹോളിവുഡ് എന്നറിയപ്പെടുന്നത് മുംബൈ.
* ഇന്ത്യയുടെ കലിഫോർണിയ എന്നറിയപ്പെടുന്നത് നാസിക്.

## പ്രധാനപ്പെട്ട വസ്തുതകൾ

* ഛത്രപതി ശിവജി മഹാരാജ് ടെർമിനൽ എവിടെയാണ്– മുംബൈ (മുമ്പ് അറിയപ്പെട്ടിരുന്നത് വിക്ടോറിയ ടെർമിനസ്. ബ്രിട്ടീഷുകാരനായ എഫ്.ഡബ്ല്യു. സ്റ്റീവന്റെ രൂപകല്പനയിൽ 1878–ൽ നിർമാണം ആരംഭിച്ചു)
* മഹാത്മാഗാന്ധി സ്ഥാപിച്ച സേവാഗ്രാം ആശ്രമം ഏതു സംസ്ഥാനത്താണ്– മഹാരാഷ്ട്ര
* നാസിക് ഏതു നദിയുടെ തീരത്താണ്– ഗോദാവരി
* കൊങ്കൺ റെയിൽവേ ബന്ധപ്പെടുത്തുന്ന സ്ഥലങ്ങൾ– മംഗലാപുരം– മുംബൈ
* മഹാരാഷ്ട്രയിലെ പ്രധാന ഭാഷ– മറാത്തി (ഇന്തോ ആര്യൻ ഗോത്രത്തിലെ ഭാഷയാണ്)
* മഹാരാഷ്ട്രയിലെ ലോക്സഭാസീറ്റുകൾ– 48
* തഡോബ വന്യമൃഗസംരക്ഷണ കേന്ദ്രം ഏതു സംസ്ഥാനത്ത്– മഹാരാഷ്ട്ര
* മോളിവുഡ് (ബോളിവുഡ്) എന്ന അപരമാമത്തിലറിയപ്പെടുന്നത്– മുംബൈയിലെ സിനിമാവ്യവസായം
* കൃഷ്ണനദി എവിടെനിന്നാണ് ഉൽഭവിക്കുന്നത്– മഹാബലേശ്വർ
* കോയ്ന അണക്കെട്ട് ഏതു സംസ്ഥാനത്തിലാണ്– മഹാരാഷ്ട്ര (കോയ്നാ നദിയിൽ)



* മഹാരാഷ്ട്രയിലെ പ്രധാന നൃത്തരൂപം– തമാഷ
* മഹാരാഷ്ട്രയിലെ പ്രധാന ഉത്സവം– ഗണേശ ചതുർഥി
* ജുഹു ബീച്ച് എവിടെയാണ്– മുംബൈ
* അജന്താ–എല്ലോറ ഗുഹകൾ ഏതു സംസ്ഥാനത്ത്– മഹാരാഷ്ട്ര
* സെൻട്രൽ റെയിൽവേയുടെ ആസ്ഥാനം– മുംബൈ
* മത്തേരാൻ വന്യജീവി സങ്കേതം ഏതു സംസ്ഥാനത്ത്– മഹാരാഷ്ട്ര
* ശിവസേന ഏതു സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷിയാണ് –മഹാരാഷ്ട്ര (1966–ൽ ബാൽ താക്കറേ സ്ഥാപിച്ചു. സേനയുടെ മുഖപത്രമാണ് സാംന).
* രത്നഗിരി കണ്ടൽവനം മഹാരാഷ്ട്രയിലാണ്.

## പ്രധാന വ്യക്തികൾ

* മഹാരാഷ്ട്രയിലെ സോക്രട്ടീസ് എന്നറിയപ്പെടുന്നത്– ഗോപാലകൃഷ്ണഗോഖലെ
* ബോംബെ ബോംബർ എന്നറിയപ്പെടുന്നത്– സച്ചിൻ ടെൻഡുൽക്കർ (പ്രശസ്ത മറാത്തസാഹിത്യകാരൻ രമേഷ് ടെൻഡുൽക്കറുടെ മകനാണ്).
* ശിവജി ജനിച്ച സ്ഥലം– ശിവ്നേർ (1627–ൽ)
* ശിവജി ഛത്രപതിയായി അഭിഷിക്തനായ വർഷം– 1674
* ശിവജി അന്തരിച്ച വർഷം– 1680
* ശിവജിയുടെ മാതാവ്– ജീജാഭായി
* പേഷ്വാമാരിൽ ഏറ്റവും പ്രശസ്തനായ ഭരണാധികാരി ബാജിറാവു ഒന്നാമനാണ്.
* ബോംബെയെ ശക്തമായ ബ്രിട്ടീഷ് പ്രദേശമാക്കി മാറ്റിയത് ജെറാൾഡ് ഓങ്കിയർ ആണ്.
* എവിടെ വച്ചാണ് ഡോ.അംബേദ്കർ അനുയായികളോടൊപ്പം ബുദ്ധമതം സ്വീകരിച്ചത്– നാഗ്പൂർ
* നാഗ്പൂർ പതിനെട്ടാം നൂറ്റാണ്ടിൽ സ്ഥാപിച്ചത് ഗോണ്ട് വംശജനായ ഭക്ത് ബുലന്ദ് എന്ന ഭരണാധികാരിയാണ്. പിന്നീട് ഭോൺസ്ലെ വംശത്തിന്റെ ആസ്ഥാനമായ നാഗ്പൂർ 1861–ൽ സെൻട്രൽ പ്രൊവിൻസിന്റെ ആസ്ഥാനമായി. സ്വാതന്ത്ര്യാനന്തരം മധ്യഭാരത് സംസ്ഥാനത്തിന്റെ തലസ്ഥാനമായി. സംസ്ഥാന പുന:സംഘടനയുടെ ഫലമായി നാഗ്പൂർ മഹാരാഷ്ട്രയുടെ ഭാഗമായി.

●

rണ്ട് നവോത്ഥാന നായകൻമാരെ തമ്മിൽ ബന്ധപ്പെടുത്തുന്ന ചില രചനകളുണ്ട്. ചട്ടമ്പി സ്വാമികളുടെ വിയോഗത്തിൽ അനുശോചിച്ചുകൊണ്ട് പണ്ഡിറ്റ് കറുപ്പൻ രചിച്ചതാണ് സമാധി സങ്കൽപം. ശ്രീനാരായണഗുരു തന്റെ നവമഞ്ജരി സമർപ്പിച്ചിരിക്കുന്നത് ചട്ടമ്പി സ്വാമികൾക്കാണ്. ബ്രഹ്മാനന്ദ ശിവയോഗികളുടെ മോക്ഷപ്രദീപത്തിന് ചട്ടമ്പിസ്വാമികളുടെ മറുപടിയാണ് മോക്ഷപ്രദീപ ഖണ്ഡനം. വാഗ്ഭടാനന്ദൻ തന്റെ ഗുരുവിനോടുള്ള ആദരസൂചകമായി പ്രസിദ്ധീകരണത്തിന് ശിവയോഗിവിലാസം എന്നു പേരിട്ടു അഭിപ്രായഭിന്നത കാരണം പിൽക്കാലത്ത് ഗുരുവുമായി അകന്നപ്പോൾ പേര് ശിവയോഗവിലാസം എന്നു മാറ്റി.



**4**

## പരീക്ഷയും ആസൂത്രിതമായ സമീപനവും

**ആർ.സി.സുരേഷ്കുമാർ**
rcsk1234@gmail.com

# അയാളും ഞാനും തമ്മിൽ....

## ഗുരുശിഷ്യർ....

ശിഷ്യരുടെ ഉയർച്ചയിൽ ഒരസൂയയും കൂടാതെ സന്തോഷിക്കാൻ ഗുരുവിനെപ്പോലെ ആർക്കുകഴിയും? അതുകൊണ്ടാണ് അതൊരു പാവനബന്ധമായി ഏതു സമൂഹവും എക്കാലവും കരുതുന്നത്. കേരള നവോത്ഥാന ചരിത്രത്തിലും കാണാം തിളക്കമാർന്ന ഗുരുശിഷ്യബന്ധങ്ങൾ.

ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, അയ്യങ്കാളി എന്നിവർക്ക് തൈക്കാട് അയ്യ ഗുരുസ്ഥാനീയനായിരുന്നു. തൈക്കാട് അയ്യയെ തന്റെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചുവരുത്തി ശിഷ്യത്വം സ്വീകരിച്ച തിരുവിതാംകൂർ രാജാവ് സ്വാതി തിരുനാളാണ്. ബ്രഹ്മാനന്ദശിവയോഗിയുടെ ശിഷ്യനായിരുന്നു വാഗ്ഭടനാന്ദൻ. പേട്ടയിൽ രാമൻപിള്ള ആശാന്റെ പാഠശാലയിലാണ് ചട്ടമ്പിസ്വാമികൾ പഠിച്ചത്. ബോധേശ്വരൻ (യഥാർഥ പേര് കേശവപിള്ള), കോൺഗ്രസ് നേതാവ് കുമ്പളത്ത് ശങ്കുപ്പിള്ള, പെരുനെല്ലി കൃഷ്ണൻ വൈദ്യൻ എന്നിവർ ചട്ടമ്പി സ്വാമികളുടെ ഗൃഹസ്ഥാശ്രമികളായ ശിഷ്യരായിരുന്നു. അദ്ദേഹത്തിന്റെ മറ്റൊരു പ്രസിദ്ധ ശിഷ്യനാണ് നീലകണ്ഠതീർഥപാദർ. ശ്രീനാരായണഗുരുവിനെ പഠിപ്പിച്ചത് കുമ്മപ്പള്ളി രാമൻപിള്ള ആശാനാണ്. കുമാരനാശാനും സഹോദരൻ അയ്യപ്പനും ശ്രീനാരായണശിഷ്യരിൽ പ്രമുഖരാണ്. ശ്രീനാരായണ ഗുരുവിന്റെ ആദ്യശിഷ്യനാണ് ശിവലിംഗദാസ സ്വാമികൾ. അവസാനത്തേത് ആനന്ദതീർഥ സ്വാമികൾ. ശീനാരായണഗുരുവിന്റെ ശിഷ്യനായ ആദ്യ യൂറോപ്യനാണ് ഏണസ്റ്റ് കിർക്. വെളുത്തേരി കേശവൻ വൈദ്യർ, സത്യവ്രത സ്വാമികൾ എന്നിവരും ശ്രീനാരായണശിഷ്യരിൽ ഉൾപ്പെടുന്നു.

## ബന്ധുവാര്......


ശ്രേഷ്ഠവ്യക്തികൾ ബന്ധുക്കളായുള്ളത് ആർക്കും അഭിമാനമുളവാക്കുന്ന സംഗതിയാണല്ലോ. ചില നവോത്ഥാന നായകൻമാർ തമ്മിലുള്ള ബന്ധം ഒന്നു മനസ്സിലാക്കാം. സിംഹളൻ എന്ന തൂലികാനാമത്തിനുടമായ സി.വി.കുഞ്ഞുരാമന്റെ മകൾ വാസന്തിയെ വിവാഹം കഴിച്ചത് സിംഹളസിംഹം എന്നറിയപ്പെട്ട സി.കേശവനാണ്. സമസ്തകേരള പുലയമഹാസഭയുടെ വിധാതാവ് ടി.ടി.കേശവൻ ശാസ്ത്രി വിവാഹം കഴിച്ചത് അയ്യങ്കാളിയുടെ മകൾ തങ്കമ്മയെയാണ്. ഡോ.പൽപുവിന്റെ പിതാവിന്റെ അനുജനായ തച്ചക്കുടി കുമാരന്റെ മകൾ ഭാനുമതിയായിരുന്നു കുമാരനാശാന്റെ സഹധർമണി. സ്വരാട് പത്രത്തിന്റെ എഡിറ്ററും തിരുവിതാംകൂറിലെ രാഷ്ട്രീയ നേതാവുമായിരുന്ന എ.കെ.പിള്ള വിവാഹം കഴിച്ചത് സ്വദേശാഭിമാനിയുടെ മകൾ ഗോമതിയെയാണ്. വിഖ്യാത ചിന്തകൻ നടരാജഗുരുവിന്റെ പിതാവ് ഡോ.പൽപുവാണ്. മലബാറിലെ പ്രമുഖ കോൺഗ്രസ് നേതാവ് കോഴിപ്പുറത്ത് മാധവമേനോന്റെ ഭാര്യയായിരുന്നു എ.വി.കുട്ടിമാളു അമ്മ. അമ്മു സ്വാമിനാഥൻ, ക്യാപ്റ്റൻ ലക്ഷ്മി, സുഭാഷിണി അലി തുടങ്ങി നിരവധി പ്രമുഖരെ ഇന്ത്യക്ക് സംഭാവന ചെയ്ത ആനക്കര വടക്കത്ത് കുടുംബത്തിലെ അംഗമാണവർ. വയലാർ സ്റ്റാലിൻ എന്നറിയപ്പെട്ട സി.കെ.കുമാരപ്പണിക്കരുടെ അനന്തരവളായിരുന്നു എ.കെ.ജി.യുടെ ഭാര്യ സുശീലാ ഗോപാലൻ. മന്നത്ത് പദ്മനാഭൻ പുനർവിവാഹം ചെയ്ത തോട്ടയ്ക്കാട്ട് മാധവിയമ്മ കൊച്ചിനിയമസഭയിലെ ആദ്യ വനിതാ അംഗമായിരുന്നു.

## അയാളും ഞാനും തമ്മിൽ.....

രണ്ട് നവോത്ഥാന നായകൻമാരെ തമ്മിൽ ബന്ധപ്പെടുത്തുന്ന ചില രചനകളുണ്ട്. ചട്ടമ്പി സ്വാമികളുടെ വിയോഗത്തിൽ അനുശോചിച്ചുകൊണ്ട് പണ്ഡിറ്റ് കറുപ്പൻ രചിച്ചതാണ് സമാധി സങ്കൽപം. ശ്രീനാരായണഗുരു തന്റെ നവമഞ്ജരി സമർപ്പിച്ചിരിക്കുന്നത് ചട്ടമ്പി സ്വാമികൾക്കാണ്. ബ്രഹ്മാനന്ദ ശിവയോഗികളുടെ മോക്ഷപ്രദീപത്തിന് ചട്ടമ്പിസ്വാമികളുടെ മറുപടിയാണ് മോക്ഷപ്രദീപ ഖണ്ഡനം. വാഗ്ഭടാനന്ദൻ തന്റെ ഗുരുവിനോടുള്ള ആദരസൂചകമായി പ്രസിദ്ധീകരണത്തിന് ശിവയോഗിവിലാസം എന്നു പേരിട്ടു (അഭിപ്രായഭിന്നത കാരണം പിൽക്കാലത്ത് ഗുരുവുമായി അകന്നപ്പോൾ പേര് ശിവയോഗവിലാസം എന്നു മാറ്റി). എസ്എൻഡിപി യോഗം സ്ഥാപിക്കുന്നതിന് ഡോ.പൽപുവിന് മാർഗനിർദ്ദേശം നൽകിയ സ്വാമി വിവേകാനന്ദനോടുള്ള ആദരസൂചകമായിട്ടാണ് മുഖപത്രമായ വിവേകോദയത്തിന് ആ പേരിട്ടത്. എ.ആർ.രാജരാജവർമയുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് കുമാരനാശാൻ രചിച്ചതാണ് പ്രരോദനം.

## വീണ്ടും ചില വീട്ടുകാര്യങ്ങൾ......

കൊല്ലൂർമഠത്തിൽ ചട്ടമ്പിസ്വാമികളും വയൽവാരം വീട്ടിൽ നാരായണഗുരു സ്വാമികളും ഭൂജാതരായി. ഏലംകുളം മനയിലാണ് ഇ.എം.എസിന്റെ ജനനം. കൂടില്ലാ വീട് എന്നത് സ്വദേശാഭിമാനിയുടെ ജന്മഗേഹമാണ്. പണ്ഡിറ്റ് കറുപ്പൻ വീടിന് നൽകിയ പേരാണ് സാഹിത്യകുടീരം. മഴത്തൂർ വെള്ളിത്തിരുത്തി മനയിയിലാണ് വി.ടിയുടെ ജനനം. പറവൂർ തറവാട്ടിലാണ് പി.കൃഷ്ണപിള്ള ജനിച്ചത്. അച്ഛന്റെ സ്മാരകമായി സി.കൃഷ്ണൻ കോഴിക്കോട്ട് പണിതതാണ് പാറൻ ഹാൾ. നെടുങ്ങോട്ട് വീട്ടിലാണ് പൽപു ജനിച്ചത്. നീതിയുടെ കാവലാളായി നിലകൊള്ളുകയും ജനങ്ങളെ സ്പർശിക്കുന്ന നിരവധി വിധിന്യായങ്ങളിൽ തുല്യം ചാർത്തുകയും ചെയ്ത ജസ്റ്റിസ് (റിട്ട.) വി.ആർ.കൃഷ്ണയ്യർ വീടിനിട്ട പേരാണ് സദ്ഗമയ.



ശ്രീനാരായണഗുരു, ചട്ടമ്പി സ്വാമികൾ, നീലകണ്ഠതീർഥപാദർ

## ഒന്നാണ് നമ്മൾ....

ഊഷ്മളമായ സൗഹൃദവും പരസ്പരബഹുമാനം പുലർത്തിയിരുന്ന വ്യക്തിബന്ധവും നവോത്ഥാന നായകർക്കിടയിൽ കാണാൻ സാധിക്കും. 1910–ൽ തിരുവിതാംകൂർ സർക്കാർ സ്വദേശാഭിമാനി പത്രം കണ്ടുകെട്ടുകയും പത്രാധിപരായിരുന്ന കെ.രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്തു. പ്രസ് മടക്കിക്കിട്ടുന്നതിന് ഗവൺമെന്റിനെ സമീപിക്കാൻ പത്രമുടമയായ വക്കം മൗലവിയെ പലരും ഉപദേശിച്ചു. എന്നാൽ, തന്റെ പ്രിയപ്പെട്ട പത്രാധിപരെ കൂടാതെ തനിക്ക് പത്രത്തിന്റെയും പ്രസിന്റെയും ആവശ്യമില്ലെന്നായിരുന്നു മൗലവിയുടെ നിലപാട്. പത്രമുടമയും പത്രാധിപരും തമ്മിലുള്ള ബന്ധത്തിന്റെ സ്നേഹോഷ്മളതയ്ക്ക് ഇതിനെക്കാൾ ഉദാത്ത മാതൃക കേരള ചരിത്രത്തിൽ വേറെയില്ല. പരിചയപ്പെട്ട കാലംമുതൽ ജീവിതാവസാനംവരെ ഗാഢസൗഹൃദം കാത്തുസൂക്ഷിച്ച നവോത്ഥാന നായകരാണ് ചട്ടമ്പി സ്വാമികളും ശ്രീനാരായണഗുരുവും. മാതൃഭൂമിയുടെ പത്രാധിപസ്ഥാനം വഹിച്ച സാമൂഹിക പരിഷ്കർത്താക്കളാണ് കെ.പി.കേശവമേനോനും കെ.കേളപ്പനും. ഡോ.പൽപു, കുമാരനാശാൻ, സി.വി.കുഞ്ഞുരാമൻ, ടി.കെ.മാധവൻ തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കാൾ എസ്എൻഡിപി യോഗവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരാണ്. വൈകുണ്ഠസ്വാമികളുടെ പല ആശയങ്ങളും മാതൃകകളും ശ്രീനാരായണ ഗുരുവിനെ സ്വാധീനിച്ചിരുന്നു എന്നു വിലയിരുത്തപ്പെടുന്നു. പൊതുപ്രവർത്തനരംഗത്ത് തോളോട്തോൾ ചേർന്ന് പ്രവർത്തിച്ചവരാണ് മന്നത്ത് പദ്മനാഭനും ആർ.ശങ്കറും. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാരഥികൾ എന്ന നിലയിലും ഹിന്ദുമഹാമണ്ഡലത്തിന്റെ നേതാക്കൻമാർ എന്ന നിലയിലും മന്നശങ്കരൻമാരെ ഒരുമിച്ചാണ് കേരളം കണ്ടത്. മന്നം വിമോചനസമരം നയിക്കുമ്പോൾ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ അധ്യക്ഷപദത്തിൽ ശങ്കറായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടി കേരള ഘടകത്തിന്റെ സ്ഥാപക നേതാക്കളിൽ ഉൾപ്പെടുന്ന സാമൂഹിക പരിഷ്കർത്താക്കളാണ് പി.കൃഷ്ണപിള്ളയും ഇ.എം.എസും. എൻഎസ്എസിന്റെ പ്രാരംഭ പ്രവർത്തനങ്ങളിലും ഗുരുവായൂർ സത്യാഗ്രഹത്തിലും സഹകരിച്ചു പ്രവർത്തിച്ചവരാണ് മന്നവും കെ.കേളപ്പനും. വിവേകോദയത്തിന്റെ പത്രാധിപസ്ഥാനത്ത് സഹകരിച്ചവരാണ് എം.ഗോവിന്ദനും കുമാരനാശാനും.

## ജാഥകളും നേതാക്കൻമാരും

വൈക്കം സത്യാഗ്രഹകാലത്ത് മഹാത്മാഗാന്ധിയാണ് സവർണജാഥ സംഘടിപ്പിക്കാൻ നിർദ്ദേശിച്ചത്. രണ്ടു ജാഥകൾ സംഘടിപ്പിക്കപ്പെട്ടു. വൈക്കത്തുനിന്ന് തിരുവനന്തപുരത്തേക്കുള്ള ജാഥയ്ക്ക് മന്നത്ത് പദ്മനാഭനും നാഗർകോവിലിൽനിന്ന് തിരുവനന്തപുരത്തേക്കുള്ളതിന് ഡോ.എം.ഇ.നായിഡുവുമാണ് നേതൃത്വം നൽകിയത് (1925). വൈക്കം സത്യാഗ്രഹകാലത്ത് 23000 സവർണ ഹിന്ദുക്കൾ ഒപ്പിട്ട ഭീമഹർജി റീജന്റ് മഹാറാണി സേതുലക്ഷ്മി ഭായിക്ക് നൽകിയ നിവേദക സംഘത്തെ നയിച്ചത് ചങ്ങനാശ്ശേരി പരമേശ്വരപിള്ളയായിരുന്നു. കേരളത്തിലെ ഉപ്പുനിയമ ലംഘനങ്ങൾക്ക് നേതൃത്വം നൽകിയ കെ. കേളപ്പനായിരുന്നു കോഴിക്കോട്ടുനിന്ന് 1930 ഏപ്രിൽ 13–ന് പയ്യന്നൂരിലേക്ക് തിരിച്ച ഉപ്പു സത്യാഗ്രഹ ജാഥ നയിച്ചത്. ഏപ്രിൽ 21–ന് പയ്യന്നൂരിലെത്തിയ കേളപ്പനും സംഘത്തിനും ഗംഭീര സ്വീകരണമാണു ലഭിച്ചത്. പാലക്കാട്ടുനിന്നുള്ള മറ്റൊരു ജാഥയ്ക്ക് നേതൃത്വം നൽകിയത് ടി.ആർ.കൃഷ്ണസ്വാമി അയ്യരാണ്. ഗുരുവായൂർ സത്യാഗ്രഹത്തിന് മുന്നോടിയായി പയ്യന്നൂരിൽനിന്ന് ഗുരുവായൂരിലേക്ക് കാൽനടയായി യാത്രതിരിച്ച വോളണ്ടിയർ സംഘത്തിന് നേതൃത്വം നൽകിയത് ടി.സുബ്രഹ്മണ്യൻ തിരുമുമ്പ് ആണ്. വി.ടി.ഭട്ടതിരിപ്പാട് 1931–ൽ യാചനാ യാത്രയും 1965–ൽ സാമൂഹിക പരിഷ്കരണ ജാഥയും നയിച്ചു. 1936–ൽ പട്ടിണിജാഥ നയിച്ചത് എ.കെ.ഗോപാലൻ. തിരുവിതാംകൂറിലെ ഉത്തരവാദഭരണ പ്രക്ഷോഭകാലത്ത് രാജധാനി മാർച്ച് നയിച്ചത് (1938) അക്കാമ്മ ചെറിയാനാണ്. ഉത്തരവാദഭരണ പ്രക്ഷോഭത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് കോഴിക്കോട്ടുനിന്ന് പുറപ്പെട്ട മലബാർ ജാഥ നയിച്ചത് എ.കെ.ജി.യാണ് (1938). ജാഥയെ ആലുവയിൽ തടഞ്ഞ് നേതാക്കളെ അറസ്റ്റ് ചെയ്ത് ആലപ്പുഴ ജയിലിലടച്ചു. മധുരയിൽനിന്ന് ശിവരാജപാണ്ഡ്യന്റെ നേതൃത്വത്തിൽ പുറപ്പെട്ട് ചെങ്കോട്ടവഴി തിരുവിതാംകൂറിൽ പ്രവേശിച്ച ജാഥയെ അവിടെ വച്ച് പൊലീസ് അറസ്റ്റു ചെയ്തു. ശിവരാജ പാണ്ഡ്യൻ പൊലീസ് മർദനത്തെത്തുടർന്ന് ലോക്കപ്പിൽ മരണമടഞ്ഞു. തെക്കൻ കർണാടകജാഥയ്ക്ക് നേതൃത്വം നൽകിയത് ഗണപതി കമ്മത്തായിരുന്നു. കൊച്ചിൻ ജാഥയുടെ നേതൃത്വം കെ.കെ.വാര്യർക്കായിരുന്നു. വിമോചനസമരകാലത്ത് (1959) അങ്കമാലിയിൽനിന്ന് ആരംഭിച്ച ജീവശിഖാ ജാഥയ്ക്ക് നേതൃത്വം നൽകിയത് മന്നത്ത് പദ്മനാഭനായിരുന്നു

(അടുത്ത ലക്കത്തിൽ: **പുസ്തകം മാറിപ്പോകരുത്**).

# Confusing Facts


1. ദക്ഷിണാഫ്രിക്ക, നമീബിയ എന്നീ രാജ്യങ്ങളുടെ അതിർത്തിയായ നദിയാണ് ഓറഞ്ച്. ചൈന–റഷ്യ എന്നീ രാജ്യങ്ങളുടെ അതിർത്തിയായ നദിയാണ് അമുർ.
2. ദക്ഷിണാഫ്രിക്കയിൽവച്ച് ഗാന്ധിജിയെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കാൻ ശ്രമിച്ച ബാരിസ്റ്ററാണ് ഡബ്ല്യു. ബേക്കർ. ഗാന്ധിജിയെ ഇസ്ലാംമതത്തിലേക്ക് പരിവർത്തനംചെയ്യാൻ ശ്രമിച്ചവരിൽ പ്രമുഖൻ ദാദാ അബ്ദുള്ളയായിരുന്നു.
3. ദക്ഷിണാഫ്രിക്കയിൽവച്ച് ജനറൽ സ്മട്സുമായി ഗാന്ധിജി ഉടമ്പടിയിലേർപ്പെട്ടതിനാൽ അദ്ദേഹത്തെ ആക്രമിച്ച ഇന്ത്യൻ തീവ്രവാദിയാണ് മിർ ആലം ഖാൻ. തയ്യബ് ഹാജി ഖാന്റെ സഹായത്തോടെയാണ് ഗാന്ധിജി പ്രിട്ടോറിയയിൽ അവിടുത്തെ ഇന്ത്യക്കാരുടെ യോഗം വിളിച്ചുചേർത്തത്.
4. ദലൈലാമ ടിബറ്റിൽനിന്ന് ഇന്ത്യയിലേക്ക് പലായനം ചെയ്തത് 1959–ൽ. അദ്ദേഹത്തിന് സമാധാന നൊബേൽ ലഭിച്ചത് 1989–ൽ.
5. ദണ്ഡിയാത്രയിൽ സന്നദ്ധഭടൻമാർക്ക് ആവേശം പകർന്ന രഘുപതി രാഘവ രാജാറാം എന്ന ഗാനത്തിനു സംഗീതം പകർന്നത് വിഷ്ണു ദിഗംബർ പലുസ്കാർ ആണ്. എന്നാൽ, ഗാന്ധിജിയുടെ ഇഷ്ട പ്രാർഥനാഗാനമായ വൈഷ്ണവ ജനതോ രചിച്ചത് ഗുജറാത്തി കവി നർസി മേത്തയാണ്.
6. 1946 സെപ്തംബർ രണ്ടിന് ഇടക്കാല സർക്കാർ അധികാരമേറ്റ ഇടക്കാല മന്ത്രിസഭയുടെ അംഗബലം 12 ആയിരുന്നു. എന്നാൽ, മുസ്ലിം ലീഗ് മന്ത്രിസഭയിൽ ചേരാൻ തീരുമാനിച്ചതിന്റെ ഫലമായി 1946 ഒക്ടോബർ 15–ന് മന്ത്രിസഭ പുന:സംഘടിപ്പിച്ചതോടെ അംഗബലം 14 ആയി. സ്വതന്ത്ര ഇന്ത്യയിലെ പ്രഥമ ക്യാബിനറ്റിന്റെ അംഗബലം 15 ആയിരുന്നു.
7. ലോകത്തിലെ ഏറ്റവും വിസ്തീർണം കൂടിയ ഇസ്ലാമിക രാഷ്ട്രം കസഖ്സ്ഥാനാണ്. മുസ്ലിം ജനസംഖ്യ ഏറ്റവും കൂടുതൽ ഇന്തോനീഷ്യയിലാണ്.
8. 1881–ൽ ഫൈസാബാദിൽ സ്ഥാപിതമായ ഔധ് കൊമേഴ്സ്യൽ ബാങ്കാണ് പൂർണമായും ഇന്ത്യൻ മൂലധനത്തിൽ ആരംഭിച്ച ആദ്യത്തെ ബാങ്ക്. ഇതിന്റെ പ്രവർത്തനം 1958–ൽ നിലച്ചു. പൂർണമായും ഇന്ത്യൻ മൂലധനത്തിൽ ആരംഭിച്ചതും ഇപ്പോഴും തുടരുന്നതുമായ ഏറ്റവും പഴക്കമുള്ള ബാങ്കാണ് പഞ്ചാബ് നാഷണൽ ബാങ്ക്. സ്വാതന്ത്ര്യസമര സേനാനിയായ ലാലാ ലജ്പത് റായിയാണ് 1894–ൽ ബാങ്ക് സ്ഥാപിച്ചത്.
9. താഴ്ന്ന ശ്രുതിയുള്ള ശബ്ദ തരംഗങ്ങളുടെ കൂട്ടമാണ് ബാസ്. ഉയർന്ന ശ്രുതിയുള്ള ശബ്ദ തരംഗങ്ങളുടെ കൂട്ടമാണ് ട്രെബിൾ.
10. വെങ്കിടേശ്വര ക്ഷേത്രം തിരുപ്പതി (വിഷ്ണുക്ഷേത്രം)യിലാണ്. മല്ലികാർജുന ക്ഷേത്രം നല്ലമലൈയിലെ ശ്രീശൈലം എന്ന സ്ഥലത്താണ്.
11. ശ്രീ വരാഹ നരസിംഹ ക്ഷേത്രം സിംഹാചലത്തിലും ശ്രീ സീതാ രാമ ക്ഷേത്രം ഭദ്രാചലത്തിലുമാണ്.
12. തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനം എന്ന പദവി തെലങ്കാന രൂപവത്കരണത്തോടെ ആന്ധ്രാപ്രദേശിന് നഷ്ടമായി. ഇപ്പോൾ കർണാടകയാണ് ഏറ്റവും വലിയ തെക്കേ ഇന്ത്യൻ സംസ്ഥാനം (ഇന്ത്യയിൽ ഏഴാം സ്ഥാനം).
13. മുമ്പ് ഏഴ് സംസ്ഥാനങ്ങളിൽ അധികാര പരിധിയുണ്ടായിരുന്ന ഹൈക്കോടതിയാണ് ഗുവഹത്തി ഹൈക്കോടതി. ഇപ്പോൾ ഗുവഹത്തി ഹൈക്കോടതിയുടെ കീഴിൽ നാല് (ആസ്സാം, അരുണാചൽ പ്രദേശ്, നാഗാലാൻഡ്, മിസോറാം) സംസ്ഥാനങ്ങളാണുള്ളത്.
14. ബംഗാളിൽനിന്ന് വേർപെടുത്തി ബീഹാർ ആൻഡ് ഒറീസ പ്രവിശ്യ രൂപവത്കരിച്ചത് 1912–ലാണ്. ഒറീസയെ പ്രത്യേക പ്രവിശ്യയാക്കിയത് 1935–ലാണ്.
15. പാടലീപുത്രത്തിന്റെ വിധാതാവായി കണക്കാക്കുന്നത് അജാതശത്രുവിനെയാണ്. ആധുനിക പാറ്റ്നയുടെ സൃഷ്ടാവ് ഷേർഷാ ആണ്.
16. ചിത്രകോട്ട് വെള്ളച്ചാട്ടം ഛത്തിസ്ഗഢിലാണ്. ചിത്രകൂട് ജില്ല ഉത്തർപ്രദേശിലാണ്.
17. ഇന്ത്യയിലെ ഏറ്റവും വിസ്തീർണം കൂടിയ ലോക്സഭാ മണ്ഡലമാണ് ജമ്മു കശ്മീരിലെ ലഡാക്ക്. 2014–ലെ തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ള മണ്ഡലം തെലങ്കാനയിലെ മൽക്കജ്ഗിരി ആണ്.
18. വൃന്ദാവൻ ഗാർഡൻസ് കർണാകടത്തിലാണ്. എന്നാൽ, ശ്രീകൃഷ്ണൻ ബാല്യകാലം ചെലവഴിച്ചു എന്ന് വിശ്വസിക്കപ്പെടുന്ന വൃന്ദാവനം ഉത്തർ പ്രദേശിലാണ്. ശ്രീകൃഷ്ണൻ ജനിച്ചത് മഥുരയിലാണ്. പിൽക്കാലത്ത് യാദവ രാജാവായത് ഗുജറാത്തിലെ ദ്വാരകയിലാണ്.
19. ഹൈദരാബാദിലെ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി എന്നറിയപ്പെടുന്ന (ഇഫ്ളു) സ്ഥാപനത്തിന്റെ പഴയ പേരാണ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ്.
20. ബ്രിട്ടീഷ് ഇന്ത്യയുടെ മധ്യഭാഗത്തായി സ്ഥിതിചെയ്തിരുന്ന നഗരമാണ് മഹാരാഷ്ട്രയിലെ നാഗ്പൂർ. സ്വതന്ത്ര ഇന്ത്യയുടെ മധ്യഭാഗത്തുള്ള നഗരം ജബൽപൂരാണ്.
21. മധ്യപ്രദേശിലെ ഗ്വാളിയോറിൽ ലക്ഷ്മിഭായി കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്ന പേരിൽ 1957–ൽ ആരംഭിച്ച സ്ഥാപനത്തിന്റെ പേര് 1973–ൽ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്ന് പരിഷ്കരിച്ചു. 1995–ൽ അതിനെ ലക്ഷ്മിഭായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്ന് പുനർനാമകരണം ചെയ്തു. 2000–ൽ ഈ സ്ഥാപനത്തെ ലക്ഷ്മിഭായി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്ന പേരിൽ മിനിസ്ട്രി ഓഫ് യൂത്ത് അഫയേഴ്സ് ആൻഡ് സ്പോർട്സിനുകീഴിലുള്ള ഡീംഡ് യൂണിവേഴ്സിറ്റിയാക്കി. കേരളത്തിൽ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ തിരുവനന്തപുരത്ത് കാര്യവട്ടത്താണ്.
22. മുപ്പത്തിയേഴാം വയസ്സിൽ മിസോറാം ഗവർണറായ സ്വരാജ് കൗശൽ ആണ് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഗവർണറായി നിയമിതനായത് (1990). ഇദ്ദേഹത്തിന്റെ ഭാര്യയായ സുഷമ സ്വരാജ് ആണ് ഏറ്റവും കുറഞ്ഞ പ്രായത്തിൽ (25) ഇന്ത്യയിൽ ക്യാബിനറ്റ് മന്ത്രിയായത് (1977). ഇന്ത്യയിൽ മുഖ്യമന്ത്രി സ്ഥാനത്തെത്തിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് എം.ഒ.ഹസ്സൻ ഫറൂഖ് മരക്കാർ. 1937–ൽ ജനിച്ച ഇദ്ദേഹം 1967–ൽ മുപ്പതാം വയസ്സിൽ കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിൽ മുഖ്യമന്ത്രിയായി.
23. ഇന്ത്യയിലെ ക്രിസ്ത്യൻ ഭൂരിപക്ഷ സംസ്ഥാനങ്ങളാണ് മേഘാലയ, മിസോറാം, നാലാലാൻഡ് എന്നിവ. മുസ്ലിങ്ങൾക്ക് ഭൂരിപക്ഷമുള്ള സംസ്ഥാനം ജമ്മുകശ്മീരും കേന്ദ്രഭരണ പ്രദേശം ലക്ഷദ്വീപുമാണ്
24. കറുത്ത പഗോഡ എന്നറിയപ്പെടുന്നത് കൊണാർക്കിലെ സൂര്യക്ഷേത്രമാണ്. യൂറോപ്യൻ നാവികരാണ് ഈ പേര് നൽകിയത്. കലിംഗ ആർക്കിടെക്ചർ ശൈലിയിലാണ് ഇതിന്റെ നിർമാണം. വെളുത്ത പഗോഡ എന്നു വിളിക്കുന്നത് പുരിയിലെ ജഗന്നാഥ ക്ഷേത്രത്തെയാണ്.
25. ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് പ്രതികാരമായി, ആ നരഹത്യയെ ന്യായീകരിച്ച അന്നത്തെ പഞ്ചാബ് ഗവർണർ മൈക്കൽ ഒഡയറിനെ പിൽക്കാലത്ത് കൊലപ്പെടുത്തിയ ഉദ്ദംസിങ് ജനിച്ചത് പഞ്ചാബിലാണ്. എന്നാൽ, അദ്ദേഹത്തിന്റെ സ്മരണാർഥം നാമകരണം ചെയ്യപ്പെട്ടിട്ടുള്ള ഉദ്ദംസിങ് നഗർ ഉത്തരാഖണ്ഡിലാണ്.
26. ഓപ്പറേഷൻ ബ്ലൂസ്റ്റാറിന്റെ സമയത്ത് ഇന്ദിര ഗാന്ധിയായിരുന്നു പ്രധാനമന്ത്രി. ഓപ്പറേഷൻ ബ്ലാക്ക് തണ്ടറിന്റെ സമയത്ത് രാജീവ് ഗാന്ധി.
27. ഇന്ദിര ഗാന്ധിയെ വധിച്ചത് (1984 ഒക്. 31) അംഗരക്ഷകരായിരുന്ന സത്വന്ത് സിങ്ങും ബിയാന്ത് സിങ്ങുമാണ്. ഇന്ദിര ഗാന്ധി വധക്കേസിൽ തൂക്കിലേറ്റപ്പെട്ടത് (തിഹാർ ജയിൽ, 1989 ജനുവരി 6) സത്വന്ത് സിങും കെഹാർ സിങുമാണ് (ബിയാന്ത് സിങ് ഇന്ദിര ഗാന്ധിയുടെ വധ സമയത്തുതന്നെ ഐ.ടി.ബി.പി. കമാൻഡോകളുടെ വെടിയേറ്റ് മരിച്ചു).
28. ഇന്ത്യയുടെ ആദ്യത്തെ ആണവപരീക്ഷണത്തിന്റെ രഹസ്യനാമമാണ് ഓപ്പറേഷൻ സ്മൈലിങ് ബുദ്ധ. ഇന്ത്യൻ വിദേശകാര്യ വകുപ്പ് ഇതിനെ പൊഖ്രാൻ–1 എന്നാണ് വിശേഷിപ്പിച്ചത്. 1998 മെയ് 11, 13 തീയതികളിലാണ് പൊഖ്രാൻ–2 പരീക്ഷണം ഇന്ത്യ നടത്തിയത്.
29. ഇന്ത്യ ഒന്നാമത്തെ അണുവിസ്ഫോടനം (1974) നടത്തുമ്പോൾ ഇന്ദിരാഗാന്ധിയും രണ്ടാമത്തേത് നടത്തുമ്പോൾ (1998) വാജ്പേയിയുമായിരുന്നു പ്രധാനമന്ത്രിമാർ.
30. ജുനഗഢ് എന്ന സ്ഥലം ഗുജറാത്തിലും ജുനഗഢ്കോട്ട രാജസ്ഥാനിലെ ബിക്കാനിറിലുമാണ്.
31. പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം രാജസ്ഥാനും ആദ്യ തെക്കേ ഇന്ത്യൻ സംസ്ഥാനം ആന്ധ്രാപ്രദേശുമാണ് (1959). എന്നാൽ, 73–ാം ഭേദഗതിയിലൂടെ ഭരണഘടനയുടെ പിൻബലം ലഭിച്ചശേഷം (1992) പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തിയ ആദ്യ സംസ്ഥാനം മധ്യപ്രദേശാണ്.
32. തമിഴ്നാട്ടിൽ ഓഫ്സെറ്റ് അച്ചടിക്കു പ്രസിദ്ധമായ സ്ഥലം ശിവകാശിയാണ്. സിൽക്കു വ്യവസായത്തിനു പ്രസിദ്ധമായ തമിഴ്നാട്ടിലെ സ്ഥലമാണ് കാഞ്ചീപുരം.
33. ഭാരതീയാർ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം കോയമ്പത്തൂരും ഭാരതിദാസൻ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം തിരുച്ചിറപ്പള്ളിയുമാണ്.
34. വാഗൺ ട്രാജഡിയിൽ തടവുകാർ മരണമടഞ്ഞു എന്ന് മനസ്സിലാക്കിയത് പോത്തന്നൂർ സ്റ്റേഷനിൽ വച്ചാണ്. പരിക്കേറ്റവരെ പ്രവേശിപ്പിച്ചത് കോയമ്പത്തൂർ ആശുപത്രിയിലാണ്.
35. ഇന്ത്യയുടെ മെയിൻലാൻഡിൽ ഏറ്റവും തെക്കേയറ്റത്തെ ലോക്സഭാ മണ്ഡലം കന്യാകുമാരിയാണ്. എന്നാൽ, ഇന്ത്യൻ യൂണിയനിലെ ഏറ്റവും തെക്കേയറ്റത്തെ ലോക്സഭാ മണ്ഡലം ആന്തമാൻ നിക്കോബാറാണ്.
36. നീലഗിരിക്കുന്നുകളിലാണ് ഊട്ടി. പളനി മലനിരകളിലാണ് കൊടൈക്കനാൽ. രണ്ടും പശ്ചിമ ഘട്ടത്തിലാണ്. പൂർവഘട്ടത്തിലെ ഷെവറോയ് മലനിരകളിൽ സ്ഥിതി ചെയ്യുന്ന സുഖവാസകേന്ദ്രമാണ് യെറുകാട്.
37. ഇന്ത്യയുടെ ഏറ്റവും തെക്കേയറ്റത്തെ സംസ്ഥാനം തമിഴ്നാടാണെങ്കിലും തെക്കേയറ്റത്തെ ഭരണഘടകം കേന്ദ്രഭരണപ്രദേശമായ ആന്തമാൻ നിക്കോബാറാണ്.
38. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1907–ലെ സൂറത്ത് (ഗുജറാത്ത്) സമ്മേളനത്തിൽ മിതദേശീയവാദികളെന്നും തീവ്രദേശീയവാദികളെന്നും രണ്ടായി പിളർന്നിരുന്നു. ഇവർ വീണ്ടും ഒരുമിച്ചത് 1916–ലെ ലക്നൗ സമ്മേളനത്തിലാണ്.
39. ഇന്ത്യയിൽ ഹിന്ദുക്കൾ എണ്ണത്തിൽ കൂടുതലുള്ള സംസ്ഥാനം ഉത്തർപ്രദേശും ശതമാനാടിസ്ഥാനത്തിൽ കൂടുതലുള്ള ഹിമാചൽ പ്രദേശ മാണ്.
40. നോർത്ത് സെൻട്രൽ റെയിൽവേ സോണിന്റെ ആസ്ഥാനം അലഹ ബാദും നോർത്ത് ഈസ്റ്റേൺ റെയിൽവേ സോണിന്റെ ആസ്ഥാനം ഗോരഖ്പൂരുമാണ്.
41. പട്ന വിഹാർ പക്ഷി സങ്കേതം ഉത്തർ പ്രദേശിലെ ഇട്ടാ ജില്ലയിലാണ്. പട്ന നഗരം ബീഹാറിന്റെ തലസ്ഥാനമാണ്.
42. അലഹബാദ് നഗരം ഉത്തർപ്ര ദേശിൽ ആണെങ്കിലും അലഹബാദ് ബാങ്ക് ആസ്ഥാനം കൊൽക്കത്തയിലാണ്.
43. എവറസ്റ്റും കാഞ്ചൻജംഗയും ഒരുമിച്ചു കാണാൻ കഴിയുന്ന സ്ഥലമാണ് ഡാർജിലിങ്ങിലെ ടൈഗർ ഹിൽ. എന്നാൽ, ജമ്മു കശ്മീരിലെ കാർഗിൽ ജില്ല യിലും ടൈഗർ ഹിൽ അഥവാ പോയിന്റ് 4660 എന്ന ഒരു സ്ഥലമുണ്ട്. 1999–ലെ കാർഗിൽ യുദ്ധസമയത്ത് ഒരു തന്ത്രപ്രധാന സ്ഥാനമായിരുന്നു ടൈഗർ ഹിൽ
44. ദേശീയ തലസ്ഥാന പ്രദേശമായ ഡെൽഹിയിൽനിന്നുള്ള ലോക്സഭാംഗങ്ങൾ ഏഴും രാജ്യസഭാംഗങ്ങൾ മൂന്നുമാണ്.
45. ദദ്ര നഗർ ഹവേലി ഇന്ത്യൻ യൂണിയന്റെ ഭാഗമായ വർഷമാണ് 1961. എന്നാൽ, ഗോവ, ദാമൻ, ദിയു എന്നിവയുടെ മേൽ ഇന്ത്യക്കുള്ള പരമാധികാരം പോർച്ചുഗൽ അംഗീകരിച്ചത് 1971–ലാണ്.
46. ഇന്ത്യയിൽ സംസ്ഥാന മുഖ്യമന്ത്രിമാരെ നിയമിക്കുന്നത് ഗവർണറാണ്. എന്നാൽ, കേന്ദ്രഭരണപ്രദേശങ്ങളായ ഡൽഹിയിലും പുതുച്ചേരിയിലും മുഖ്യമന്ത്രിമാരെ ലഫ്റ്റനന്റ് ഗവർണറുടെ ഉപദേശ പ്രകാരം രാഷ്ട്രപതിയാണ് നിയമിക്കുന്നത്.
47. ഡൽഹിയിലെ ചെങ്കോട്ടയുടെ പ്രവേശന കവാടമാണ് ലാഹോർ ഗേറ്റ്. ഡൽഹിയിലെ തന്നെ ഷാജഹാനാബാദ് എന്ന മുഗൾ നഗരത്തിന്റെ കവാടമാണ് കാശ്മീരി ഗേറ്റ്.
48. വോട്ടർമാരുടെ എണ്ണം ഏറ്റവും കുറഞ്ഞ ലോക്സഭാ മണ്ഡലം ലക്ഷദ്വീപും വിസ്തീർണം കുറഞ്ഞത് ഡൽഹിയിലെ ചാന്ദ്നി ചൗക്കുമാണ്.
49. 2011–ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളുള്ള ഏക സംസ്ഥാനം കേരളവും ഏക കേന്ദ്രഭരണ പ്രദേശം പുതുച്ചേരിയുമാണ്.
50. ഡോ.എ.സി. ദാസിന്റെ അഭിപ്രായത്തിൽ സപ്ത സിന്ധു പ്രദേശമാണ് ആര്യൻമാരുടെ ജന്മദേശം. ആര്യൻമാരുടെ ആദിമനാട് പശ്ചിമ സൈബീരിയ എന്ന് അഭിപ്രായപ്പെട്ടത് മോർഗൻ ആണ്.
51. ഗംഗാനാഥ് ഝാ അഭിപ്രായപ്പെടുന്നത് ആര്യൻമാരുടെ സ്വദേശം ബ്രഹ്മർഷി ദേശം എന്നാണ്. മധ്യദേശം അഥവാ ആധുനിക ഉത്തർപ്രദേശാണ് ആര്യൻമാരുടെ സ്വന്തം നാട് എന്ന് അഭിപ്രായപ്പെട്ടത് രാജ്ബലി പാണ്ഡെ ആണ്.

# Practice Questions

1. 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' രചിച്ചതാര്?
(എ) വി.ടി.ഭട്ടതിരിപ്പാട്
(ബി) ലളിതാംബിക അന്തർജനം
(സി) ലീലാദാമോദരമേനോൻ (ഡി) തകഴി
2. വിയന്ന ഏതു നദിയുടെ തീരത്താണ്?
(എ) വോൾഗ (ബി) നൈൽ
(സി) ഡാന്യൂബ് (ഡി)തെംസ്
3. കൽക്കത്ത നഗരം സ്ഥാപിച്ചത്:
(എ) ഫ്രാൻസിസ് ഡേ (ബി) ഫ്രാൻസിസ് മാർട്ടിൻ
(സി) എഡ്വിൻ ലുട്യൻസ് (ഡി) ജോബ് ചാർനോക്
4. ഖിൽജി വംശം സ്ഥാപിച്ചതാര്?
(എ) അലാവുദ്ദീൻ ഖിൽജി(ബി) ജലാലുദ്ദീൻ ഖിൽജി
(സി) ബാൽബൻ (ഡി) ഷെർഷാ
5. 1938 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സംഘടിപ്പിച്ച നാഷണൽ പ്ലാനിങ് കമ്മിറ്റിയുടെ അധ്യക്ഷനായി ആരെയാണ് ചുമതലപ്പെടുത്തിയത്?
(എ) സുബാഷ് ചന്ദ്രബോസ് (ബി) പട്ടാഭി സീതാരാമയ്യ
(സി) ജവാഹർലാൽ നെഹ്റു (ഡി) സർദാർ പട്ടേൽ
6. ജീൻവാൽജീൻ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചതാര്?
(എ) വിക്ടർ യൂഗോ (ബി) തോമസ് ഹാർഡി
(സി) ഷേക്സ്പിയർ (ഡി) അഗതാ ക്രിസ്റ്റി
7. 'സെർവന്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റി' സ്ഥാപിച്ചതാര്?
(എ) ജി.ജി.അഗാർക്കർ
(ബി) ഖാൻ അബ്ദുൾ ഗാഫർഖാൻ
(സി)ബി.ആർ.അംബേദ്കർ
(ഡി) ഗോപാലകൃഷ്ണ ഗോഖലെ
8. 'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, പക്ഷേ എല്ലായിടത്തും അവൻ ചങ്ങലകളിലാണ്' ഇതു പറഞ്ഞതാര്?
(എ) കാറൽ മാർക്സ് (ബി) മഹാത്മാഗാന്ധി
(സി) വിൻസ്റ്റൺ ചർച്ചിൽ (ഡി) റൂസ്സോ
9. 'ദി ലാസ്റ്റ് ജഡ്ജ്മെന്റ്' എന്ന ചിത്രം വരച്ചതാര്?
(എ) ലിയോണാർഡോ ഡാവിഞ്ചി (ബി) വാൻഗോഗ്



(സി) മൈക്കലാഞ്ചലോ (ഡി) പിക്കാസോ
10. സ്റ്റെയിൻലെസ്സ് സ്റ്റീൽ കണ്ടുപിടിച്ചതാര്?
(എ) ഓപ്പൻഹീമർ (ബി) ഹാരി ബ്രയർലി
(സി) ഹെൻറി ബെസിമർ (ഡി) ചാൾസ് മാർട്ടിൻ ഹാൾ
11. ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്:
(എ) രാജാ രാമണ്ണ (ബി) വിക്രം സാരാഭായി
(സി) ഹോമി ഭാഭ (ഡി) മേഘനാഥ് സാഹ
12. സമയത്തിന്റെ എസ്.ഐ.യൂണിറ്റ്:
(എ) സെക്കന്റ് (ബി) മണിക്കൂർ
(സി) നാഴിക (ഡി) മിനിട്ട്
13. 'സീസ്മോളജി' എന്തിനെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ്?
(എ) ഭൂചലനം (ബി) ജനസംഖ്യ
(സി) പരിസ്ഥിതി (ഡി) നദികൾ
14. 'മൗലികാവകാശങ്ങൾ' എന്ന ആശയം ഏതു രാജ്യത്തെ ഭരണഘടനയിൽ നിന്നുമാണ് ഇന്ത്യ സ്വീകരിച്ചത്?
(എ) യു.എസ്.എ. (ബി) ഇംഗ്ലണ്ട് (സി) ജപ്പാൻ (ഡി) അയർലൻഡ്
15. താഴെപ്പറയുന്നവയിൽ ഏതിന്റെ ആസ്ഥാനമാണ് തൃശ്ശൂരിൽ അല്ലാത്തത്?
(എ) കേരള സാഹിത്യ അക്കാദമി (ബി) കേരള പ്രസ് അക്കാദമി
(സി) കേരള സംഗീതനാടക അക്കാദമി
(ഡി) കേരള ലളിതകലാ അക്കാദമി
16. പദവിയിലിരിക്കെ അന്തരിച്ച ആദ്യ ഇന്ത്യൻ പ്രസിഡന്റ്:
(എ) സഞ്ജീവ റെഡ്ഡി (ബി) സക്കീർ ഹുസൈൻ
(സി) രാജേന്ദ്രപ്രസാദ് (ഡി) രാധാകൃഷ്ണൻ
17. ആരുടെ കൃതികളെയാണ് 'റഷ്യൻ വിപ്ലവത്തിന്റെ കണ്ണാടി' എന്ന് ലെനിൻ വിശേഷിപ്പിച്ചത്?



(എ) കാൾ മാർക്സ് (ബി) ലിയോ ടോൾസ്റ്റോയി
(സി) ആന്റോൺ ചെക്കോവ് (ഡി) മാക്സിം ഗോർക്കി
18. ആദ്യമായി ഭൂപടം നിർമിച്ചു എന്നു കരുതപ്പെടുന്ന ഗ്രീക്കുകാരൻ:
(എ) ടോളമി (ബി) ഇറാത്തോസ്തനീസ്
(സി) അനാക്സിമാൻഡർ (ഡി) കോപ്പർനിക്കസ്
19. ലോകത്തെ ആദ്യത്തെ കൃത്രിമോപഗ്രഹം ഏതു വർഷമാണ് വിക്ഷേപിച്ചത്?
(എ) 1958 (ബി) 1961
(സി) 1960 (ഡി) 1957
20. 'രക്തസാക്ഷിദിന'മായി ആചരിക്കുന്നത്:
(എ) ജനവരി 31 (ബി) ജനവരി 12
(സി) ജനവരി 30 (ഡി) ജനവരി 15
21. ജപ്പാനിൽ അണുബോംബിട്ടപ്പോൾ അമേരിക്കൻ പ്രസിഡന്റായിരുന്നത്:
(എ) ഫ്രാങ്ക്ലിൻ ഡി.റൂസ്വെൽറ്റ് (ബി) ഐസനോവർ (സി) റിച്ചാർഡ് നിക്സൺ (ഡി) ഹാരി എസ്.ട്രുമാൻ
22. ആദ്യത്തെ ആധുനിക ഒളിമ്പിക്സ് നടന്ന വർഷം :
(എ) 1886 (ബി) 1900
(സി) 1896 (ഡി) 1904
23. മലയാളത്തിലെ ആദ്യത്തെ ചരിത്രാഖ്യായിക :
(എ) ധർമരാജ (ബി) ഇന്ദുലേഖ
(സി) മാർത്താണ്ഡവർമ (ഡി) ഭൂതരായർ
24. 'ആലീസ് ഇൻ വണ്ടർലാൻഡ്' രചിച്ചതാര്?
(എ) ടോൾസ്റ്റോയി (ബി) ഡാനിയേൽ ഡീഫോ
(സി) ലൂയി ഫിഷർ (ഡി) ലൂയി കരോൾ
25. കോപ്പർനിക്കസ് ഏതുരാജ്യക്കാരനായിരുന്നു?
(എ) ഇറ്റലി (ബി) പോളണ്ട്
(സി) സ്പെയിൻ (ഡി) പോർച്ചുഗൽ
26. 'ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ' ആസ്ഥാനം:
(എ) റോം (ബി) ജനീവ
(സി) വാഷിങ്ടൺ (ഡി) ന്യൂയോർക്ക്
27. ഇന്ത്യയിൽ റെയിൽവേ നടപ്പാക്കിയ ഗവർണർ ജനറൽ:
(എ) കഴ്സൺ പ്രഭു (ബി) ഡഫറിൻ പ്രഭു
(സി) വില്യം ബെന്റിക് പ്രഭു (ഡി) ഡൽഹൗസി പ്രഭു
28. കേരളത്തിലെ ഏതുജില്ലയ്ക്കാണ് തേയില ഉല്പാദനത്തിൽ ഒന്നാംസ്ഥാനം?
(എ) വയനാട് (ബി) കൊല്ലം
(സി) കാസറഗോഡ് (ഡി) ഇടുക്കി
29. 'കൊട്ടാരങ്ങളുടെ നഗരം' എന്നറിയപ്പെടുന്നത്:
(എ) കൊൽക്കത്ത (ബി) ഭുവനേശ്വർ
(സി) ആന്ധ്ര (ഡി) ജോധ്പൂർ
30. ഇന്ത്യൻ ഭരണഘടന 'കൂട്ടുത്തരവാദിത്വം' എന്ന ആശയം എവിടെ നിന്നാണ് സ്വീകരിച്ചിരിക്കുന്നത്?
(എ) അമേരിക്കൻ ഐക്യനാടുകൾ (ബി) കാനഡ
(സി) ജർമനി (ഡി) ബ്രിട്ടൺ
31. 'കാമരൂപം' ഇപ്പോൾ എന്തുപേരിൽ അറിയപ്പെടുന്നു?
(എ) അസം (ബി) ഒറീസ
(സി) ബംഗാൾ (ഡി) ഹരിയാണ
32. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ഇടനാഴി എവിടെയാണ്?
(എ) ചെന്നൈ (ബി) രാമേശ്വരം
(സി) അമർനാഥ് (ഡി) എല്ലോറ
33. ഇന്ത്യൻ നാവിക സേനയുടെ ആസ്ഥാനം:
(എ) കൊൽക്കത്ത (ബി) ചെന്നൈ
(സി) വിശാഖപട്ടണം (ഡി) ന്യൂഡൽഹി
34. മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകം:
(എ) അശ്വമേധം (ബി) നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി
(സി) കാട്ടുകുതിര (ഡി) പാട്ടബാക്കി
35. ഭാരതരത്നം നേടിയ ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി:
(എ) ഇന്ദിരാഗാന്ധി(ബി) ലാൽ ബഹാദൂർ ശാസ്ത്രി
(സി) ജവാഹർലാൽ നെഹ്റു (ഡി) രാജീവ് ഗാന്ധി
36. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപവത്കൃതമായ വർഷം:
(എ) 1932 (ബി) 1936
(സി) 1925 (ഡി) 1938
37. ഒരു ഗ്രോസിൽ എത്ര ഡസൻ അടങ്ങിയിട്ടുണ്ട്?
(എ) 20 (ബി) 10
(സി) 24 (ഡി) 12
38. ഷെഫീൽഡ് എന്ന സ്ഥലം ഏതു വ്യവസായത്തിനാണു പ്രസിദ്ധം?
(എ) കട്ലറി (ബി) ടെക്സ്റ്റൈൽസ്
(സി) കപ്പൽ നിർമാണം (ഡി) ലെൻസുകൾ
39. താഴെപ്പറയുന്നവയിൽ ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗിക ഭാഷയല്ലാത്തത്:
(എ) സ്പാനിഷ് (ബി) അറബിക്
(സി) ജർമൻ (ഡി) ഫ്രഞ്ച്
40. 'ഹെയ്ലി നാഷണൽ പാർക്ക്' ഇപ്പോൾ അറിയപ്പെടുന്ന പേര്:
(എ) കോർബറ്റ് നാഷണൽ പാർക്ക്
(ബി) മാനസ് നാഷണൽ പാർക്ക്
(സി) ചന്ദ്രപ്രഭ നാഷണൽ പാർക്ക്
(ഡി) ഗിണ്ടി നാഷണൽ പാർക്ക്
41. ഇന്ത്യൻ അണുശക്തി കമ്മിഷന്റെ പ്രഥമ അധ്യക്ഷൻ:
(എ) വിക്രം സാരാഭായി (ബി) ഡോ.എച്ച്.ജെ.ഭാഭ
(സി) ഡോ.രാജാ രാമണ്ണ (ഡി) ഡോ.എച്ച്.എൻ.സേത്ന
42. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടാത്ത രാജ്യം
(എ) ഭൂട്ടാൻ (ബി) നേപ്പാൾ
(സി) മ്യാൻമർ (ഡി) ബംഗ്ലാദേശ്
43. ഇന്ത്യൻ സമുദ്രത്തിലെ ഏറ്റവും വലിയ ദ്വീപ്
(എ) സെയ്ഷൽസ് (ബി) ശ്രീലങ്ക
(സി) മഡഗസ്കർ (ഡി) ജപ്പാൻ
44. 'പതിനെട്ടരക്കവികൾ' ആരുടെ സദസ്സിനെയാണ് അലങ്കരിച്ചിരുന്നത്?
(എ) മാർത്താണ്ഡവർമ (ബി) മാനവിക്രമദേവൻ
(സി) ശക്തൻ തമ്പുരാൻ (ഡി) കോലത്തിരി
45. 'മേരി ഇവാൻസ്' ഏതുപേരിലാണ് പ്രസിദ്ധിയാർജിച്ചത്?



(എ) ജോർജ് ഓർവൽ (ബി) ജോർജ് ഏലിയറ്റ്
(സി) വിർജിനിയ വൂൾഫ് (ഡി) എമിലി സോള

46. സർഗാസോ കടൽ ഏതു സമുദ്രത്തിന്റെ ഭാഗമാണ്?
(എ) അത്‌ലാന്റിക് (ബി) പസഫിക്
(സി) ആർടിക് (ഡി) ഇന്ത്യൻ
47. മലബാർ സിമന്റ് ഫാക്ടറി എവിടെ സ്ഥിതി ചെയ്യുന്നു?
(എ) വാളയാർ (ബി) നാട്ടകം
(സി) നല്ലളം (ഡി) പൊന്നാനി
48. സൗരയൂഥത്തിലെ ഏറ്റവും വലിയ അംഗമേത്?
(എ) വ്യാഴം (ബി) ശനി
(സി) യുറാനസ് (ഡി) സൂര്യൻ
49. ക്രിക്കറ്റ് ബാറ്റ് നിർമ്മിക്കാൻ ഏതുമരത്തിന്റെ തടിയാണ് ഉപയോഗിക്കുന്നത്?
(എ) ആഞ്ഞിലി (ബി) തേക്ക്
(സി) വില്ലോ (ഡി) ഈട്ടി
50. അഹോരാത്രം ജാഗ്രതൈ' ഏതിന്റെ ആപ്തവാക്യമാണ്?
(എ) ഇന്ത്യൻ നേവി (ബി) ഇന്ത്യൻ വായുസേന
(സി) എൻ.സി.സി. (ഡി) റെഡ് ക്രോസ്
51. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന അവസരങ്ങളിൽ ഒരിന്ത്യൻ പൗരന് ഹൈക്കോടതിയെ സമീപിക്കാവുന്നത്?
(എ) 356 (ബി) 226
(സി) 326 (ഡി) 123
52. വാസ്കോ ഡ ഗാമയെ ആദ്യം സംസ്കരിച്ച സെന്റ് ഫ്രാൻസിസ് പള്ളി എവിടെയാണ്?
(എ) കൊടുങ്ങല്ലൂർ (ബി) ഫോർട്ട് കൊച്ചി
(സി) കാപ്പാട് (ഡി) അഞ്ചുതെങ്ങ്
53. ലോകത്തിലെ ഏറ്റവും വലിയ കായിക മാമാങ്കം എന്നറിയപ്പെടുന്നത്:
(എ) ഒളിമ്പിക്സ് (ബി) കോമൺവെൽത്ത് ഗെയിംസ്
(സി) ഏഷ്യൻ ഗെയിംസ്
(ഡി) ആഫ്രോ-ഏഷ്യൻ ഗെയിംസ്
54. 'മലയാളം' ഏതുഭാഷാഗോത്രത്തിൽപ്പെടുന്നു?
(എ) ഇന്തോ-ആര്യൻ (ബി) സിനോ-ടിബറ്റൻ
(സി) ദ്രാവിഡം (ഡി) ഇവയൊന്നുമല്ല
55. ഏതു രോഗമാണ് 'ലുക്കീമിയ' എന്നും അറിയപ്പെടുന്നത്?
(എ) രക്താർബുദം (ബി) ക്ഷയം
(സി) കുഷ്ഠം (ഡി) എയ്ഡ്സ്
56. 'ശകാരി' എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്നത്:
(എ) ചന്ദ്രഗുപ്തൻ രണ്ടാമൻ (ബി) സമുദ്രഗുപ്തൻ
(സി) ചാണക്യൻ (ഡി) കനിഷ്കൻ
57. തിരുവിതാംകൂറിന്റെ പ്രതിനിധികളായി എത്രപേരാണ് കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ ഉണ്ടായിരുന്നത്?
(എ) 6 (ബി) 7
(സി) 9 (ഡി) 12
58. ഭരണഘടനയുടെ എത്രാമത്തെ അനുച്ഛേദമാണ് 'സംസ്ഥാനങ്ങളുടെ ഒരു യൂണിയനാണ് ഇന്ത്യ' എന്നു പ്രസ്താവിക്കുന്നത്?
(എ) ഒന്ന് (ബി) മൂന്ന്
(സി) ഏഴ് (ഡി) പത്ത്
59. 'വേഴ്സായ് ഉടമ്പടി' പ്രകാരം അവസാനിച്ച യുദ്ധമേത്?
(എ) ഒന്നാം ലോകയുദ്ധം (ബി) രണ്ടാം ലോകയുദ്ധം
(സി) കൊറിയൻ യുദ്ധം (ഡി) കറപ്പുയുദ്ധം
60. ഇന്ത്യയിൽ ധരാതലീയ ഭൂപടം നിർമിക്കുന്ന ഏജൻസി:
(എ) ഇന്ത്യൻ മെറ്റിരിയോളജിക്കൽ വകുപ്പ്
(ബി) സർവേ ഓഫ് ഇന്ത്യ
(സി) ദേശീയ വിദൂര സംവേദന ഏജൻസി
(ഡി) ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ
61. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ നിലവിൽവന്ന ആദ്യ സംസ്ഥാനം:
(എ) മദ്രാസ് (ബി) കശ്മീർ
(സി) തിരു-കൊച്ചി (ഡി) ആന്ധ്ര
62. ഇന്ത്യയിൽ ഫ്രഞ്ചുകാരുടെ സാമ്രാജ്യമോഹങ്ങൾക്ക് അന്ത്യം കുറിച്ച യുദ്ധമേത്?
(എ) 1757-ലെ പ്ലാസി യുദ്ധം
(ബി) 1764-ലെ ബക്സർ യുദ്ധം
(സി) 1760-ലെ വാണ്ടിവാഷ് യുദ്ധം
(ഡി) മൂന്നാം പാനിപ്പട്ടു യുദ്ധം(1761)
63. 'സൂഫി വിഭാഗം' ഏതുമതത്തിലാണ് രൂപം കൊണ്ടത്?
(എ) ക്രിസ്തുമതം (ബി) ഹിന്ദുമതം
(സി) പാഴ്സിമതം (ഡി) ഇസ്ലാം
64. നിരാഹാരസമരമനുഷ്ഠിച്ച് ജയിലിൽ മരണമടഞ്ഞ സ്വാതന്ത്ര്യസമരസേനാനിയാണ്:
(എ) ഭഗത്‌സിങ് (ബി) ബിപിൻ ചന്ദ്രപാൽ
(സി) ജതിൻദാസ് (ഡി) അജിത്‌സിങ്
65. മുഗൾ ഭരണകാലത്തെ ഔദ്യോഗിക ഭാഷ:
(എ) പേർഷ്യൻ (ബി) തുർക്കി
(സി) ഉർദു (ഡി) അറബി
66. ഏതു പ്രക്രിയയിലൂടെയാണ് സൂര്യനിൽ ഊർജം ഉല്പാദിപ്പിക്കപ്പെടുന്നത്?
(എ) ന്യൂക്ലിയർ ഫ്യൂഷൻ (ബി) ന്യൂക്ലിയർ ഫിഷൻ
(സി) അയണൈസേഷൻ (ഡി) ഓക്സിഡേഷൻ
67. 'രാജ്യം നിങ്ങൾക്കുവേണ്ടി എന്തുചെയ്യും എന്നല്ല, രാജ്യത്തിനുവേണ്ടി നിങ്ങൾക്ക് എന്തുചെയ്യാനാവും എന്നാണ് ചിന്തിക്കേണ്ടത്' ഇപ്രകാരം പറഞ്ഞ അമേരിക്കൻ പ്രസിഡന്റ്:
(എ) ഫ്രാങ്ക്ളിൻ ഡി.റൂസ്‌വെൽറ്റ്
(ബി) എബ്രഹാം ലിങ്കൺ




(സി) ജോർജ് വാഷിങ്ടൺ (ഡി) ജോൺ എഫ്. കെന്നഡി
68. ജ്ഞാനപീഠജേതാവായ ഐ.എ.എസ്.ഓഫീസർ:
(എ) യു.ആർ.അനന്തമൂർത്തി (ബി) അഖിലൻ
(സി) സീതാകാന്ത് മഹാപാത്ര (ഡി) ശിവരാമകാരന്ത്
69. കാർഗിൽ യുദ്ധം നടന്ന വർഷം:
(എ) 2000 (ബി) 1998
(സി) 1997 (ഡി) 1999
70. ഇന്ത്യയിൽ മംഗളോയ്ഡ് വർഗക്കാർ കാണപ്പെടുന്നത് എവിടെയാണ്?
(എ) പഞ്ചാബ് (ബി) കശ്മീർ
(സി) ദക്ഷിണേന്ത്യ (ഡി) വടക്കു കിഴക്കൻ ഇന്ത്യ
71. ഇന്ത്യയിൽ യൂറോപ്യൻമാർ നിർമിച്ച ആദ്യത്തെ കോട്ട:
(എ) കൊച്ചിക്കോട്ട (ബി) സെന്റ് ആഞ്ജലോ കോട്ട
(സി) അഞ്ചുതെങ്ങു കോട്ട (ഡി) തലശ്ശേരിക്കോട്ട
72. 'കുറ്റിക്കാടുകളുടെ നാട്' എന്ന് പേരിനർഥമുള്ള സംസ്ഥാനം:
(എ) ജാർഖണ്ഡ് (ബി) ബീഹാർ
(സി) ഛത്തിസ്ഗഢ് (ഡി) മിസോറാം
73. 'വിസ്ഡെൻ' എന്തിനെ സംബന്ധിച്ച ആധികാരിക പ്രസിദ്ധീകരണമാണ്?
(എ) സിനിമ (ബി) ക്രിക്കറ്റ്
(സി) കാർ റേസ് (ഡി) ഫുട്ബോൾ
74. ചട്ടമ്പിസ്വാമികളുടെ യഥാർഥ പേര്:
(എ) രാമൻ പിള്ള (ബി) നാരായണപിള്ള
(സി) അയ്യപ്പൻ (ഡി) ശങ്കരൻ പിള്ള
75. അന്താരാഷ്ട്ര സ്പോർട്സ് മത്സരങ്ങളിൽ ഏതെങ്കിലും ഒരിനത്തിന് വ്യക്തിഗത ചാമ്പ്യനായ ആദ്യ ഇന്ത്യാക്കാരൻ:
(എ) ലിയാണ്ടർ പയസ് (ബി) മഹേഷ് ഭൂപതി
(സി) വിൽസൺ ജോൺസ് (ഡി) ഓം അഗർവാൾ
76. ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരം നൽകുന്നത്:
(എ) തിരഞ്ഞെടുപ്പ് കമ്മിഷൻ (ബി) പാർലമെന്റ്
(സി) രാഷ്ട്രപതി (ഡി) സുപ്രീം കോടതി
77. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം കൊളോണിയൽ ഭരണത്തിനു വിധേയമായ പ്രദേശം:
(എ) ഗോവ (ബി) യാനം
(സി) നഗർ ഹവേലി (ഡി) സൂററ്റ്
78. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചണമില്ലുകൾ ഉള്ള സംസ്ഥാനം:
(എ) ഉത്തർ പ്രദേശ് (ബി) പശ്ചിമ ബംഗാൾ
(സി) തമിഴ്നാട് (ഡി) മഹാരാഷ്ട്ര
79. 1912-ൽ 'ജനഗണമന' എന്തു ശീർഷകത്തിലാണ് 'തത്ത്വബോധിനി'യിൽ പ്രസിദ്ധീകരിച്ചത്?
(എ) പ്രഭാതഗീതം (ബി) ഭാരത് വിധാത
(സി) ഭാരതഗീതം (ഡി) വന്ദേമാതരം
80. 'ജീവൻ മശായി' എന്ന കഥാപാത്രം ആരുടെ സൃഷ്ടിയാണ്?
(എ) ബങ്കിം ചന്ദ്ര ചാറ്റർജി
(ബി) താരാശങ്കർ ബാനർജി
(സി) അമൃതാ പ്രീതം
(ഡി) വിഭൂതി ഭൂഷൺ ബന്ദോപാധ്യായ
81. എന്തിന്റെ വകഭേദമാണ് 'ചാർക്കോൾ?
(എ) കാർബൺ (ബി) ഓക്സിജൻ
(സി) ഹൈഡ്രജൻ (ഡി) ഇരുമ്പ്
82. ക്രിസ്തുമതത്തെ പ്രോത്സാഹിപ്പിച്ച ആദ്യ ചക്രവർത്തി:
(എ) തോമസ് അക്വിനസ് (ബി) കോൺസ്റ്റന്റൈൻ
(സി) ക്ലോവിസ് (ഡി) അഗസ്റ്റിൻ
83. വിൻസ്റ്റൺ ചർച്ചിൽ സാഹിത്യ നൊബേലിന് അർഹനായ വർഷം:
(എ) 1952 (ബി) 1953
(സി) 1954 (ഡി) 1955
84. 'ക്വിനൈൻ' ലഭിക്കുന്നത് ഏതു സസ്യത്തിൽ നിന്ന്?
(എ) ആടലോടകം (ബി) യൂക്കാലിപ്റ്റസ്
(സി) പൈൻ (ഡി) സിങ്കോണ
85. ഏതു ലോഹത്തിന്റെ അയിരാണ് 'സിന്നാബാർ?
(എ) മഗ്നീഷ്യം (ബി) ചെമ്പ്
(സി) മെർക്കുറി (ഡി) ഇരുമ്പ്
86. 'സീറോസിസ്' ഏതവയവത്തെയാണ് ബാധിക്കുന്നത്?
(എ) മസ്തിഷ്കം (ബി) ഹൃദയം
(സി) ത്വക്ക് (ഡി) കരൾ
87. 'ബിഗ് ബെൻ' ക്ലോക്ക് എവിടെ സ്ഥാപിച്ചിരിക്കുന്നു?
(എ) ലണ്ടൻ (ബി) പാരീസ്
(സി) ന്യൂയോർക്ക് (ഡി) ബെയ്ജിങ്
88. താഴെപ്പറയുന്നവയിൽ രാജ്യതലസ്ഥാനമായ നഗരമേത്?
(എ) ജനീവ (ബി) ബെർലിൻ
(സി) ന്യൂയോർക്ക് (ഡി) ഫ്രാങ്ക്ഫർട്ട്
89. ഇന്ത്യൻ റിപ്പബ്ലിക് ദിന ആഘോഷത്തിൽ മുഖ്യാതിഥിയായ ആദ്യ അമേരിക്കൻ പ്രസിഡന്റ്?
(എ) ബരാക് ഒബാമ (ബി) ഐസനോവർ
(സി) ജിമ്മി കാർട്ടർ (ഡി) ജോർജ് ബുഷ്
90. 'ബ്ലാക്ക് ഷർട്ട്സ്(കരിങ്കുപ്പായക്കാർ)' എന്ന സംഘടന സ്ഥാപിച്ചതാര്?
(എ) ഹിറ്റ്ലർ (ബി) സ്റ്റാലിൻ
(സി) ബെനിറ്റോ മുസ്സോളിനി (ഡി) ഗാരിബാൾഡി
91. 'ബോക്സർ കലാപം' ഏതു രാജ്യത്താണ് നടന്നത്?
(എ) ചൈന (ബി) ഇംഗ്ലണ്ട്
(സി) ജപ്പാൻ (ഡി) റഷ്യ
92. ബ്രയ്‌ൽ ലിപിയിൽ എത്ര കുത്തുകൾ ഉപയോഗിച്ചാണ് ആശയവിനിമയം സാധ്യമാക്കുന്നത്?
(എ) 8 (ബി) 6
(സി) 4 (ഡി) 7
93. 'കന്യകാറാണി' യെന്ന പേരിൽ ലോകചരിത്രത്തിൽ പ്രസിദ്ധയായത്:
(എ) ഒന്നാം എലിസബത്ത് റാണി
(ബി) രണ്ടാം എലിസബത്ത് റാണി
(സി) മേരി രാജ്ഞി (ഡി) കാതറിൻ
94. രാജ്യസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എത്ര?
(എ) 238 (ബി) 250
(സി) 245 (ഡി) 233
95. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്:
(എ) ഉമ്മൻ ചാണ്ടി (ബി) സി. അച്യുതമേനോൻ
(സി) തോമസ് ഐസക് (ഡി) കെ.എം.മാണി
96. ഡാർവിന്റെ പരിണാമ ഗവേഷണങ്ങൾക്കു വേദിയായ ദ്വീപ്:
(എ) ശ്രീലങ്ക (ബി) മഡഗാസ്കർ
(സി) ഗാലപ്പാഗോസ് (ഡി) ഗ്രീൻലാൻഡ്
97. കേരളനിയമസഭയിലെ ആദ്യത്തെ പ്രോട്ടേം സ്പീക്കർ:
(എ) അയിഷാഭായി (ബി) റോസമ്മാ പുന്നൂസ്
(സി) ശങ്കരനാരായണൻ തമ്പി (ഡി) ആർ.ശങ്കർ
98. ഹരിതഗൃഹവാതക പ്രഭാവം കാരണം ഏറ്റവും കൂടുതൽ ചൂടനുഭവപ്പെടുന്ന ഗ്രഹം:
(എ) ബുധൻ (ബി) ഭൂമി
(സി) ശുക്രൻ (ഡി) ചൊവ്വ
99. പർവതാരോഹകനായിരുന്ന എഡ്മണ്ട് ഹിലാരി ഏതു രാജ്യക്കാരനായിരുന്നു?
(എ) ന്യൂസിലൻഡ് (ബി) ഇംഗ്ലണ്ട്
(സി) നേപ്പാൾ (ഡി) ഓസ്ട്രേലിയ
100. ഇന്ത്യയിൽ ഏതിലേക്കുള്ള തിരഞ്ഞെടുപ്പാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന്റെ ചുമതലയല്ലാത്തത്?
(എ) ലോക്സഭ (ബി) നിയമസഭ
(സി) തദ്ദേശസ്വയംഭരണസ്ഥാപനം (ഡി) രാജ്യസഭ

## Answers


1 (a) 2(c) 3 (d) 4 (b) 5(c) 6(a) 7(d) 8(d) 9(c) 10(b) 11(b) 12(a) 13(a) 14(a) 15(b) 16(b) 17(b) 18(c) 19(d) 20(c)2 1 (d) 22(c) 23 (c) 24 (d) 25(b)2 6(a) 27(d) 28(d) 29(a) 30(d) 31(a) 32(b) 33(d) 34(d) 35(c)36(d)37(d) 38(a) 39(c) 40(a) 41(b) 42 (c) 43(c) 44 (b) 45(b) 46(a) 47 (a) 48(d)49(c) 50(a) 51(b) 52(b) 53(a) 54(c) 55(a) 56(a) 57(a) 58(a) 59(a) 60(b) 61(d) 62(c) 63(d)64(c) 65(a) 66(a) 67(d)68(c) 69(d) 70(d) 71(a) 72(a) 73(b) 74(c) 75(c)76(a) 77 (a) 78(b)79(b)80(b) 81(a) 82(b) 83(b) 84(d) 85(c) 86(d) 87(a) 88(b) 89(a) 90(c) 91(a) 92(b) 93(a) 94(d) 95(d) 96(c) 97(b) 98(c) 99(a) 100(c)

# രോഗങ്ങൾ

* രോഗങ്ങളെക്കുറിച്ചുള്ള പഠനമാണ് പതോളജി.
* എഡ്വേർഡ് ജന്നറാണ് രോഗപ്രതിരോധ ശാസ്ത്രത്തിന്റെ പിതാവ്.
* രോഗമില്ലാത്ത ഒരാളിൽ രോഗാണുവിന്റെതന്നെ നേർപ്പിച്ച ലായനി കുത്തിവച്ച് രോഗപ്രതിരോധശേഷി ഉണ്ടാക്കുന്ന പ്രക്രിയയാണ് വാക്സിനേഷൻ.
* പ്രതിരോധ കുത്തിവയ്പ് ആദ്യമായി കണ്ടുപിടിച്ചത് ലൂ



യി പാസ്റ്ററാണ്.
* ലൂയിസ് പാസ്റ്ററാണ് റേബീസ് വാക്സിനും കോളറ വാക്സിനും കണ്ടുപിടിച്ചത്.
* അലക്സാണ്ടർ ഫ്ളെമിംഗ് ആണ് പെനിസിലിൻ കണ്ടുപിടിച്ചത്. ആദ്യത്തെ ആന്റിബയോട്ടിക് ഔഷധമാണിത്.
* നവജാത ശിശുക്കൾക്ക് ഡി.പി.ടി. വാക്സിൻ (ട്രിപ്പിൾ ആന്റിജൻ) നൽകുന്നത് ഡിഫ്തീരിയ, വില്ലൻചുമ(പെർട്ടൂസിസ്), ടെറ്റനസ് എന്നിവ തടയാനാണ്.
* ശരീരത്തിൽ മുറിവുണ്ടായാൽ എടുക്കേണ്ട കുത്തിവയ്പാണ് ടി.ടി. (ടെറ്റനസ് ടോക്സോയിഡ്).
* വൈറസ് മൂലമുണ്ടാകുന്ന രോഗങ്ങളാണ് എയ്ഡ്സ്, ചിക്കൻ പോക്സ്, ഡെങ്കിപ്പനി, ഹെപ്പറ്റൈറ്റിസ്, ജലദോഷം, പോളിയോ, റാബീസ്, വസൂരി, മുണ്ടിനീര് (മംപ്സ്), പക്ഷിപ്പനി, പന്നിപ്പനി, ഇൻഫ്ളുവൻസ, പൊങ്ങൻപനി, സാർസ് എന്നിവ.
* വൈറസുകളെക്കുറിച്ച് ആദ്യമായി പഠനം നടത്തിയത് റഷ്യക്കാരനായ ദിമിത്രി ഇവാനോസ്കി (1892). വൈറസ് ആദ്യമായി കണ്ടെത്തിയതും പേരുനൽകിയതും ഡച്ച് മൈക്രോബയോളജിസ്റ്റായ മാർട്ടിനസ് വില്യം ബെയ്ജെറിൻക് (1898).
* ബാക്ടീരിയ മൂലമുണ്ടാകുന്ന രോഗങ്ങളാണ് ആന്ത്രാക്സ്,ബ്രോങ്കൈറ്റിസ്, ചെങ്കണ്ണ്,ഡിഫ്തീരിയ, എലിപ്പനി, ഗൊണേറിയ,കോളറ,കുഷ്ഠം,ക്ഷയം, പ്ലേഗ്,സിഫിലിസ്, ന്യൂമോണിയ,ടെറ്റനസ്, ടൈഫോയ്ഡ്,വില്ലൻചുമ എന്നിവ.
* സ്ലീപ്പിംഗ് സിക്ക്നസ്,അമീബിയാസിസ്,കല അസാർ എന്നിവയുണ്ടാകുന്നത് പ്രോട്ടോസോവ കാരണമാണ്.
* ഫംഗസ് മൂലമുണ്ടാകുന്ന രോഗങ്ങളാണ് റിംഗ് വേം, അത്‌ലറ്റ്സ് ഫുട് എന്നിവ.
* അഡ്രീനൽ ഗ്രന്ഥിയെ ബാധിക്കുന്നതാണ് അഡിസൺസ് രോഗം.
* എയ്ഡ്സ് ഒരു വൈറസ് രോഗമാണ്.
* എയ്ഡ്സിനു കാരണമാകുന്ന രോഗാണു ഹ്യൂമൻ ഇമ്യൂണോ വൈറസ് (എച്ച്.ഐ.വി.) ആണ്.
* എയ്ഡ്സ് രോഗത്തിന്റെ ടെസ്റ്റുകളാണ് എലിസയും വെസ്റ്റേൺ ബ്ളോട്ടും. എലിസ പ്രാഥമിക പരിശോധനയും വെസ്റ്റേൺ ബ്ലോട്ട് സ്ഥിരീകരണ ടെസ്റ്റുമാണ്.
* എയ്ഡ്സ് ബാധിക്കുന്നത് ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെയാണ്.
* എയ്ഡ്സ് ആദ്യമായി റിപ്പോർട്ട് ചെയ്തത് ഐക്യനാടുകളിലാണ് (1981). ഇന്ത്യയിൽ ചെന്നൈയിലാണ് ആദ്യമായി എയ്ഡ്സ് റിപ്പോർട്ട് ചെയ്തത് (1986). കേരളത്തിൽ പത്തനംതിട്ട ജില്ലയിൽ.
* ഗ്രിഡ് രോഗം (Gay Related Immune Deficiency) എന്ന് അറിയപ്പെട്ടിരുന്നത് എയ്ഡ്സ് ആണ്.
* ഇന്ത്യയിൽ നാഷണൽ എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം ആരംഭിച്ചത് 1992-ലാണ്. ഇതിന്റെ ഒന്നാം ഘട്ടം 1992-1999 കാലയളവിലും രണ്ടാം ഘട്ടം 1999-2006ലും മൂന്നാം ഘട്ടം 2007-2012-ലും നടപ്പാക്കി.
* 1992-ൽ സ്ഥാപിതമായ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ (നാകോ) ആസ്ഥാനം ന്യൂഡൽഹിയാണ്.
* എയ്ഡ്സുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടിയാണ് റെഡ് റിബൺ എക്സ്പ്രസ്.
* ലോക എയ്ഡ്സ്ദിനം ഡിസംബർ ഒന്നാണ്.
* മുടിയിലും ത്വക്കിലും നിറമില്ലാത്ത അവസ്ഥയാണ് ആൽബിനിസം. ഈ ജനിതക രോഗം അക്രോമിയ എന്നും അറിയപ്പെടുന്നു.
* അൽഷിമേഴ്സ് രോഗം (Alzheimer's disease) ബാധിക്കുന്നത് മസ്തിഷ്കത്തെയാണ്. ഇത് സ്മൃതിനാശ രോഗം എന്നുമറിയപ്പെടുന്നു.
* ലോക അൽഷിമേഴ്സ് ദിനം സെപ്തംബർ 21.
* ആഹാരത്തിൽ ഇരുമ്പിന്റെ കുറവ് മൂലമുണ്ടാകുന്ന രോഗമാണ് അനീമിയ.
* കൽക്കരി ശ്വസിക്കുന്നതുമൂലമുണ്ടാകുന്ന ശ്വാസകോശ രോഗമാണ് ആന്ത്രക്കോസിസ്. ഇത് ബ്ലാക്ക് ലങ് ഡിസീസ് എന്നും അറിയപ്പെടുന്നു.
* മൃഗങ്ങളിൽനിന്ന് മനുഷ്യരിലേക്ക് പകരുന്ന രോഗമാണ് ആന്ത്രാക്സ്. ബാസില്ലസ് ആന്ത്രാസിസ് ബാക്ടീരിയ ആണ് രോഗത്തിന് കാരണം. പ്രോഫിലാക്സിസ് എന്ന ആന്റി ബയോട്ടിക് ഈ രോഗത്തിനെതിരെ ഉപയോഗിക്കുന്നു. വൂൾ സോർട്ടേഴ്സ് ഡിസീസ് എന്നറിയപ്പെടുന്നത് ആന്ത്രാക്സ് ആണ്.
* ലോക ആസ്തമ ദിനം മെയ്മാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ചയാണ്.
* ബെറി ബെറി എന്ന അസുഖം ഉണ്ടാകുന്നത് വിറ്റാമിൻ ബി-1 (തയമിൻ) ന്റെ കുറവ്കാരണമാണ്.
* നിശ്ശബ്ദനായ കൊലയാളി എന്നറിയപ്പെടുന്നത് രക്തസമ്മർദ്ദമാണ് (Blood pressure).
* കാൻസർ നിർണയിക്കാൻ നടത്തുന്ന ടെസ്റ്റാണ് ബയോപ്സി ടെസ്റ്റ്. സ്തനാർബുദം തിരിച്ചറിയാൻ സഹായകമായ ടെസ്റ്റാണ് മാമോഗ്രഫി. ഗർഭാശയ ഗള കാൻസർ നിർണയിക്കുന്ന ടെസ്റ്റാണ് പാപ്സ്മിയർ ടെസ്റ്റ്.
* കാൻസർ വരുത്തുന്ന ജീനുകളാണ് ഓങ്കോ ജീനുകൾ. കാൻസറിനെക്കുറിച്ചുള്ള പഠനമാണ് ഓങ്കോളജി. കൊബാൾട്ട്-60 കാൻസർ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ഐസോടോപ്പാണ് .
* ത്വക്കിനെ ബാധിക്കുന്ന കാൻസറാണ് മെലനോമ.
* കാൻസർ ബാധിക്കാത്ത അവയവമാണ് ഹൃദയം.
* ലോക കാൻസർ ദിനം ഫെബ്രുവരി നാലാണ്.
* കോഴിവളർത്തൽ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നവരിൽ കാണപ്പെടുന്ന രോഗമാണ് കാർപ്പൽ ടണൽ സിൻഡ്രോം. കൈപ്പത്തിയുടെയും വിരലുകളുടെയും മരവിപ്പാണ് രോഗലക്ഷണം.
* തിമിരം (Cataract) ബാധിക്കുന്നത് കണ്ണിന്റെ ലെൻസ് എന്ന ഭാഗത്തെയാണ്.
* വേരിസെല്ലാ സോസ്റ്റർ വൈറസുണ്ടാക്കുന്ന പ്രധാന രോഗമാണ് ചിക്കൻ പോക്സ്.
* ചിക്കുൻ ഗുനിയ വൈറസ് രോഗമാണ്. വളഞ്ഞുനിൽക്കുക എന്നാണ് ചിക്കുൻ ഗുനിയ എന്ന വാക്കിനർഥം.
* താൻസാനിയയിലാണ് ചിക്കുൻ ഗുനിയ രോഗം ആദ്യ



മായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഈഡിസ് കൊതുകുകളാണ് രോഗം പരത്തുന്നത്.
* ആയുർവേദത്തിൽ വിഷൂചിക എന്നറിയപ്പെടുന്ന രോഗം കോളറയാണ്.
* ആമാശയം/ചെറുകുടൽ ആണ് കോളറ ബാധിക്കുന്ന അവയവം.
* വിബ്രിയോ കോളറെ എന്നയിനം ബാക്ടീരിയ കാരണമാണ് കോളറ ഉണ്ടാകുന്നത്.
* ഏറ്റവും കൂടുതൽ പേരെ ബാധിക്കുന്ന രോഗം ജലദോഷമാണ് (Cold). നാസോഫാരിഞ്ചൈറ്റിസ് എന്നതാണ് ഇതിന്റെ വൈദ്യശാസ്ത്രനാമം.



* റൈനോ വൈറസ് കാരണമാണ് ജലദോഷം ഉണ്ടാകുന്നത്. ഇത് ബാധിക്കുന്നത് ശ്വസന വ്യവസ്ഥയെയാണ്.
* ഏറ്റവും സാധാരണമായ വൈറസ് രോഗവും ജലദോഷമാണ്.
* പ്രാഥമിക വർണങ്ങൾ തിരിച്ചറിയാൻ സാധിക്കാത്ത ജനിതക വൈകല്യമാണ് വർണാന്ധത (Colour blindness). ഇത് ഡാൾട്ടണിസം എന്നും അറിയപ്പെടുന്നു.
* എയ്ഡ്സിനൊപ്പം നിർത്താവുന്ന രോഗമായി ലോകാരോഗ്യ സംഘടന കണക്കാക്കുന്ന രോഗമാണ് ഭ്രാന്തിപ്പശു രോഗം . 1985-ൽ ബ്രിട്ടണിലാണ് ഭ്രാന്തിപ്പശു രോഗം ആദ്യമായി കണ്ടെത്തിയത്. മാംസം ചേർത്ത കാലിത്തീറ്റ ഭക്ഷിക്കുന്ന കന്നുകാലികളിൽ ഈ രോഗാണു കാണപ്പെടുന്നു. തലച്ചോറിന്റെയും നട്ടെല്ലിന്റെയും അവശിഷ്ടങ്ങളിൽക്കൂടിയാണ് രോഗം പകരുന്നത്. ഭ്രാന്തിപ്പശു രോഗ (Mad Cow Disease)ത്തോട് വളരെ അടുത്തു ബന്ധമുള്ള രോഗമാണ് മനുഷ്യരിൽ കാണപ്പെടുന്ന ക്രൂസ് ഫെൽറ്റ്-ജേക്കബ്ബ് രോഗം. 1920-കളിൽ രോഗത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്ത ഡോ.ഹാൻസ് ജെറാഡ് ക്രൂസ് ഫെൽറ്റിന്റെയും ഡോ.അൽഫോൻസ് ജേക്കബ്ബിന്റെയും പേരാണ് രോഗത്തിനിട്ടിരിക്കുന്നത്. ഇതിന്റെ പുതിയ വേരിയന്റാണ് ബ്രിട്ടണിൽ കണ്ടെത്തിയത്.
* ബ്രേക്ക് ബോൺ ഡിസീസ് എന്നറിയപ്പെടുന്നത് ഡെങ്കിപ്പനിയാണ്.
* ഡെങ്കിപ്പനി ബാധിക്കുന്ന അവയവം പ്ലീഹയാണ്.
* ഡെങ്കിപ്പനിക്ക് കാരണം ഡെങ്കി വൈറസാണ്. ഈഡിസ് ഈജിപ്തി എന്നയിനം കൊതുകാണ് പരത്തുന്നത്.
* ഡെങ്കിപ്പനി സ്ഥിരീകരിക്കാൻ നടത്തുന്ന ടെസ്റ്റാണ് ടൂർണിക്കറ്റ് ടെസ്റ്റ്.
* പ്ലേറ്റ്ലെറ്റുകളുടെ എണ്ണത്തിൽ കുറവ്, താഴ്ന്ന രക്ത സമ്മർദ്ദം എന്നിവ ഡെങ്കിപ്പനിയുടെ രോഗ ലക്ഷണങ്ങളാണ്.
* ഇൻസുലിന്റെ കുറവ് മൂലമുണ്ടാകുന്ന രോഗമാണ് ഡയബറ്റിസ് മെലിറ്റസ്.
* ലോക ഡയബറ്റിസ് ദിനം നവംബർ 14 ആണ്.
* ഓറൽ റീഹൈഡ്രേഷൻ തെറാപ്പി അതിസാര (diarrhoea)ത്തിനുള്ളതാണ്
* തൊണ്ടമുള്ള് എന്നറിയപ്പെടുന്നത് ഡിഫ്തീരിയയാണ്. ഷിക്ക് ടെസ്റ്റ് നടത്തുന്നത് ഡിഫ്തീരിയ നിർണയിക്കാനാണ്.
* കൊറൈൻ ബാക്ടീരിയം ഡിഫ്തീരിയേ കാരണമാണ് ഡിഫ്തീരിയ ഉണ്ടാകുന്നത്.



* ഡിഫ്തീരിയ ബാധിക്കുന്ന ശരീരഭാഗം തൊണ്ടയാണ്.
* ആന്റി ടോക്സിനും ആന്റി ബയോട്ടിക്കുകളുമാണ് ഡിഫ്തീരിയയുടെ ചികിത്സയ്ക്ക് ഉപയോഗിക്കുന്നത്.
* എക്സിമ രോഗം ബാധിക്കുന്നത് ത്വക്കിനെയാണ്.
* ഡൈ ഈഥൈൽ ഡൈ കാർബാമസിൻ സിട്രേറ്റ് (ഡിഇസി) മരുന്ന് (Elephantiasis) രോഗത്തിന്റെ പ്രതിരോധ മരുന്നാണ് .
* ജനനേന്ദ്രിയത്തെ ബാധിക്കുന്ന രോഗമാണ് ഗോണേറിയ. നെയ്സെറിയ ഗോണോറിയേ (Neisseria gonorrhoeae) എന്ന ബാക്ടീരിയയാണ് രോഗകാരി.
* ജിൻജിവൈറ്റിസ് ബാധിക്കുന്നത് മോണയെയാണ്.
* ബ്ലീഡേഴ്സ് ഡിസീസ് എന്നറിയപ്പെടുന്നത് ഹീമോഫീലിയയാണ്. ബ്രിട്ടീഷ് രാജകുടുംബാംഗങ്ങളിൽ കാണപ്പെടുന്നതിനാൽ റോയൽ ഡിസീസ് എന്നും ഈ ജനിതക രോഗം അറിയപ്പെടുന്നു.
* ലോക ഹീമോഫീലിയ ദിനം ഏപ്രിൽ 17 ആണ്.
* കരളിനെ ബാധിക്കുന്ന രോഗമാണ് ഹെപ്പറ്റൈറ്റിസ്. ഹെപ്പറ്റൈറ്റിസിനു കാരണമാകുന്ന രോഗാണു എ,ബി,സി,ഡി, ഇ ഇനം വൈറസുകളാണ്.
* ലോക ഹെപ്പറ്റൈറ്റിസ് ദിനം ജൂലൈ 28.
* പേപ്പട്ടി വിഷബാധയാണ് ഹൈഡ്രോഫോബിയ അഥവാ ജലഭയ രോഗം എന്നറിയപ്പെടുന്നത്. നാഡീവ്യവസ്ഥയെയാണ് ബാധിക്കുന്നത്.
* ഹണ്ടിങ്സൺസ് രോഗം ബാധിക്കുന്നത് നാഡികളെയാണ്.
* എച്ച്.ഐ.ബി. വാക്സിൻ പ്രതിരോധിക്കുന്നത് ഇൻഫ്ളുവൻസയെയാണ്. ഈ രോഗത്തിന് കാരണം ബാസില്ലസ് ഹീമോഫിലിസ് എന്ന രോഗാണുവാണ്.
* പക്ഷിപ്പനിയ്ക്കു (Avian influenza or Bird Flu) കാരണം എച്ച്5 എൻ1 വൈറസാണ്.
* എച്ച്1 എൻ1 വിഭാഗത്തിലുള്ള വൈറസ്മൂലമുണ്ടാകുന്ന രോഗമാണ് പന്നിപ്പനി (Swine influenza or Pig Flu).
* ഇതായ്-ഇതായ് രോഗത്തിനു കാരണം കാഡ്മിയമാണ്. ജപ്പാനിലാണ് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടത്. മലനിരകളിൽ ഖനനം നടത്തിയ കമ്പനികൾ നദികളിലേക്ക് വിട്ട കാഡ്മിയമാണ് രോഗമുണ്ടാക്കിയത്. അസ്ഥികൾ മൃദുവാകുന്നതും വൃക്കകളുടെ പ്രവർത്തനം തകരാറിലാകുന്നതുമാണ് രോഗലക്ഷണങ്ങൾ.
* ആന്തരാവയവങ്ങളെ ബാധിക്കുന്ന അസുഖമായ ജപ്പാൻ ജ്വരം പകർത്തുന്നത് ക്യൂലക്സ് കൊതുകുകളാണ്.
* ബിലിറൂബിൻ ടെസ്റ്റിലൂടെ നിർണയിക്കുന്ന രോഗമാണ് മഞ്ഞപ്പിത്തം. മഞ്ഞപ്പിത്തത്തിനെതിരെ ഉപയോഗിക്കുന്ന ഔഷധസസ്യമാണ് കീഴാർനെല്ലി.
* ലെപ്രോമിൻ ടെസ്റ്റ് കുഷ്ഠരോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു.
* ഹിസ്റ്റാമിൻ ടെസ്റ്റിലൂടെ നിർണയിക്കുന്ന രോഗമാണ് കുഷ്ഠം.
* പകർച്ച വ്യാധികളിൽ ഏറ്റവും കുറഞ്ഞ പകർച്ചാ സാധ്യതയുള്ള രോഗമാണ് കുഷ്ഠം.
* കുഷ്ഠത്തിന്റെ മറ്റൊരു പേരാണ് ഹാൻസൺസ് രോഗം.
* കുഷ്ഠം ബാധിക്കുന്നത് നാഡീവ്യവസ്ഥയെയാണ്- പ്രത്യേകിച്ച് ത്വക്കിനെയും ഉപരിഭാഗത്തുള്ള നാഡികളെയും.
* സ്ട്രെപ്റ്റോമൈസിൻ കുഷ്ഠത്തിനെതിരെ ഉപയോഗിക്കുന്ന ഒരു ആന്റിബയോട്ടിക് ആണ്.
* ലോക കുഷ്ഠരോഗ നിവാരണദിനം ജനുവരി 30.
* എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് ഉണ്ടാക്കുന്നത് ലെപ്റ്റോസ്പൈറ എന്ന ബാക്ടീരിയയാണ്.
* വീൽസ് ഡിസീസ് എന്നറിയപ്പെടുന്നത് എലിപ്പനിയാണ്. ബ്ലാക്ക് ജോണ്ടിസ് എന്നും വിളിക്കപ്പെട്ട ഈ രോഗത്തിന് ജപ്പാനിൽ നാനുകയാമി പനി (nanukayami fever) എന്ന പേരുമുണ്ട്. 7-ഡേ ഫിവർ, ഹാർവെസ്റ്റ് ഫിവർ, റാറ്റ് ക്യാച്ചേഴ്സ് യെല്ലോസ് എന്നീ പേരുകളും ഈ രോഗത്തിനുണ്ട്.
* കരൾ/പ്ലീഹയാണ് എലിപ്പനി ബാധിക്കുന്ന അവയവം.
* ലെപ്റ്റോസ്പൈറ എന്ന ഇനം ബാക്ടീരിയയാണ് രോഗകാരി. രോഗാണു ഉള്ള ജലവുമായോ മണ്ണുമായോ ഉള്ള സമ്പർക്കം വഴി രോഗം പകരാം. എലി, റാക്കൂൺ, ഒപ്പോസം, കുറുക്കൻ എന്നീ മൃഗങ്ങൾ ഈ രോഗം മനുഷ്യരിലേക്ക് പകരുന്നതിന് കാരണമാകുന്നു.
* ലുക്കീമിയയുടെ മറ്റൊരു പേരാണ് രക്താർബുദം.
* വിശപ്പിന്റെ രോഗം, പട്ടിണി രോഗം എന്നീ പേരുകളിൽ അറിയപ്പെടുന്നത് മരാസ്മസ്.
* മലേറിയയാണ് ചതുപ്പുരോഗം എന്നറിയപ്പെടുന്നത്.
* മലേറിയ രോഗത്തെ പ്രതിരോധിക്കാനുപയോഗിക്കുന്ന ഔഷധങ്ങളാണ് ക്ലോറോക്വിൻ, പ്രൈമാക്വിൻ എന്നിവ.
* 'Ague' എന്ന പേരിൽ അറിയപ്പെടുന്ന രോഗം മലേറിയയാണ്.
* ശരീരത്തിലെ പ്ലീഹയെ ആണ് മലേറിയ ബാധിക്കുന്നത്.
* റൊണാൾഡ് റോസ് ആണ് മലേറിയയ്ക്ക് പ്രതിവിധി കണ്ടെത്തിയത്.
* അനോഫിലസ് പെൺകൊതുകാണ് മലേറിയ പരത്തുന്നത്.
* മലേറിയയുടെ ഒരു സങ്കീർണരൂപമാണ് ബ്ലാക്ക്‌വാട്ടർ ഫിവർ (ഹീമോഗ്ലോബിനൂറിയ).
* ഏപ്രിൽ 25 ആണ് ലോക മലേറിയ ദിനം.
* മങ്ങിയ വെളിച്ചത്തിൽ കാഴ്ചശക്തി കുറഞ്ഞുപോകുന്ന രോഗമാണ് മാലക്കണ്ണ്.
* റോസ് ബംഗാൾ ടെസ്റ്റ് നടത്തുന്നത് മാലക്കണ്ണ് നിർണയിക്കാനാണ്.
* മെലനോമ എന്ന കാൻസർ ബാധിക്കുന്നത് ത്വക്കിനെയാണ്.
* മെനിഞ്ചൈറ്റിസ് എന്ന രോഗം ബാധിക്കുന്നത് തലച്ചോറിനെയാണ്.
* വ്യവസായ മലിനീകരണത്തിന്റെ ഫലമായുണ്ടായ മാർജാര നൃത്തരോഗം (മിനമാതാ രോഗം) ആദ്യമായി കണ്ടത് ജപ്പാനിലാണ്. മെർക്കുറിയാണ് രോഗകാരണം.
* കേന്ദ്ര നാഡി വ്യവസ്ഥയുടെ ന്യൂനതമൂലം ചലനശേഷിയെ ബാധിക്കുന്ന അസുഖമാണ് പാർക്കിൻസൺസ്. ഷേക്കിങ് പാൾസി എന്ന പേരിലും ഈ രോഗം അറിയപ്പെടുന്നു.



* ലോക പാർക്കിൻസൺസ് ദിനം ഏപ്രിൽ പതിനൊന്നാണ്.
* പെർട്ടുസിസ് എന്നറിയപ്പെടുന്നത് വില്ലൻചുമ (Whooping Cough)യാണ്.
* ശ്വസന വ്യവസ്ഥയെയാണ് വില്ലൻ ചുമ ബാധിക്കുന്നത്.
* ബോർഡെറ്റെല്ല പെർട്ടുസിസ് എന്ന ബാക്ടീരിയ ആണ് വില്ലൻ ചുമയുടെ രോഗകാരി.
* ഡി.പി.ടി. (ഡിഫ്തീരിയ-പെർട്ടുസിസ്-ടെറ്റനസ്) അഥവാ ട്രിപ്പിൾ വാക്സിൻ മുഖേനയാണ് വില്ലൻചുമയെ പ്രതിരോധിക്കുന്നത്.
* കറുത്ത മരണം എന്നറിയപ്പെടുന്നത് പ്ലേഗാണ്.
* പ്ലേഗിനു കാരണമായ രോഗാണുവാണ് യെർസിനിയ പെസ്റ്റിസ്. എലിച്ചെള്ളാണ് പ്ലേഗിന്റെ രോഗാണു വാഹകൻ.
* പ്ലേഗ് ബാധിക്കുന്ന അവയവം ശ്വാസകോശമാണ്.
* ഇൻഫന്റൈൽ പാരലിസിസ് എന്ന പേരിൽ അറിയപ്പെടുന്ന അസുഖമാണ് പോളിയോ. നാഡീവ്യവസ്ഥയെ ബാധിക്കുന്ന അസുഖമാണിത്. പോളിയോ വൈറസ് കാരണമാണ് രോഗമുണ്ടാകുന്നത്.
* പോളിയോ വാക്സിൻ കണ്ടുപിടിച്ചത് ജോനാസ് ഇ.സാൽക്ക്. ഓറൽ പോളിയോ വാക്സിൻ കണ്ടുപിടിച്ചത് ആൽബർട്ട് സാബിൻ.
* ലോക പോളിയോ ദിനം ഒക്ടോബർ 24.
* അമിത ദാഹമാണ് പോളിഡിപ്സിയ.
* ജനനേന്ദ്രിയത്തെ ബാധിക്കുന്ന രോഗമാണ് സിഫിലിസ്.
* ട്രിപ്പോനിമ പല്ലിഡിയം എന്ന ബാക്ടീരിയയാണ് സിഫിലിസിന് കാരണം.
* വാസർമാൻ ടെസ്റ്റ് നടത്തുന്നത് സിഫിലിസ് നിർണയിക്കാനാണ്.
* വിഡിആർഎൽ ടെസ്റ്റ് (venereal disease research laboratory) വഴിയും സിഫിലിസ് നിർണയിക്കുന്നു.
* പറങ്കിപ്പുണ്ണ് എന്നറിയപ്പെടുന്നത് സിഫിലിസാണ്.
* സോറിയാസിസ് ബാധിക്കുന്നത് ത്വക്കിനെയാണ്.
* പയോറിയ (പിരിയോഡോണ്ടിറ്റിസ്) ബാധിക്കുന്നത് മോണയെയാണ്.
* Severe Acute Respiratory Syndrome എന്നാണ് സാർസിന്റെ പൂർണരൂപം.
* സാർസ് എന്ന വൈറസ് രോഗം പിറവിയെടുത്തത് ചൈനയിലെ ഗ്വാങ്ദോങ് പ്രവിശ്യയിലാണ് (2002). ഇന്ത്യയിൽ ആദ്യമായി സാർസ് രോഗം റിപ്പോർട്ട് ചെയ്തത് ഗോവയിലാണ് (2003).
* കൊറോണ വൈറസാണ് സാർസിന്റെ രോഗകാരി. വായുവിലൂടെയാണ് രോഗം പകരുന്ന ഈ രോഗം ബാധിക്കുന്നത് ശ്വസന വ്യവസ്ഥയെയാണ്.
* കില്ലർ ന്യൂമോണിയ എന്ന അപരനാമം സാർസിനുണ്ട്.
* സ്കർവി എന്ന രോഗം ബാധിക്കുന്നത് ത്വക്കിനെയാണ്. നാവികരുടെ പ്ലേഗ് എന്നറിയപ്പെടുന്നത് ഈ രോഗമാണ്.
* സിലിക്കോസിസ് ബാധിക്കുന്നത് ശ്വാസകോശത്തെയാണ്. പാറമടകളിൽ പണിയെടുക്കുന്നവർക്ക് ഈ അസുഖം വരാറുണ്ട്. ഗ്രൈൻഡേഴ്സ് ആസ്തമ എന്ന പേരിലും ഈ രോഗം അറിയപ്പെടുന്നു.
* വേരിയോള വൈറസാണ് വസൂരി (Small Pox)യുണ്ടാക്കുന്നത്.
* ടെറ്റനസ് രോഗത്തിന്റെ ലക്ഷണമാണ് വായ തുറക്കാൻ പറ്റാത്ത അവസ്ഥ അഥവാ lock jaw. അതിനാൽ ഈ രോഗം ലോക്ക് ജാ ഡിസീസ് എന്നും അറിയപ്പെടുന്നു.
* കുതിര സന്നി എന്ന് പരാമർശിക്കപ്പെടുന്ന അസുഖം ടെറ്റനസ് ആണ്. സന്ധികളെയും പേശികളെയുമാണ് ഇത് ബാധിക്കുന്നത്.
* ക്ലോസ്ട്രിഡിയം ടെറ്റനി എന്ന ബാക്ടീരിയയാണ് ടെറ്റനസിന്റെ രോഗാണു. ശരീരത്തിലുണ്ടാകുന്ന മുറിവിലൂടെയാണ് രോഗാണു അകത്ത് പ്രവേശിക്കുന്നത്.
* രക്തത്തിൽ കാൽസ്യത്തിന്റെ അളവ് കുറയുന്നതുമൂലമുണ്ടാകുന്ന രോഗമാണ് ടെറ്റനി.
* കണ്ണിനെ ബാധിക്കുന്ന അസുഖമാണ് ട്രക്കോമ.
* രോഗങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നത് ക്ഷയ (Tuberculosis)മാണ്.
* വൈറ്റ് പ്ലേഗ്, കോക്ക് ഡിസീസ് എന്നീ അപരനാമങ്ങളിലും ക്ഷയം അറിയപ്പെടുന്നു.
* മൈക്രോബാക്ടീരിയം ട്യൂബർക്കുലോസിസ് എന്ന ബാക്ടീരിയയാണ് ക്ഷയരോഗത്തിനു കാരണം.
* ക്ഷയം ബാധിക്കുന്ന ശരീരഭാഗം ശ്വാസകോശമാണ്.
* ലോക ക്ഷയരോഗദിനം മാർച്ച് 24.
* ഏറ്റവും കൂടുതൽ ക്ഷയരോഗികളുള്ള രാജ്യം ഇന്ത്യയാണ്.
* ക്ഷയരോഗത്തിനെതിരായ കുത്തിവയ്പാണ് ബി.സി.ജി.
* ബാസില്ലസ് കാൽമെറ്റ് ഗ്വറിൻ എന്നാണ് ബി.സി.ജിയുടെ പൂർണരൂപം. കാൽമെറ്റ് ഗ്വാറിൻ ആണ് ബി.സി.ജി. കണ്ടുപിടിച്ചത്.
* മാൻടോക്സ് ടെസ്റ്റ്, ടൈൻ ടെസ്റ്റ്,ഡോട്സ് ടെസ്റ്റ് എന്നിവ നടത്തുന്നത് ക്ഷയരോഗം സ്ഥിരീകരിക്കാനാണ്. ഡയറക്ട്ലി ഒബ്സർവ്ഡ് ട്രീറ്റ്മെന്റ് ഷോർട്ട് കോഴ്സ് എന്നാണ് ഡോട്സിന്റെ പൂർണരൂപം.
* എന്ററിക് ഫിവർ, ജ്വരം എന്നീ പേരുകളിൽ അറിയപ്പെടുന്ന രോഗമാണ് ടൈഫോയ്ഡ്. സാൽമൊണല്ല ടൈഫി എന്ന ബാക്ടീരിയ ഇനമാണ് രോഗകാരി. രോഗം ബാധിക്കുന്നത് കുടലിനെയാണ്.
* ടൈഫോയ്ഡിന്റെ ചികിത്സയ്ക്കാണ് ക്ലോറോമൈസെറ്റിൻ ഉപയോഗിക്കുന്നത്.
* വൈഡൽ ടെസ്റ്റിലൂടെ നിർണയിക്കുന്ന രോഗമാണ് ടൈഫോയ്ഡ്.
* വൃക്കയുടെ രോഗാവസ്ഥയാണ് യുറീമിയ.
* ഹൃദയവാൽവുകൾക്ക് തകരാറുണ്ടാക്കുന്ന രോഗമാണ് വാതപ്പനി ●

1. R.N. 44588/86 Reg. No. KL/TV (N)34/2015-17
2. Licence No. for posting without pre payment - KL/TV(N)/WPP/165/2015-17

PSC BULLETIN
Fortnightly

Rupees 10
September 15, 2016




* 2016 നവംബറിൽ സാർക്ക് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കാൻ പോകുന്ന രാജ്യം- പാകിസ്താൻ
* ഏത് രാജ്യവുമായി ചേർന്നാണ് ഇന്ത്യ സൂര്യകിരൺ എന്ന സൈനിക അഭ്യാസം സംഘടിപ്പിച്ചത്- നേപ്പാൾ
* ലോകത്തെ ആദ്യത്തെ, സ്വയം ഓടുന്ന ടാക്സി നടപ്പിലാക്കിയത് എവിടെ-സിംഗപ്പൂർ
* 2015-16 ലെ യുവേഫ ബെസ്റ്റ് പ്ലെയർ ഇൻ യൂറോപ്പ് അവാർഡിന് അർഹനായത്



– ക്രിസ്റ്റ്യാനോ റൊണാൾഡോ
* ദക്ഷിണേന്ത്യയിലെ ആദ്യത്തെ ചിൽഡ്രൻസ് കോർട്ട് സ്ഥാപിച്ചതെവിടെ- ഹൈദരാബാദ് (തെലങ്കാന)
* ഒരു ഗ്രാമത്തിന് ഒരു വിള എന്ന പദ്ധതി ആരംഭിച്ച സംസ്ഥാനം- സിക്കിം
* ദീർഘകാലം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഗവർണറായി പ്രവർത്തിച്ച ഒരു നേതാവ് ഈയിടെ അന്തരിച്ചു. പേര്- എ.ആർ.കിദ്വായ്
* ഹരിയാനയിൽ ബേഠി ബച്ചാവോ ബേഠി പഠാവോ കാമ്പയിനിന്റെ ബ്രാൻഡ് അംബാസഡറായി നിയമിതയായത്- സാക്ഷി മാലിക്
* 2016-ലെ ലോക പരിസ്ഥിതി ദിനത്തിന്റെ പ്രമാണവാക്യം- ഗോ ഫോർ വൈൽഡ് ലൈഫ്
* ക്രിമിനലുകളുടെ ഡിഎൻഎ പ്രൊഫൈൽ ഉൾപ്പെടുത്തി ഡിഎൻഎ ഇൻഡക്സ് സിസ്റ്റം ആവിഷ്കരിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം- ആന്ധ്ര പ്രദേശ്
* 2016-ലെ കബഡി ലോകകപ്പ് ഏത് സംസ്ഥാനത്താണ് നടക്കാൻ പോകുന്നത്- ഗുജറാത്ത്
* ഏത് രാജ്യവുമായി ചേർന്നാണ് ഇന്ത്യ ഗരുഡശക്തി എന്ന സൈനിക അഭ്യാസം നടത്തിയത്- ഇന്തോനിഷ്യ
* ആഭ്യന്തര സുരക്ഷയ്ക്കായി സ്വന്തമായി നിയമനിർമാണം നടത്തുന്നതിന് ബിൽ തയ്യാറാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം- മഹാരാഷ്ട്ര
* 2015-ലെ വ്യാസ് സമ്മാനത്തിന് അർഹയായത്- സുനിത ജയിൻ
* വ്യാസ് സമ്മാനത്തിന്റെ പുരസ്കാരത്തുക- 2.5 ലക്ഷം
* ഏത് വർഷമാണ് വ്യാസ് സമ്മാനം ഏർപ്പെടുത്തിയത്- 1991
* മുംബൈ ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസ്- മഞ്ജുള ചെല്ലൂർ
* ജയ്താപൂർ ആണവനിലയവുമായി സഹകരിക്കുന്ന രാജ്യം- ഫ്രാൻസ്
* 2016-ലെ രാജീവ് ഗാന്ധി ഖേൽ രത്ന അവാർഡിന് അർഹരായവർ- സാക്ഷി മാലിക്, പി.വി.സിന്ധു, ദീപ കർമാകർ, ജിതു റായ്
* ജിതു റായ് ഏത് സ്പോർട്സുമായി ബന്ധപ്പെട്ടിരിക്കുന്നു- ഷൂട്ടിങ്
* ഏകദിന ക്രിക്കറ്റിൽ അരങ്ങേറ്റത്തിൽത്തന്നെ സെഞ്ചുറി നേടിയ ആദ്യ ഇന്ത്യക്കാ



രൻ- ലോകേഷ് രാഹുൽ
* ലോക ബാങ്ക് പ്രസിഡന്റ്- കിം യോങ് കിം
* തമിഴ്നാട്ടിൽ ആക്ടിങ് ഗവർണറായത് - സി വിദ്യാസാഗർ റാവു (മഹാരാഷ്ട്ര ഗവർണർ)
* എ.കെ.സിൻഹ കമ്മിറ്റി പഠനം നടത്തുന്നത് ഏത് നദിയെ സംബന്ധിച്ചാണ്- ഗംഗ
* സ്കോർപീൻ അന്തർവാഹിനി സംബന്ധമായ രേഖകൾ പുറത്തുവിട്ട വിദേശപത്രം - ദി ഓസ്ട്രേലിയൻ
* ഏതു രാജ്യത്തിന്റെ സഹായത്തോടെയാണ് സ്കോർപീൻ അന്തർവാഹിനി നിർമിക്കുന്നത്- ഫ്രാൻസ്
* ലോകത്തെ ഏറ്റവും വലിയ നദീദ്വീപായി ഗിന്നസ് ബുക്കിൽ സ്ഥാനം നേടിയത്- മജുലി (അസം)
* ഏത് നദിയിലാണ് മജുലി- ബ്രഹ്മപുത്ര
* ആദ്യത്തെ ബ്രിക്സ് ഫിലിം ഫെസ്റ്റിവലിന് വേദിയായത്-ന്യൂഡെൽഹി
* ഏത് കപ്പൽപാതയാണ് വീതികൂട്ടി വീണ്ടും ഗതാഗതത്തിന് തുറന്നുകൊടുത്തത്- പാനമ
* കഴിഞ്ഞ നൂറ്റാണ്ടിൽ വസൂരി നിർമാർജനം ചെയ്യുന്നതിനുള്ള ലോകാരോഗ്യസംഘടനയുടെ പ്രതിരോധ ദൗത്യം നയിച്ച വ്യക്തി അടുത്തിടെ അന്തരിച്ചു. പേര് -ഡൊണാൾഡ് എ.ഹെൻഡേഴ്സൺ
* ലോകത്തിലെ ഏറ്റവും സമ്പന്നനായ വ്യക്തി- ബിൽ ഗേറ്റ്സ്
* ബ്രിക്സ് സംഘടനയുടെ ടൂറിസം സംബന്ധമായ കൺവെൻഷൻ നടന്നത് ഏത് സംസ്ഥാനത്ത് വച്ചാണ്- മധ്യപ്രദേശ്
* ലോകത്തിലെ ഏറ്റവും വിലയേറിയ വീട്- ഫ്രാൻസിലെ ലിസെദോർ
* ഉജാല സ്കീം പ്രകാരം രണ്ടു കോടി എൽഇഡി ബൾബുകൾ വിതരണം ചെയ്ത ആദ്യ ഇന്ത്യൻ സംസ്ഥാനം- ഗുജറാത്ത്
* സിആർപിഎഫിന്റെ ബ്രാൻഡ് അംബാസഡറായി നിയമിതയായ ഒളിമ്പ്യൻ-പി.വി.സിന്ധു
* ലണ്ടൻ ഒളിമ്പിക്സിൽ ലഭിച്ച ബ്രോൺസ് മെഡൽ, എതിരാളി ഉത്തേജകമരുന്ന് പരിശോധനയിൽ പരാജയപ്പെട്ടതിനെത്തുടർന്ന്, വെള്ളിമെഡലായി ഉയർത്തപ്പെട്ട ഇന്ത്യൻ ഒളിമ്പ്യൻ-യോഗേശ്വർ ദത്ത്



* ശ്രീനാരായണഗുരു ജയന്തി ആഘോഷിക്കാൻ തീരുമാനിച്ച അയൽ സംസ്ഥാനം - കർണാടകം
* 2015-ലെ സരസ്വതി സമ്മാനത്തിന് അർഹയായത്- പദ്മ സച്ച്ദേവ്
* വെള്ളക്കടുവകൾക്ക് സഫാരി പാർക്ക് ആരംഭിച്ച മധ്യപ്രദേശിലെ സ്ഥലം- മുകുന്ദ്പൂർ
* ആണവപരീക്ഷണങ്ങൾക്കെതിരെയുള്ള അന്താരാഷ്ട്ര ദിനം- ഓഗസ്റ്റ് 29
* കേരള ഹൈക്കോടതിയിൽ ആക്ടിങ് ചീഫ് ജസ്റ്റിസായ ആദ്യ മലയാളി ഈയിടെ അന്തരിച്ചു. പേര്- ജസ്റ്റിസ് (റിട്ട.) ജി. രാജശേഖരൻ
* ഏത് രാഷ്ട്രീയ കക്ഷിക്കാണ് ദേശീയ പാർട്ടി എന്ന പദവി നൽകാൻ ഈയിടെ തിരഞ്ഞെടുപ്പ് കമ്മിഷൻ തീരുമാനിച്ചത് - തൃണമൂൽ കോൺഗ്രസ്
* അഴിമതി ആരോപണങ്ങളുടെപേരിൽ പുറത്താക്കപ്പെട്ട ബ്രസിൽ പ്രസിഡന്റ്- ദിൽമ റുസഫ്
* ഈയിടെ അന്തരിച്ച 2008-ലെ രസതന്ത്ര നൊബേൽ ജേതാവ് റോജർ സീൻ ഏത് രാജ്യക്കാരനാണ്- യുഎസ്എ
* മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാ



പിച്ച തീയതി-2016 സെപ്തംബർ 4
* അറുപത് വയസ്സ് കഴിഞ്ഞവർക്ക് സർക്കാർ ചെലവിൽ തീർഥാടന സൗകര്യം ഏർപ്പെടുത്താൻ തീരുമാനിച്ച സംസ്ഥാനം- ജാർഖണ്ഡ്
* മുഖ്യമന്ത്രി വഹിച്ചിരുന്ന യുവജനകാര്യ വകുപ്പിന്റെ ചുമതല ആർക്കാണ് നൽകിയത്- ഇ.പി.ജയരാജൻ ●

പിഎസ്‌സി ബുള്ളറ്റിൻ

## തപാൽവഴി വരുത്തിയാൽ 40 രൂപയുടെ ആനുകൂല്യം

- 24 ലക്കം വാങ്ങാൻ 240 രൂപ ചെലവുവരുമ്പോൾ തപാൽമാർഗം വരുത്താൻ 200 രൂപമാത്രം.
- വരിസംഖ്യ മണിയോർഡറായോ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടോ പ്രൊഫൈൽവഴി ഓൺലൈനായോ അടയ്ക്കാം.
- വരിസംഖ്യക്ക് ഡി.ഡി., ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിയോർഡർ അയയ്ക്കേണ്ട വിലാസം:

***പബ്ലിക് റിലേഷൻസ് ഓഫീസർ***
***കേരള പബ്ലിക് സർവീസ് കമ്മിഷൻ***
***പട്ടം, തിരുവനന്തപുരം-695 004***

## ഏജന്റുമാരെ ആവശ്യമുണ്ട്

- ഏജൻസി ഇല്ലാത്ത സ്ഥലങ്ങളിൽ ഏജന്റുമാരെ ആവശ്യമുണ്ട്. ലളിതമായ വ്യവസ്ഥകൾ. ആകർഷകമായ കമ്മിഷൻ. മിനിമം ഡിപ്പോസിറ്റ് 300 രൂപമാത്രം. കൊറിയർ ചാർജ് സൗജന്യം. പിഎസ്‌സി ഓഫീസുകളിലും ട്രഷറികളിലും പണമടയ്ക്കാം. ഡി.ഡി.,മണിയോർഡർ എന്നിവയും സ്വീകരിക്കും.

**ഏജൻസി അപേക്ഷയ്ക്കും**
**വിശദവിവരങ്ങൾക്കും 0471 2546270**

പിഎസ്‌സി ബുള്ളറ്റിൻ



Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Edited and Published by Saju George, Secretary Kerala Public Service Commission on behalf of Kerala Public Service Commission and Printed by him at P. Krishna Pillai Memorial Printing & Publishing Co. Pvt. Ltd, Thiruvananthapuram.